# സത്യദൂതൻ

2017 ആഗസ്റ്റ് | ലക്കം 8

വില ₹ 30



## ആണവ ദുരന്തം

## ആത്മീയ തരംഗ പ്രഭാവം

## യുകെ അഹ്മദിയ്യാ ആഗോള സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ

























The Sathyadoothan Monthly


لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2017 ആഗസ്റ്റ്
ഹി.ശ.1396 – സുഹൂർ
1438 ദുൽഖഅദ് – ദുൽഹജ്ജ്
പുസ്തകം 89 ലക്കം 8
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**കളവ് പറയൽ ഒരു ബിംബപൂജയാണ്**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ജൂൺ 16ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12**

**ആത്മീയ തരംഗ പ്രഭാവം**

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് (റ)

പ്രവാചകന്മാരിൽ നിന്ന് ഉരുവം കൊള്ളുന്ന ആത്മീയ തരംഗങ്ങൾ കാലദേശങ്ങൾക്കതീതമായ സ്വാധീനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. ഇരുൾ മുറ്റിയ യുഗങ്ങളെ അത് പ്രകാശവത്താക്കി മാറ്റുന്നു. ആത്മീയ സ്വാധീനങ്ങളെ കുറിച്ച് ഖലീഫത്തുൽ മസീഹ് സാനി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1919 ഫിബ്രവരി 16 ന് ലാഹോറിൽ വെച്ച് നടത്തിയ ശ്രദ്ധേയമായ ഒരു പ്രഭാഷണത്തിന്റെ വിവർത്തനം.

**18**

**ആണവ ദുരന്തം**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**25**

**നമസ്ക്കാരം എന്താണെന്നറിയുക**

ഹദ്റത്ത് അഹ്മദ്(അ)

**29**

**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ – 10**

ഇബ്നു വഫ കോഴിക്കോട്

**35**

കവിത

**വിശ്വാസിയുടെ പ്രാർഥന**

എം. എ. സമദ്

**36**

**സിക്കാ വൈറസ് മാരകമായൊരു രോഗകാരി**

ഡോ. ശാഹ്സയ്ബ് അഹ്മദ് , ലണ്ടൻ

**40**

കുറിപ്പുകൾ

**രാഷ്ട്രപതി രാംനാഥ് കോവിന്ദ്**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അങ്ങനെയല്ല അവൻ ഹുത്വമയിൽ എറിയപ്പെടുന്നതാണ്. ആ ഹുത്വമ എന്താണെന്ന് നിനക്കെന്തറിയാം. ശേഖരിക്കപ്പെട്ട ഇന്ധനം പോലെയുള്ള അല്ലാഹുവിന്റെ അഗ്നിയാണത്. പെട്ടെന്ന് ഹൃദയത്തിലേക്ക് എത്തിപ്പെടുന്ന (അഗ്നി). അവർക്കെതിരെ ഉപയോഗിക്കാനായി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടപ്പെട്ടതായിരിക്കുമത്. (വിശുദ്ധ ഖുർആൻ 104: 2-10)



## നബിവചനം

നബി(സ) ചോദിച്ചു. അഗ്നി സ്പർശിക്കാത്ത ഒരാളെ കുറിച്ചു ഞാൻ പറഞ്ഞു തരട്ടെയോ? ജനങ്ങളുമായി വളരെ അടുപ്പത്തിൽ കഴിയുന്ന ആൾക്ക് അഗ്നി ഒരു ദോഷവും വരുത്തുകയില്ല. അതായത് മറ്റുള്ളവരെ വെറുക്കാതിരിക്കുകയും അവരോട് ദയാവായ്പോടെ പെരുമാറുകയും അവരുടെ ബുദ്ധിമുട്ടുകൾ അകറ്റുകയും അവർക്ക് എളുപ്പമുണ്ടാക്കുകയും ചെയ്യുന്നവരാണവർ.

## വാഗ്ദത്ത മസീഹിന്റെ വചനം



നാറുല്ലാഹിൽ മൂഖദത്തുല്ലത്തീ തത്വലിഉ അലൽ അഫ്ഇദ (104:7,8) എന്നത് ലിഖിതമായിട്ടല്ല പ്രത്യുത, യുക്തിക്ക് നിരക്കുന്ന തരത്തിൽ രൂപം പ്രാപിക്കുന്നു. (അല്ലാഹുവിന്റെ കത്തിച്ച് ജ്വലിപ്പിക്കപ്പെടുന്ന അഗ്നിയാണിത്. ഹൃദയങ്ങളിൻ മേൽ ആളിപ്പടരുന്ന (അഗ്നി)).

ചുരുക്കത്തിൽ മനുഷ്യഹൃദയത്തെ കരിച്ച് കബാബ് പോലെയാക്കിത്തീർക്കുകയും, ഒരിക്കൽ കത്തിക്കഴിഞ്ഞ കൽക്കരിയേക്കാൾ ഇരുണ്ടതും അന്ധകാരമയവുമാക്കി മാറ്റുന്ന ഈ അഗ്നി, അത് ദൈവേതരങ്ങളോടുള്ള സ്നേഹമാകുന്നു.

രണ്ടു വസ്തുക്കളുടെ പരസ്പര ഘർഷണത്തിലൂടെയും ഉരസലിലൂടെയും ഒരു ചൂട് ഉടലെടുക്കുന്നു. അതേ പോലെ മനുഷ്യ സ്നേഹവും, ഭൗതീകതയും ഭൗതീകതയോടുള്ള സ്നേഹവും തമ്മിലുള്ള ഘർഷണം മൂലം ദൈവീക സ്നേഹം കത്തിച്ചാമ്പലാകുന്നു. ഹൃദയം ഇരുണ്ടതായിക്കൊണ്ട് ദൈവത്തിൽ നിന്ന് അകന്നുപോകുന്നു.

# ആഗസ്തിന്റെ സന്ദേശം

ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി അംഗീകരിച്ച 64/ 35 പ്രമേയം പ്രകാരം ആഗസ്ത് 29 ന് അണ്വായുധ പരീക്ഷണങ്ങൾക്കെതിരെയുള്ള ദിനമായി ആചരിക്കുകയാണ്. അതാണ് ആഗസ്തിന്റെ പ്രസക്തമായ സന്ദേശം. ആഗസ്ത് 6, 9 മനുഷ്യ സമൂഹം കിടിലം കൊള്ളുന്ന ഭയാനകമായൊരു ദുരന്തത്തിന്റെ സ്മരണയാണ്. ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും അന്നാണ് അമേരിക്ക ആറ്റം ബോംബ് വർഷിച്ചത്. ഈ രണ്ട് ജപ്പാൻ നഗരങ്ങളുടെ മേൽ നടത്തിയ ആക്രമണം മാത്രമായിരുന്നില്ല അത്. മനുഷ്യന്റെ ഹിംസാത്മകത മനുഷ്യ വംശത്തിന് മേൽ നടത്തിയ പൊറുക്കാനാവാത്ത പാപമായിരുന്നു അത്. ഏത് യുദ്ധത്തിനും എന്തെങ്കിലും കാരണങ്ങളുണ്ടാവാം. യുദ്ധം നടക്കുന്ന കാലത്തെ ജനത നിർവഹിക്കുന്ന തെറ്റുകളിൽ നിന്നായിരിക്കാം ആ യുദ്ധം പൊട്ടിപുറപ്പെടുന്നത്. പക്ഷേ ആ യുദ്ധത്തിൽ ഒരു ആറ്റം/ന്യൂക്ലിയർ ബോംബ് പ്രയോഗിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടുന്നത് ആ സമകാലീന ജനത മാത്രമായിരിക്കില്ല. ജനിക്കാനിരിക്കുന്നവരും യാതൊരു തെറ്റും ചെയ്യാത്ത ഭാവി തലമുറ കൂടിയാണ്. മനുഷ്യൻ മാത്രമല്ല പ്രകൃതിയും പരിസ്ഥിതിയും അവ ഉൾക്കൊള്ളുന്ന ജീവജാലങ്ങളുമാകെ നശിച്ചൊടുങ്ങുകയും മലീമസവും രോഗാതുരമാവുകയും ചെയ്യും.

ന്യൂക്ലിയർ ഫിഷനെ ആധാരമാക്കിയുള്ള പഴയ ആറ്റം ബോംബിൽ നിന്നും ന്യൂക്ലിയർ ഫ്യൂഷനെ അടിസ്ഥാനമാക്കിയുള്ള വൻ പ്രഹരശേഷിയുള്ള ന്യൂക്ലിയർ ബോംബുകളിലേക്ക് യുദ്ധസാങ്കേതിക ശാസ്ത്രം വളർന്നു കഴിഞ്ഞു. 1945 ആഗസ്തിൽ അമേരിക്കക്ക് മാത്രമായിരുന്നു ആറ്റം ബോംബ് കൈയിലുണ്ടായിരുന്നത്. അവർക്കുണ്ടായിരുന്നത് 2 ബോംബുകളായിരുന്നു. ഇന്ന് ആണവശക്തി രാജ്യങ്ങൾ ആകെ 9 എണ്ണമാണ്. അമേരിക്ക, റഷ്യ, ചൈന, ബ്രിട്ടൻ, ഫ്രാൻസ്, ഇസ്റയേൽ, നോർത്ത് കൊറിയ, പാകിസ്താൻ, ഇന്ത്യ എന്നിവയാണ് ഈ രാജ്യങ്ങൾ. The Bulletin of the Atomic Scientist 2 മാർച്ച് 2016 ന്റെ പുതുക്കിയ കണക്ക് പ്രകാരം ഈ രാജ്യങ്ങളിലെല്ലാം കൂടി 14,900 ന്യൂക്ലിയർ ആയുധങ്ങളുണ്ട്. ഇതിൽ 93 ശതമാനം ആയുധങ്ങളും അമേരിക്കയുടെയും റഷ്യയുടെയും കൈയിലാണുള്ളത്. ഈ ആണവായുധങ്ങൾ ലോകത്തെ പല വട്ടം ചുട്ടു ചാമ്പലാക്കാൻ പര്യാപ്തമാണ്. ഈ ആയുധ കൂമ്പാരം ഡമോക്ലസിന്റെ വാളുപോലെ മനുഷ്യസമൂഹത്തിന്റെ തലക്ക് മുകളിൽ തൂങ്ങി നിൽക്കുമ്പോൾ വാസ്തവത്തിൽ ലോകസമൂഹത്തിന് എങ്ങനെയാണ് സമാധാന പൂർവം ജീവിക്കാൻ കഴിയുക. ഈ ന്യൂക്ലിയർ രാജ്യങ്ങൾ തമ്മിൽ പരസ്പരം പോർവിളികളും യുദ്ധഭേരികളും മുഴക്കുമ്പോൾ ലോക സമാധാന സൂചികയിൽ നിന്ന് ഡയ്ഞ്ചർ സിഗ്നൽ ഉയരുകയാണ്.

ഇത്ര വലിയ ആണവ ആയുധ ശേഖരമുള്ള രാജ്യങ്ങൾ തമ്മിൽ ഒരു പ്രാദേശിക യുദ്ധമോ ലോകമഹായുദ്ധമോ ഉണ്ടായാൽ എന്തായിരിക്കും സ്ഥിതി? പരിസ്ഥിതിയെ സമൂലം ബാധിക്കുന്ന ഈ ദുരന്തത്തെക്കുറിച്ച് ലോക പ്രശസ്ത ശാസ്ത്രകാരനും എഴുത്തുകാരനുമായിരുന്ന കാൾ സാഗൻ അടക്കമുള്ള അഞ്ചു ശാസ്ത്രജ്ഞന്മാർ കമ്പ്യൂട്ടർ മാതൃകകൾ വെച്ച് നടത്തിയ പഠന റിപ്പോർട്ടിലാണ് ന്യൂക്ലിയർ വിന്റർ (ആണവ ശിശിരം) എന്ന പ്രതിഭാസത്തെ കുറിച്ച് ചൂണ്ടിക്കാട്ടിയത്. ന്യൂക്ലിയർ ബോംബ് വർഷത്തെ തുടർന്ന് ശക്തമായ തീക്കാറ്റ് അടിക്കുകയും അന്തരീക്ഷത്തിലേക്ക് ലക്ഷക്കണക്കിന് ടൺ പൊടിപടലങ്ങളും കറുത്ത ധൂളികളും ഉയരുകയും ഈ മേഘപടലങ്ങൾ സൂര്യപ്രകാശത്തെ തടയുകയും ചെയ്യുന്നു. അങ്ങനെ വൻ ഉഷ്ണത്തിന് ശേഷം മരവിപ്പിക്കുന്ന ശിശിരത്തിലേക്ക് ലോക കാലാവസ്ഥ മാറ്റപ്പെടും ഇതാണ് ആണവ ശിശിരം അഥവാ ന്യൂക്ലിയർ വിന്റർ. മനുഷ്യന്റെ സ്വയംകൃതനാർഥം സൃഷ്ടിക്കുന്ന ഈ വൻ ദുരന്തത്തെ കുറിച്ചാണ് സൂറഃ *അൽദുഖാനിൽ* (ധൂമം) മാരകമായ പ്രസരണമുണ്ടാക്കുന്ന അപകടകാരിയായ മേഘത്തെക്കുറിച്ച് ഖുർആൻ പറയുന്നത്.

***അതിനാൽ ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടു വരുന്നൊരു നാളിനെ നോക്കി പാർക്കുക. അത് ജനങ്ങൾക്ക്മീതെ ഒരു നിഴൽ വിരിക്കും. ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും.(44: 11-12)***

അല്ലാഹു ആണവ ദുരന്തത്തിൽ നിന്ന് മനുഷ്യ വംശത്തെ രക്ഷിക്കട്ടെ.



### ഹദ്റത്ത് അഹ്മദ് (അ)

# മനസ്സിനകത്തെ വിഗ്രഹങ്ങൾ

ദൃശ്യവിഗ്രഹങ്ങളെ നിഷ്പ്രയാസം തിരിച്ചറിയാവുന്നതാണ്. അതേ ക്ഷണത്തിൽ തന്നെ, ഒരാളെ അതിൽനിന്ന് മോചിപ്പിക്കാനും സാധിക്കുന്നതാണ്. ഇങ്ങനെ മോചിതരായ നൂറുക്കണക്കിനാളുകൾ അതിൽ നിന്ന് ദുരേക്ക് പോകുന്നതായി ഞാൻ കാണുന്നു.

ഒരു കാലത്ത് ഹിന്ദുക്കൾ നിറഞ്ഞിരുന്ന ഈ രാജ്യത്ത് ഇന്ന് മുസ്‌ലിംകളുമുണ്ട്. ഈ മുസ്‌ലിംകൾ ഹിന്ദുക്കളിൽ നിന്ന് വന്നവരല്ലേ? അതുകൊണ്ട് അവർ വിഗ്രഹാരാധന ഉപേക്ഷിച്ചില്ലേ? ഇന്നത്തെ ഹിന്ദുക്കളിൽ നിന്നു പോലും വിഗ്രഹാരാധനയില്ലാത്ത ഒരു സമുദായം ഉയർന്നു വന്നിരിക്കുന്നു. വിഗ്രഹാരാധനയെന്നത് ഇവിടം കൊണ്ടവസാനിക്കുന്നില്ല. വിഗ്രഹാരാധനയുടെ പ്രത്യക്ഷരൂപം ഉപേക്ഷിക്കപ്പെട്ടുവെന്ന് മാത്രമേയുള്ളൂ.

ദാർശനികരെന്നും തർക്ക ശാസ്ത്രജ്ഞരെന്നും സ്വയം പേരിട്ട് വിളിക്കുന്ന ആയിരക്കണക്കിന് വിഗ്രഹങ്ങളെ കൊണ്ടു നടക്കുന്ന ഇവർക്ക് ഇത്തരം വിഗ്രഹങ്ങളെ അവരിൽ നിന്ന് മോചിപ്പിക്കാൻ സാധിക്കുകയില്ല തന്നെ.

ദൈവികാനുഗ്രഹമില്ലാതെ ഇത്തരം കീടങ്ങളെ ഉള്ളിൽ നിന്ന് മോചിപ്പിക്കാൻ സാധിക്കുകയില്ല എന്നത് ഒരു വസ്തുതയാണ്. ഈ കീടങ്ങൾ അതിസൂക്ഷ്മങ്ങളാണ്. അത്പോലെ തന്നെ ഏറ്റവും അപകടകാരികളുമാണ്.

തങ്ങളുടെ സ്വന്തം വികാരങ്ങൾക്കടിമപ്പെട്ട് ദൈവം വിധിച്ച പരിധികൾക്കും അവകാശങ്ങൾക്കുമപ്പുറം പോവുകയും മറ്റുള്ളവരുടെ പരിധികളിലൂടെയും അവകാശങ്ങളിലൂടെയും എടുത്ത് ചാടുകയും ചെയ്യുന്ന ചിലരുമുണ്ട്. എഴുതാനോ വായിക്കാനോ അറിയാത്ത ആളുകളുടെ കാര്യമല്ല ഞാൻ പറഞ്ഞത്. മറിച്ച് ഇത്തരം ആളുകളിൽ ഉലമാക്കന്മാരും സൂഫികളും ഫഖീഹുകളും ഉൾപ്പെടുന്നു. ഇത്തരം രോഗങ്ങൾക്ക് അവർ ഇരയായി തീരുന്നു. ഉന്നത നിലയിലുള്ള ബുദ്ധിയും ധൈര്യവും വിഗ്രഹങ്ങളെ കുറിച്ചുള്ള അറിവും ധാരണയുമുണ്ടെങ്കിൽ ഇത്തരം വിഗ്രഹങ്ങളിൽ നിന്ന് വിട്ട് നിൽക്കാൻ കഴിയുന്നതാണ്. ഈ വിഗ്രഹങ്ങൾ ജനങ്ങൾക്കിടയിൽ പക വളർത്തുന്നു. തന്മൂലം ആയിരക്കണക്കിന് കൊലകൾ നടക്കുന്നു. ദൈനംദിന തിന്മകളുടെ അതിപ്രസരം ഉണ്ടാവുന്നു. ഒരാൾ മറ്റൊരാളുടെ അവകാശങ്ങൾ പിടിച്ചു പറിക്കുകയും ഭൗതികതയെ വലിയ തോതിൽ ആശ്രയിക്കുകയും ചെയ്യുമ്പോൾ ദൈവം എന്നത് വ്യർഥമായ ഒരു സങ്കൽപ്പമായി മാറുന്നു.

തൗഹീദ് (ഏക ദൈവത്വം) എന്തെന്ന് മനസ്സിലാക്കിയവരുടെ എണ്ണം ഇന്ന് പൊതുവേ കുറവാണ്. എന്നാൽ അവരെ ഓർമപ്പെടുത്തുന്നതായാൽ അവർ ഉടൻ പറയും എന്ത് ഞങ്ങൾ മുസ്‌ലിംകളല്ലേ? ഞങ്ങൾ കലിമ ചൊല്ലുന്നില്ലേ? എന്ന്. കലിമ എന്നത് ചുണ്ടു കൊണ്ട് ഉരുവിടാനുള്ള വെറും ഒരു മന്ത്രമായി അവർ കരുതുന്നു എന്നത് ദുഃഖമുളവാക്കുന്ന സംഗതിയാണ്.


ഒരുകാര്യം ഞാൻ തീർച്ചയായും പറയുന്നു.: ഏതൊരാൾ കലിമ ത്വയ്യിബയെ (അല്ലാഹു അല്ലാതെ ആരാധനക്ക് അർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് (സ) അവന്റെ ദൂതനാണെന്നും പ്രഖ്യാപിക്കൽ) നല്ലത് പോലെ അറിയുകയും അത് തന്റെ ജീവിതത്തിൽ മുറുകെ പിടിക്കുകയും ചെയ്യുന്നുവോ, അയാൾക്ക് മഹത്തായ പുരോഗതിയുണ്ടാവുകയും സർവശക്തനായ അല്ലാഹുവിന്റെ അത്ഭുതകരമായ വെളിപ്പെടൽ അയാൾക്ക് ദർശിക്കുമാറാകുകയും ചെയ്യുന്നതാണ്.

ഞാനിവിടെ നിങ്ങളുടെ മുമ്പിൽ ഒരു കഥപറയുവാനോ, സാധാരണപോലെയൊരു പ്രസംഗം നടത്തുവാനോ അല്ല നിൽക്കുന്നതെന്ന കാര്യം നല്ലവണ്ണം മനസ്സിലാക്കി ക്കൊള്ളുക. എന്നെ ദൈവം ഏൽപ്പിച്ച ഒരു ദൗത്യം എനിക്ക് പൂർത്തിയാക്കേണ്ടതുണ്ട്. ഇത് ആരെങ്കിലും ശ്രദ്ധിച്ചാലും ഇല്ലെങ്കിലും വിശ്വസിച്ചാലും ഇല്ലെങ്കിലും എനിക്കതിൽ യാതൊരു പരിഭവവുമില്ല. നിങ്ങൾ സ്വയം തന്നെയായിരിക്കും അതിന് ഉത്തരവാദികൾ. എനിക്ക് എന്റെ ജോലി ചെയ്ത് തീർക്കേണ്ടതുണ്ട്. (മൽഫൂസാത്ത്. വാ. 9, ഭാ 101 ,102)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ജൂൺ 16ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# കളവ് പറയൽ ഒരു ബിംബപൂജയാണ്




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

മനുഷ്യൻ മുത്തഖിയായി ത്തീരുന്നത് അവനിൽ ഉത്തമമായ എല്ലാ സ്വഭാവങ്ങളും ഉണ്ടാകുമ്പോഴാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉപദേശിച്ചിട്ടുണ്ട്. അതിനാൽ എല്ലാ സദാചാരഗുണങ്ങളും സ്വായത്തമാക്കാൻ മുഅ്മിൻ പരിശ്രമിക്കേണ്ടതാണ്. അപ്പോഴായിരിക്കും ഒരു മുത്തഖിക്ക് നിർബന്ധമായ ആ ഉദാത്തമായ സ്വഭാവങ്ങൾ അവനിൽ ഉണ്ടാകുന്നത്. പക്ഷേ, ചില സദാചാരഗുണങ്ങളുണ്ട്. അതൊരു സത്യവിശ്വാസിയിൽ ഇല്ലെങ്കിൽ അവന്റെ ഈമാനിന്റെ നിലവാരവും ഇടിഞ്ഞുപോകുന്നതായിരിക്കും. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം കളവിൽനിന്ന് രക്ഷപ്രാപിക്കുക എന്നതാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. **ഫജ്തനിബുർരിജ്സ മിനൽഔഥാനി വജ്തനിബൂ ഖൗലസ്സൂർ** അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നുനില്ക്കുക(22:31)

ബിംബാരാധനയും കളവും ചേർത്ത് പറഞ്ഞുകൊണ്ട്, നിങ്ങളുടെ ഉള്ളിൽ സത്യസന്ധതയും സത്യം പറയുന്ന ശീലവുമില്ലെങ്കിൽ അത് ബിംബങ്ങളെ പൂജിക്കുന്നതുപോലുള്ള വലിയ പാപമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഒരു മുഅ്മിൻ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും എന്നിട്ട് ബാഹ്യവും മറഞ്ഞതുമായ ബിംബങ്ങളുടെ മാലിന്യത്തിൽ കുടുങ്ങുകയും ചെയ്യുക എന്നത് അസംഭാവ്യമാണ്.

അതിനാൽ ഇത് വളരെ വലുതും തുറന്ന നിലയിലുള്ളതും

സ്പഷ്ടമായതുമായ മുന്നറിയിപ്പാണ്. വിശ്വാസിയാണെന്ന് വാദിക്കുന്ന ഒരുവൻ, മുഅ്മിനാണെങ്കിൽ സത്യസന്ധതയുടെ ഉന്നതമായ നിലവാരവും സ്വാംശീകരിക്കേണ്ടതായി വരും. ഇല്ലെങ്കിൽ തന്റെ വിശ്വാസത്തെ സംബന്ധിച്ച് ചിന്തിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധമായി വളരെ വേദന പ്രകടിപ്പിച്ചിട്ടുണ്ട്. നമ്മൾ നമ്മുടെ ഈമാനിനെ പ്രബലപ്പെടുത്തിക്കൊണ്ട് ഭക്തിയിലേക്ക് പുരോഗമിക്കാൻ എല്ലാ അഹ്മദികളും എപ്പോഴും ശ്രമിക്കേണ്ടതുണ്ട്. അവിടന്ന് പറയുന്നു: വിശുദ്ധഖുർആൻ കളവ് പറയുന്നതിനെ ബിംബാരാധനയ്ക്ക് തുല്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹു പറയുന്നു. **ഫജ്തനിബുർരിജ്സ മിനൽഔഥാനി വജ്തനിബൂ ഖൗലസ്സൂർ** അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നുനില്ക്കുക(22:31) അതായത് കളവും ഒരു ബിംബമാണ്. അതിൽ വിശ്വസിക്കുന്നവൻ അല്ലാഹുവിലുള്ള വിശ്വാസം ഉപേക്ഷിച്ചുകളയുന്നു. അതിനാൽ കളവ് പറയുന്നതുകൊണ്ട് ദൈവവും കൈമോശം വരുന്നു. അതുകൊണ്ട് പരിശുദ്ധിയാർജിക്കാൻ കളവിൽനിന്നും എല്ലാത്തരം ശിർക്കിൽനിന്നും മനുഷ്യൻ രക്ഷ പ്രാപിക്കേണ്ടത് അനിവാര്യമാണ്.

കളവിനെ ബിംബാരാധന പോലെയാണെന്ന് ഇവിടെ പറയുന്നു. യഥാർഥത്തിൽ കളവും ഒരു ബിംബമാണ്. ഇല്ലെങ്കിൽ സത്യത്തെ ഉപേക്ഷിച്ചുകൊണ്ട് മറുഭാഗത്തേക്ക് പോകുന്നതെന്തിനാണ്? കളവ് പറയുന്നവന്റെ വിശ്വാസം എത്രത്തോളം കുറഞ്ഞുപോകുന്നുവെന്നാൽ, ഇനി അവൻ സത്യം പറഞ്ഞാൽത്തന്നെയും അതിലും കുറച്ച് കളവ് ചേർത്തിട്ടുണ്ടാകുമോ എന്ന ധാരണയായിരിക്കുമുണ്ടാകുക. കളവ് പറയുന്നവൻ തന്റെ കളവ് കുറയണമെന്ന് എത്ര ആഗ്രഹിച്ചാലും പെട്ടെന്നത് കുറയുകയില്ല. ദീർഘകാലംവരെ പ്രാക്ടീസ് ചെയ്യുമ്പോഴായിരിക്കും സത്യം പറയുന്നതിന്റെ ശീലം അവനിലുണ്ടാകുന്നത്.

വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ ഉപേക്ഷിച്ച് കല്ലിന്റെ മുമ്പിൽ തല കുനിക്കുന്നതുപോലെ സത്യതയും നേർവഴിയും ഉപേക്ഷിച്ച് തന്റെ ഉദ്ദേശ്യസാഫല്യത്തിനായി കളവിനെ ബിംബമാക്കുകയാണ് ചെയ്യുന്നത്. കളവിനെ തന്റെ ജീവിതത്തിന്റെ അച്ചുതണ്ടാക്കുന്നതിനെക്കാളുപരിയായി മറ്റെന്ത് ദൗർഭാഗ്യമാണുള്ളത്? എന്നാൽ, അവസാനം സത്യംതന്നെയായിരിക്കും വിജയിക്കുക എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. ക്ഷേമവും വിജയവും അതിനുതന്നെയായിരിക്കും. അവിടന്ന് പറയുന്നു: തീർച്ചയായും ഓർത്തുകൊള്ളുക! കളവുപോലെ അശുഭകരമായ മറ്റൊരു കാര്യവുമില്ല. പൊതുവെ ഇഹഭോഗതൽപരൻ പറയുന്നത് സത്യം പറയുന്നവൻ അറസ്റ്റ് ചെയ്യപ്പെടുന്നുവെന്നാണ്. എന്നാൽ, എനിക്ക് അത് എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുക. എനിക്കെതിരെ ഏഴ് കേസുകൾ ഉണ്ടായി. ദൈവകൃപയാൽ ഒരു കേസിലും ഒരു വാക്കുപോലും കളവു എഴുതേണ്ട ആവശ്യം എനിക്കുണ്ടായിട്ടില്ല. അല്ലാഹു സത്യത്തെ സംരക്ഷിക്കുന്നവനും സഹായിക്കുന്നവനുമാണ്. സത്യവാനായ മനുഷ്യനെ അവൻ ശിക്ഷിക്കുമോ? അങ്ങനെയാണെങ്കിൽ ലോകത്ത് ഒരു മനുഷ്യനും സത്യം പറയാൻ തന്റേടം കാണിക്കുകയില്ല. ദൈവത്തിലുള്ള ശരിയായ വിശ്വാസം ഉയർന്നുപോകുന്നതുമാണ്. സത്യവാൻ ജീവച്ഛവമായിത്തീരും. പക്ഷേ സത്യം പറയുന്നതുകൊണ്ട് ആർക്കെങ്കിലും ശിക്ഷ ലഭിക്കുന്നുണ്ടെങ്കിൽ അത് സത്യം പറയുന്നതുകൊണ്ടല്ല, മറിച്ച് അവരുടെ മറ്റു ചില മറഞ്ഞിരിക്കുന്നതായ തിന്മകൾ കൊണ്ടാണെന്നതാണ് യാഥാർഥ്യം. ദൈവത്തിന്റെ പക്കൽ അവരുടെ തിന്മകളുടേയും ദ്രോഹങ്ങളുടേയും ഒരു പരമ്പരതന്നെ ഉണ്ടാകുന്നു. ഒരുപാട് പാപങ്ങൾ അവർ ചെയ്ത് കൂട്ടുന്നു. അവയിൽ ഏതെങ്കിലും ഒന്നിൽ അവർക്ക് ശിക്ഷ കിട്ടുന്നതാണ്. സ്ഥിരമായി നന്മകളുടെ ശീലമുണ്ടാക്കേണ്ടതാണ്. നന്മകളിൽ സ്ഥിരത കൈവരിക്കേണ്ടതാണ്. ഇസ്തിഗ്ഫാർ അഥവാ പൊറുക്കലിനെ തേടുമ്പോൾ മറ്റു തിന്മകളിൽനിന്ന് രക്ഷ പ്രാപിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. പിന്നീട് അതിൽ എപ്പോഴും ഉറച്ചുനിൽക്കാൻ ശ്രമിക്കുകയും വേണം.

വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ ഉപേക്ഷിച്ച് കല്ലിന്റെ മുമ്പിൽ തല കുനിക്കുന്നതുപോലെ സത്യതയും നേർവഴിയും ഉപേക്ഷിച്ച് തന്റെ ഉദ്ദേശ്യസാഫല്യത്തിനായി കളവിനെ ബിംബമാക്കുകയാണ് ചെയ്യുന്നത്. കളവിനെ തന്റെ ജീവിതത്തിന്റെ അച്ചുതണ്ടാക്കുന്നതിനെക്കാളുപരിയായി മറ്റെന്ത് ദൗർഭാഗ്യമാണുള്ളത്? എന്നാൽ, അവസാനം സത്യംതന്നെയായിരിക്കും വിജയിക്കുക എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. ക്ഷേമവും വിജയവും അതിനുതന്നെയായിരിക്കും. അവിടന്ന് പറയുന്നു: തീർച്ചയായും ഓർത്തുകൊള്ളുക! കളവുപോലെ അശുഭകരമായ മറ്റൊരു കാര്യവുമില്ല.

ഇഹഭോഗതൽപരർ എല്ലാ കാര്യത്തിലും അതിനിസാരമായ കാര്യങ്ങളിൽപോലും കളവ് പറയുന്നു. കഴിഞ്ഞ ദിവസം നാഷണൽ ജിയോഗ്രാഫിക്കിന്റെ ഒരു മാസിക വന്നിരുന്നു. അതിൽ കളവിനെക്കുറിച്ച് വലിയൊരു ലേഖനമുണ്ടായിരുന്നു. നമ്മൾ എന്തിന് കളവ് പറയുന്നു എന്നതിനെ കുറിച്ചുളള ഗവേഷണമായിരുന്നു ആ ലേഖനം. അവർ നടത്തിയ സർവേയിൽ മനസ്സിലായത് ഓരോ വ്യക്തിയും ദിവസവും മൂന്നുനാല് കളവ് പറയുന്നുണ്ടെന്നാണ്. വിവിധതരത്തിലുള്ള കളവുകളുണ്ട്. ആരെങ്കിലും വഴി ചോദിച്ചാൽ ശരിയായ നിലയിൽ പറഞ്ഞുകൊടുക്കാതെ അതിലും കളവ് പറയും. ആരെയെങ്കിലും വഞ്ചിക്കണമെങ്കിൽ അതിലും കളവ് പറയുന്നു. തന്റെ ദൗർബല്യങ്ങൾ മറച്ചുവെക്കുന്നതിനും കളവ് പറയുന്നു. തന്നെക്കുറിച്ച് തെറ്റായ പ്രഭാവം ഉണ്ടാക്കുന്നതിനും അത് നിലനിറുത്തുന്നതിനും കളവ് പറയുന്നു. തന്റെ സ്വാർഥ താൽപര്യത്തിനുവേണ്ടി കളവ് പറയുന്നു. ഇത് ചെറിയ ചെറിയ കളവുകളാണ്. വലിയ കളവുകളിൽ അവർ പറഞ്ഞിരിക്കുന്നത് ഭാര്യയും ഭർത്താവും അന്യരുമായുള്ള അവിഹിത ബന്ധങ്ങൾ മറച്ചുവെക്കാൻ കളവ് പറയുന്നതാണ്. ഭാര്യയുടേയും ഭർത്താവിന്റേയും സുഹൃദ്ബന്ധങ്ങൾ തെറ്റായ രീതിയിൽ ആകുമ്പോൾ അവതരിപ്പിക്കുമ്പോൾ കളവ് പറയേണ്ടതായിവരുന്നു. പിന്നീട് കളവിന്റെ രഹസ്യം പുറത്തുവരുമ്പോൾ കലഹം ആരംഭിക്കുകയും ബന്ധം അകലുകയും അവസാനം ത്വലാഖ്‌വരെ എത്തിച്ചേരുകയും ചെയ്യുന്നു.

നിങ്ങൾ പരിശോധിക്കുകയാണെങ്കിൽ നമ്മുടെ ഇവിടേയും ത്വലാഖും ഖുലയും ഉണ്ടാകുന്നത് കളവിനെ ആശ്രയിക്കുന്നതുകൊണ്ടാണെന്ന് കാണാം. അടിസ്ഥാനപരമായ ഈ മനഃശാസ്ത്രം മനസ്സിലാക്കിക്കൊണ്ടാണ് നിക്കാഹിന്റെ ഖുത്ബയിൽ നമ്മൾ ഓതുന്ന വചനങ്ങളിൽ **യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ വ ഖൂലൂ ഖൗലൻ സദീദാ** എന്ന വചനവും ഉൾപ്പെടുത്തിയിരിക്കുന്നത്. വിശ്വസിച്ചവരേ! അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുകയും ചെയ്യുക.(33:71) **യുസ്വലിഹ് ലക്കും അഅ്മാലക്കും വ യഗ്ഫിർലക്കും ദുനൂബക്കും വമൻയ്യുത്വിയില്ലാഹ ഫഖദ് ഫാസ ഫൗസൻ അളീമാ** നിങ്ങൾ അങ്ങനെ ചെയ്യുന്നതായാൽ അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹുവിനേയും അവന്റെ ദൂതനേയും ആരാണോ അനുസരിക്കുന്നത് അവൻ തീർച്ചയായും മഹത്തായ വിജയം പ്രാപിക്കുന്നതാണ്.(33:72) സ്വാതന്ത്ര്യത്തിന്റെ പേരിൽ പർദ ഉന്മൂലനം ചെയ്യപ്പെടുമ്പോൾ പിന്നീട് സംശയങ്ങളും വിശ്വാസമില്ലായ്മയും ഉണ്ടാകുന്നു. വീണ്ടും കളവിനെ ആശ്രയിക്കേണ്ടി വരുന്നു. ഒരു പരമ്പര തുടർന്നുകൊണ്ടിരിക്കുന്നു. അത് അവസാനിക്കാത്ത പരമ്പരയാണ്.

എന്തായാലും അല്ലാഹു ഇവിടെ ഭാര്യാഭർത്താക്കന്മാരുടെ ബന്ധത്തിൽ എത്രത്തോളം സത്യതയുടെ കാര്യം പറഞ്ഞുവെന്നാൽ അതിലൊരു ചതിയും ഉണ്ടാകാൻ പാടില്ല. സത്യത്തിന്റെ ഏറ്റവും ഉന്നതമായ നിലവാരം ഉണ്ടാവണം. അതുമുഖേന നിങ്ങളുടെ ബന്ധങ്ങൾ മനോഹരമായിത്തീരുന്നതോടൊപ്പം നിങ്ങളുടെ കുട്ടികളും ഒരുപാട് പ്രശ്നങ്ങളിൽനിന്ന് രക്ഷപ്പെടുന്നതാണ്. അല്ലാഹു നിങ്ങളുടെ പാപങ്ങളും പൊറുത്തുതരുന്നതാണ്. 'ഫൗസെ അളീമും' മഹത്തായ വിജയവും നൽകുന്നതാണ്. ഇതാണ് ഇസ്‌ലാമിന്റെ മനോഹരമായ കല്പന. പക്ഷേ എന്നിട്ടും ചൊവ്വായ കാര്യങ്ങൾ പറയുന്നില്ല. അതിനേക്കാൾ കൂടുതൽ ദൗർഭാഗ്യം മറ്റെന്താണ്?

അതിനാൽ നമുക്ക് നമ്മുടെ സത്യതയുടെ നിലവാരങ്ങളെ ഉരച്ചുനോക്കേണ്ട ആവശ്യമുണ്ട്. അതിൽ ദൃഷ്ടിപതിപ്പിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു സാക്ഷികളോടു കള്ളസാക്ഷ്യം പറയരുതെന്ന് പറയുന്നു. ഇബാദുർറഹ്മാനെ സംബന്ധിച്ച് അല്ലാഹു പറയുന്നത്, **വല്ലദീന ലായശ്ഹദൂനസ്സൂറ** അവർ കള്ള സാക്ഷ്യം പറയുകയില്ലെന്നാണ്. പറയുന്നു: പരമകാരുണികനായ ദൈവത്തിന്റെ ദാസരാകണമെന്നും ഈമാനിൽ അഭിവൃദ്ധിപ്പെടണമെന്നും നമ്മൾ ആഗ്രഹിക്കുന്നെങ്കിൽ കളവിൽനിന്ന് രക്ഷപ്പെടേണ്ടിവരും. എന്തായിരിക്കണം നമ്മുടെ സത്യത്തിന്റെ നിലവാരം? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ കൊല ചെയ്യരുതെന്ന് എനിക്കിപ്പോൾ ഉപദേശിക്കേണ്ട ആവശ്യമില്ല. കാരണം അങ്ങേയറ്റം ദ്രോഹിയായ മനുഷ്യനല്ലാതെ മറ്റാരാണ് അന്യായമായ നിലയിൽ കൊല ചെയ്യാൻ ഒരുങ്ങുന്നത്? എന്നാൽ, അനീതിയിൽ ശാഠ്യം പിടിച്ച് സത്യത്തെ കൊല്ലാതെ അതിനെ നിങ്ങൾ സ്വീകരിക്കുകയെന്ന് ഞാൻ പറയുന്നു; അതൊരു കുട്ടിയിൽനിന്നായാൽപോലും. സത്യത്തിൽ നിലകൊള്ളുക. സത്യമായ സാക്ഷ്യം പറയുക. **ഫജ്തനിബുർരിജ്സ മിനൽഔഥാനി വജ്തനിബൂ ഖൗലസ്സൂർ** അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽനിന്ന് അകന്നുനില്ക്കുക എന്ന് (22:31)പ്രതാപവാനായ അല്ലാഹു പറഞ്ഞതുപോലെ. പറഞ്ഞു: ഏതൊന്നാണോ സത്യത്തിൽനിന്ന് നിങ്ങളുടെ മുഖം തിരിക്കുന്നത് അത് നിങ്ങളുടെ വഴിയിലെ ബിംബമാണ്. നിങ്ങളുടെ പിതാക്കന്മാർക്കും നിങ്ങളുടെ സഹോദരങ്ങൾക്കും നിങ്ങളുടെ സുഹൃത്തുക്കൾക്കും എതിരാണെങ്കിൽപോലും സത്യമായ സാക്ഷ്യം പറയുക.

അല്ലാഹു പറയുന്നു: യാ അയ്യുഹല്ലദീനആമനൂ! **കൂനൂ ഖവ്വാ**

ശത്രുജനതയുടെ ശത്രുത നിങ്ങൾക്ക് നീതി പുലർത്തുന്നതിന് തടസമാകരുത്.(5:3) നീതിയിൽ നിലകൊള്ളുക. തഖ്‌വ അതിലാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ സത്യമായും സത്യമായും പറയുന്നു, ശത്രുവിനോട് നല്ലനിലയിൽ പെരുമാറുക എന്നത് എളുപ്പമാണ്. എന്നാൽ, ശത്രുവിന്റെ അവകാശങ്ങൾ സംരക്ഷിക്കുകയും കേസുകളിൽ ന്യായവും നീതിയും കൈവിടാതിരിക്കുകയും ചെയ്യുക എന്നത് വളരെ പ്രയാസകരമാണ്. ഇത് യുഗപുരുഷന്മാരുടെ പ്രവൃത്തിയാണ്. അവിടന്ന് പറയുന്നു: അല്ലാഹു ഈ വചനത്തിൽ സ്നേഹത്തെക്കുറിച്ച് പറഞ്ഞില്ല. മറിച്ച് സ്നേഹത്തിന്റെ നിലവാരത്തെക്കുറിച്ചാണ് പറഞ്ഞത്. കാരണം ആരാണോ തന്റെ വർഗശത്രുവിനോട് നീതി കാണിക്കുകയും സത്യത്തിൽനിന്നും നീതിയിൽനിന്നും പിന്മാറാതിരിക്കുകയും ചെയ്യുന്നത് അവനാണ് സത്യമായ സ്നേഹവും പുലർത്തുന്നത്.

**മീന ബിൽഖിസ്തി ശുഹ്ദാഅ ലില്ലാഹി വലൗ അലാ അൻഫുസിക്കും അവിൽവാലിദയ്നി വൽ അഖ്റബീൻ** അല്ലയോ വിശ്വാസിച്ചവരേ! നിങ്ങൾ പരിപൂർണമായും നീതി പാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അതു നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും. (4:136) സത്യത്തിന്റെ നിലവാരം ഇതാണ്. നീതിക്കും നിലവാരമുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, സത്യം ഉണ്ടാകാത്തിടിത്തോളം നീതി സ്ഥാപിതമാവുകയില്ല. ഈ നിലവാരമാണ് ഒരു മുഅ്മിന് നിർബന്ധമായും ഉണ്ടാകേണ്ടത്. പൂർണമായും സത്യത്തിൽ ചുവട് വെക്കാതെ കരസ്ഥമാകാത്ത നീതിയെക്കുറിച്ച് അല്ലാഹു പറയുന്നു: **ലാ യജ്‌രിമന്നക്കും ശനആനു ഖൗമിൻ അൻസ്വദ്ദൂക്കും അനിൽമസ്ജിദിൽ ഹറാമി അൻതഅ്തദൂ വ തആവനൂ അലൽബിർറി വത്തഖ്‌വാ** അതായത് ശത്രുജനതയുടെ ശത്രുത നിങ്ങൾക്ക് നീതി പുലർത്തുന്നതിന് തടസമാകരുത്.(5:3) നീതിയിൽ നിലകൊള്ളുക. തഖ്‌വ അതിലാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ സത്യമായും സത്യമായും പറയുന്നു, ശത്രുവിനോട് നല്ലനിലയിൽ പെരുമാറുക എന്നത് എളുപ്പമാണ്. എന്നാൽ, ശത്രുവിന്റെ അവകാശങ്ങൾ സംരക്ഷിക്കുകയും കേസുകളിൽ ന്യായവും നീതിയും കൈവിടാതിരിക്കുകയും ചെയ്യുക എന്നത് വളരെ പ്രയാസകരമാണ്. ഇത് യുഗപുരുഷന്മാരുടെ പ്രവൃത്തിയാണ്. അവിടന്ന് പറയുന്നു: അല്ലാഹു ഈ വചനത്തിൽ സ്നേഹത്തെക്കുറിച്ച് പറഞ്ഞില്ല. മറിച്ച് സ്നേഹത്തിന്റെ നിലവാരത്തെക്കുറിച്ചാണ് പറഞ്ഞത്. കാരണം ആരാണോ തന്റെ വർഗശത്രുവിനോട് നീതി കാണിക്കുകയും സത്യത്തിൽനിന്നും നീതിയിൽനിന്നും പിന്മാറാതിരിക്കുകയും ചെയ്യുന്നത് അവനാണ് സത്യമായ സ്നേഹവും പുലർത്തുന്നത്.

അതുകൊണ്ട് ഒരു സത്യവിശ്വാസിയുടെ സത്യത്തിന്റെ നിലവാരം ഇങ്ങനെയായിരിക്കേണ്ടതാണ്. അതായത് ഒരു ശത്രുവിനുപോലും നഷ്ടമുണ്ടാക്കുന്നതിനുവേണ്ടി കളവ് പറയരുത്. ശത്രുവിനോട് ഈ നിലവാരം പുലർത്തുമ്പോൾ പരസ്പരമുള്ള ബന്ധങ്ങളിൽ സത്യത്തിന്റെ നിലവാരം അഭിവൃദ്ധിപ്പെടുന്ന കാരണത്താൽ സ്നേഹത്തിന്റെ നിലവാരവും വർധിക്കുന്നതാണ്. സ്നേഹത്തിലും കളവ് ഉണ്ടാവുകയില്ല. അല്ലാഹു നമുക്കെല്ലാവർക്കും ഇക്കാര്യം മനസ്സിലാക്കുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ. എന്നല്ല സത്യത്തേക്കാളുപരി ചൊവ്വായ കാര്യങ്ങൾ പറയുന്നതിൽ നിലകൊള്ളാനും തൗഫീഖ് നല്കുമാറാകട്ടെ.

'സത്യവിശ്വാസിയുടെ സ്വഭാവമായിരിക്കേണ്ടതും ദൈവത്തിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതുമായ പ്രധാനപ്പെട്ട മറ്റൊരു നന്മ വിനയവും അഹങ്കാരത്തിൽനിന്നുള്ള അകൽച്ചയുമാണ്. അഹങ്കാരികളെ സംബന്ധിച്ച് അല്ലാഹു പറയുന്നു: **വലാ തുസ്വയ്യിർ ഖദ്ദക ലിന്നാസി വലാതംശി ഫിൽഅർളി മർഹൻ ഇന്നല്ലാഹ ലാ യുഹിബ്ബു കുല്ലമുഖ്താലിൻ ഫഖൂർ** കോപം നിമിത്തം ജനങ്ങളുടെ മുമ്പാകെ നിന്റെ കവിൾ നീ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചംകാണിച്ചുകൊണ്ട് നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ലതന്നെ.(31:19) ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഓർമിച്ചുകൊള്ളുക. അഹങ്കാരം ശയ്ത്വാനിൽനിന്ന് വന്നതാണ്. ശയ്ത്വാൻ ഉണ്ടാക്കിത്തരുന്നതുമാണ്. മനുഷ്യൻ അതിൽനിന്നകലാത്തിടത്തോളം സത്യം സ്വീകരിക്കുന്നതിനും ദൈവികമായ അനുഗ്രഹങ്ങൾ കരസ്ഥമാകുന്ന വഴിക്കുമിടയിൽ തടസ്സമായിത്തീരുന്നു. അതുകൊണ്ട് അറിവിന്റെ അടിസ്ഥാനത്തിലോ സമ്പത്തിന്റെ അടിസ്ഥാന

ത്തിലോ തറവാട്ടിന്റെ അടിസ്ഥാനത്തിലോ വ്യക്തിപരവും കുടുംബപരവും കുലപരവുമായ കാരണത്താലോ ഒരുതരത്തിലുള്ള അഹങ്കാരവും പാടില്ല. കാരണം കൂടുതലും അഹങ്കാരമുണ്ടാകുന്നത് ഇവയിൽനിന്നാണ്. മനുഷ്യൻ ഈ പൊങ്ങച്ചങ്ങളിൽനിന്നു, തന്നെ പരിശുദ്ധനാക്കാത്തിടത്തോളം ദൈവത്തിന്റെ പക്കൽ പുണ്യാത്മാവാകുകയില്ല. ശയ്ത്വാനും അഹങ്കരിച്ചിരുന്നു. ആദമിനേക്കാൾ, തന്നെ നല്ലവനായി അവൻ മനസ്സിലാക്കി. പറഞ്ഞു: **അന ഖയ്റുമ്മിൻഹു ഖലഖ്ത്തനീ മിന്നാറിൻ വഖലഖ്ത്തുഹൂ മിൻത്വീൻ** പിന്നീട് അതിന്റെ ഫലമുണ്ടായത് എന്താണ്. ദൈവിക സവിധത്തിൽനിന്ന് പുറത്താക്കപ്പെട്ടു. ആദം തന്റെ ദൗർബല്യം അംഗീകരിച്ചതുകൊണ്ട് ദൈവകൃപയ്ക്ക് അനന്തരാവകാശിയായി. കാരണം ദൈവത്തിന്റെ കൃപ കൂടാതെ ഒന്നുമുണ്ടാവുകയില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ട് ദുആ ചെയ്തു: **റബ്ബനാ ളലംനാ അൻഫുസനാ വഇൻല്ലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽഖാസിരീൻ** ഈ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. തീയിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കുന്നതിനും ദുആകൾ ഒരുപാട് ആവശ്യമുണ്ട്.

അവിടന്ന് പറയുന്നു: സത്യമായ ഈശ്വരജ്ഞാനത്തിന്റെ പേര് അതാണ്. അതായത് മനുഷ്യൻ തന്റെ സ്വാഭിമാനം ഒന്നുമല്ലെന്ന് മനസ്സിലാക്കുകയും ദൈവസവിധത്തിൽവീണ് വിനയത്തോടും എളിമയോടുംകൂടി ദൈവകൃപയെ ചോദിക്കുകയും ചെയ്യുക. ഉള്ളിൽ ഒരു വെളിച്ചവും നന്മ ചെയ്യുന്നതിനുവേണ്ടി ശക്തിയും ചൂടുമുണ്ടാകുന്നതും ശാരീരികേച്ഛയെ കരിച്ചുകളയുന്നതുമായ ആ ജ്ഞാനപ്രകാശം ചോദിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

വാസ്തവത്തിൽ ആത്മാവിന്റെ വികാരങ്ങളുടെ ഈ അഴുക്ക് വെളിപ്പെടുന്നത് ദുസ്വഭാവം, അഹങ്കാരം, പ്രദർശനപരത തുടങ്ങിയ രീതിയിലാണ്. അല്ലാഹുവിന്റെ കൃപയുണ്ടാകാത്തിടത്തോളം അതിന് മരണം ഉണ്ടാകുകയില്ല. ഇക്കാരണത്താലാണ് നബി(സ) തിരുമേനിയോട് ചോദിച്ചപ്പോൾ അതായത് താങ്കൾ താങ്കളുടെ കർമങ്ങൾകൊണ്ട് സ്വർഗത്തിൽ പോകുമോ എന്ന് ചോദിച്ചപ്പോൾ 'ഒരിക്കലുമില്ല, ദൈവത്തിന്റെ കൃപയാൽമാത്രമേ പോകുകയുള്ളൂ' എന്ന് പറഞ്ഞത്. പറഞ്ഞു: നബിമാർ(അ) ഒരിക്കലും ഏതെങ്കിലും ശക്തിയോ കഴിവോ തന്റേതാണെന്ന് പറയുകയില്ല. അവർ ദൈവത്തിൽനിന്നുതന്നെ അത് പ്രാപിക്കുന്നതാണ്. അവന്റെ പേര് പറയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രത്യേക ദാസരായ നബിമാരുടെ അവസ്ഥയാണിത്. അങ്ങനെ വരുമ്പോൾ ഒരു സാധാരണക്കാരൻ എത്രമാത്രം വിനയം കാണിക്കേണ്ടതാണ്. എത്രമാത്രം അല്ലാഹുവിന്റെ കൃപകൾക്ക് നന്ദി കാണിച്ചുകൊണ്ട് കൂടുതൽ അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടേപോകേണ്ടതാണ്! നബി(സ)തിരുമേനിയുടെ സുന്നത്തും അവിടന്ന് പറഞ്ഞ മാർഗവുമനുസരിച്ച് എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുന്നതിനും ഉദാത്തമായ എല്ലാ സ്വഭാവങ്ങളും കരസ്ഥമാക്കുന്നതിനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ദൈവസാമീപ്യത്തിനുതകുന്നതായ സത്യത്തിന്റെ നിലവാരവും നമുക്കുണ്ടാകുമാറാകട്ടെ. നമ്മുടെ വിനയവും അല്ലാഹുവിനെ ഇഷ്ടപ്പെടുന്ന നിലവാരത്തിലുള്ളതാകട്ടെ. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പ്രതീക്ഷിക്കുന്നരീതിയിലുള്ള ജമാഅത്തിലെ അംഗങ്ങളായിത്തീരട്ടെ.

## ദൈവികബന്ധവും പാപവിമുക്തിയും

പാപം യഥാർഥത്തിൽ ഒരു വിഷമാണ്. മനുഷ്യന് ദൈവത്തോടുള്ള അനുസരണവും ദൈവ ത്തോടുള്ള ആവേശപൂർണമായ സ്നേഹവും സ്നേഹോദാരമായ ദൈവസ്മരണയും ഇല്ലാതെ വരികയും അതിൽ ഭാഗ്യഹീനനായി തീരുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്. ഒരു വൃക്ഷം ഭൂമിയിൽ നിന്നും വേരോടെ കടപുഴകി വീണാൽ അതിന് ഭൂമിയിൽ നിന്നുള്ള ജലം വലിച്ചെടുക്കാൻ കഴിയുന്നതല്ല. അത് ദിനം പ്രതി വാടിയുണങ്ങിപ്പോവുകയും അതിന്റെ എല്ലാ പച്ചപ്പും അതിന് നഷ്ടപ്പെട്ടുപോവുകയും ചെയ്യും. ഏതൊരു ഹൃദയവും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നിന്നും വേരറുക്കപ്പെടുന്നുവോ അയാളുടെ നിലയും ഇത് തന്നെയാണ്. ചുരുക്കത്തിൽ ഉണക്ക വൃക്ഷത്തെയെന്നപോലെ പാപം ഒരാളുടെ ഹൃദയത്തെ അധീനപ്പെടുത്തിക്കളയുന്നു. (സിറാജുദ്ദീൻ ഈസായി കെ ചാർ സവലോം കാ ജവാബ്. ഭാ. 2)

# ആത്മീയ തരംഗ പ്രഭാവം

പ്രവാചകന്മാരിൽ നിന്ന് ഉരുവം കൊള്ളുന്ന ആത്മീയ തരംഗങ്ങൾ കാലദേശങ്ങൾക്കതീതമായ സ്വാധീനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. ഇരുൾ മുറ്റിയ യുഗങ്ങളെ അത് പ്രകാശവത്താക്കി മാറ്റുന്നു. ആത്മീയ സ്വാധീനങ്ങളെ കുറിച്ച് ഖലീഫത്തുൽ മസീഹ് സാനി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1919 ഫിബ്രവരി 16 ന് ലാഹോറിൽ വെച്ച് നടത്തിയ ശ്രദ്ധേയമായ ഒരു പ്രഭാഷണത്തിന്റെ വിവർത്തനം. **വിവ: ആരിഫ് മുഹമ്മദ്. ബി.എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് (റ)

### മനുഷ്യനും മൃഗവും: വ്യത്യാസങ്ങൾ

മനുഷ്യനെ നാം നിരീക്ഷിക്കുമ്പോൾ അവന്റെയും മറ്റു ജീവിവർഗങ്ങളുടെയും ജീവിതത്തിൽ വലിയ അന്തരം കാണാം. ജീവിവർഗങ്ങളുടെ ജീവിതം മനുഷ്യന്റേതുപോലെ പരസ്പരം ബന്ധിതമല്ല. ജീവിവർഗങ്ങൾ പരമാവധി ആശ്രയിക്കുന്നത് ഒരു ആണിനെയും ഒരു പെണ്ണിനെയും മാത്രമാണ്. അതിൽ കൂടുതലായി ബന്ധത്തിന്റെയോ അടുപ്പത്തിന്റെയോ ആവശ്യകത അവർക്കില്ല. താഴ്ന്ന ജീവികളിലാണെങ്കിൽ ഒരു ശരീരത്തിൽ തന്നെ ആണിന്റെയും പെണ്ണിന്റെയും ലൈംഗിക അവയവങ്ങൾ അടങ്ങിയിരിക്കുന്നു. അതിലും ഉയർന്ന ജന്തുവർഗങ്ങളിൽ ആണിനും പെണ്ണിനും ലിംഗജോഡികൾ അതായത് ആണിന് പെണ്ണും പെണ്ണിന് ആണും ആവശ്യമായി വരുന്നു എന്നല്ലാതെ അതിൽ കൂടുതൽ മൂന്നാമതൊരു ബന്ധുത്വത്തെ അവർ ആശ്രയിക്കുന്നില്ല. എന്നാൽ, ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ഇങ്ങനെ നിസ്സാരമായ ആവശ്യങ്ങൾക്കായിട്ടല്ല. മുഴുവൻ മാനവരാശിയുടെ ചലനങ്ങൾ പരസ്പരം സ്വാധീനിക്കും വിധം വിശാലമാണ് അവന്റെ ആവശ്യങ്ങൾ. അതിസൂക്ഷ്മമായ പരിവർത്തനങ്ങൾ വളരെ ലഘുവാണെങ്കിലും അത് ചെലുത്തുന്ന പ്രഭാവങ്ങളെ പരിഗണിക്കുമ്പോൾ ലോകം മുഴുവൻ വ്യാപിക്കത്തക്ക വിധം വിശാലമാണവ. വ്യക്തമായി ദൃശ്യമാകാത്ത പ്രഭാവങ്ങൾ നിരവധിയാണെങ്കിലും അത് വാസ്തവത്തിൽ മനുഷ്യന്റെ കർമങ്ങളെയും ചിന്തയെയും സംസാരത്തെയും ചലനങ്ങളെയും ഒരുപാട് സ്വാധീനിക്കുന്നു. ചില പ്രഭാവങ്ങൾ വ്യക്തമായി ദൃശ്യമാകുന്നവയുമാണ്. ഒരു പ്രവർത്തനവും പാഴാവുകയില്ല

ഇന്നത്തെപ്പോലെ, പ്രാചീന ജനതകൾക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കാനുള്ള പ്രാപ്തി ഉണ്ടായിരുന്നില്ല. എന്നാൽ സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ സ്വാധീനം പോലും പാഴാകാതെ മറ്റു വസ്തുക്കളെ സ്വാധീനിക്കുന്നുവെന്നാണ് പ്രകൃതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ അറിയാൻ സാധിച്ചിരിക്കുന്നത്. ഒരു ചലനവും പാഴാകാതെ ചലിച്ചുകൊണ്ട് അതിന്റെ തരംഗങ്ങൾ ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്ത് എത്തിച്ചേരുന്നു. ഇതിനെ പ്രയോജനപ്പെടുത്തിയാണ് കമ്പിയില്ലാക്കമ്പി സന്ദേശം ആവിഷ്ക്കരിച്ചിരിക്കുന്നത്.

### ആത്മീയ ലോകത്തെ പ്രവാചക തരംഗങ്ങൾ

ഭൗതിക ലോകത്ത് ഉള്ളത് പോലെ ആത്മീയ ലോകത്തും ചലന തരംഗങ്ങളുണ്ട്. ചിലപ്പോൾ അത് എല്ലാവർക്കും ദർശന യോഗ്യമാണ്. ചിലപ്പോൾ കമ്പിയില്ലാക്കമ്പി പോലെ അതിന്റെ ഉപകരണം കൈവശമുള്ളവനേ അറിയാൻ സാധിക്കൂ.

പ്രവാചകന്മാരുടെ അസ്തിത്വത്തിലൂടെ വലിയ വലിയ ചലനങ്ങൾ ഉണ്ടാകുന്നു. അവരിൽ നിന്നുണ്ടാകുന്ന തരംഗങ്ങൾ അവരുടെ തന്നെ കഴിവനുസരിച്ച് ഓരോ പ്രവിശ്യയിലും രാജ്യത്തും എന്നല്ല ലോകം മുഴുവനും വ്യാപിക്കുന്നു. അത്തരം തരംഗങ്ങൾ പലവട്ടം

ലോകത്ത് പ്രചരിക്കുകയും ജനങ്ങൾക്ക് അത് അനുഭവവേദ്യ മാകുകയും ചെയ്തിട്ടുണ്ട്. വളരെ പുരാതനമായ കാലത്തെ ചരിത്രം നിലവിലില്ലെങ്കിലും ഹദ്റത്ത് നൂഹ് നബി (അ)യുടെ അവസ്ഥ വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാകുന്നു. പല ദു:ഖങ്ങളിലും ദുരിതങ്ങളിലും അദ്ദേഹം അകപ്പെട്ടെങ്കിലും അദ്ദേഹത്തിൽ ഒരു ശക്തിപ്രഭാവം ഉണ്ടായിരുന്നു. ആ ശക്തിയിൽ നിന്ന് ഉദ്ഭൂതമായ തരംഗങ്ങൾ അനേകം പേർ ദർശിക്കുകയും അനുഭവിക്കുകയും ചെയ്തു. ഇതു പോലെയായിരുന്നു ഹദ്റത്ത് ഇബ്റാഹിം (അ) ന്റെ കാലത്ത് ഉയർന്നു പൊങ്ങിയ തരംഗവും. വിശാലമായ ഒരു ഭൂപ്രദേശത്തെ വലയം ചെയ്യുമാറ് ശക്തമായിരുന്നു അത്.

## ഹദ്റത്ത് മൂസാ നബി (അ)

അതിനു ശേഷം ഹദ്റത്ത് മൂസാ നബി (അ) യുടെ കാലത്താണ് ഏറ്റവും വലിയ തരംഗം ഉണ്ടായതായി പറയപ്പെടുന്നത്. നോക്കൂ, എത്രമാത്രം അധ:സ്ഥിതാവസ്ഥയിൽ നിന്നാണ് അദ്ദേഹം സമൂഹത്തെ രക്ഷപ്പെടുത്തിയത്? അക്രമികളും ശക്തരുമായ ശത്രുക്കളുടെ പിടിയിൽ നിന്ന് എങ്ങനെയാണ് അദ്ദേഹം അവരെ കരകയറ്റിയത്?

ബാഹ്യമായി നോക്കുമ്പോൾ ഹദ്റത്ത് മൂസാനബി(അ)യുടെ പക്കൽ സൈന്യമോ മറ്റേതെങ്കിലും വിധത്തിലുള്ള ശക്തിസ്വാധീനമോ ഉണ്ടായിരുന്നില്ല. എങ്കിലും ദൈവത്തിനായി വിനയവും താഴ്മയും നിറഞ്ഞിരുന്ന ആ മനസ്സിൽ ഉരുവം കൊണ്ട അലയൊലി അദ്ദേഹത്തിന്റെ സമൂഹത്തിന് ജീവൻ നൽകി. അങ്ങേയറ്റം നിന്ദ്യരായിത്തീർന്നിരുന്ന സമൂഹമായിരുന്നു അത്. ആ സമുദായത്തിലെ ഏതെങ്കിലും ആളുടെ മേൽ ഏതെങ്കിലും ഖിബ്തിയുടെ നോട്ടം പതിഞ്ഞാൽ അയാൾ വധാർഹനായി വിധിക്കപ്പെട്ടിരുന്നു. രാജാവ് പുറത്തു പോകുമ്പോൾ മുഖാവരണം ധരിച്ചായിരിന്നു പോകാറ്; ആരുടെ മേലും തന്റെ നോട്ടം പതിയാതിരിക്കാൻ. ഇതിൽ കൂടുതൽ നിന്ദ്യത ഒരു സമൂഹത്തിന് വേറെ എന്തുണ്ടാകാനാണ്? മുസ്‌ലിമിന്റെ കരസ്പർശമേറ്റ വസ്തു അശുദ്ധമാണെന്ന് ഹിന്ദുക്കൾ പറയുമ്പോൾ മുസ്‌ലിംകൾ അതിൽ പ്രകോപിതരാവുന്നു. അവരുടെ പ്രകോപനം ഒരു പരിധിവരെ ന്യായീകരിക്കാവുന്നതാണ്. എന്നാൽ, ബനീഇസ്രായീൽ സമൂഹമാകട്ടെ, രാജാവു പോലും കാണാൻ ഇഷ്ടപെടാതെ മുഖം മറച്ച് പുറത്തു പോകും വിധം നിന്ദ്യരായി ഗണിക്കപ്പെട്ടവരായിരുന്നു. ഫിർഔന് കുഷ്ഠരോഗമായതിനാലാണ് മുഖം മറച്ച് നടക്കുന്നതെന്ന് ബനീ ഇസ്രായീല്യർ തങ്ങളുടെ നിന്ദ്യത മറച്ചു വെക്കാൻ പറഞ്ഞിരുന്നു. എന്നാൽ അശുദ്ധരായ ബനീ ഇസ്രായീല്യരുടെ മേൽ തന്റെ നോട്ടം പതിയാതിരിക്കാനാണ് ഫിർഔൻ മുഖം മറച്ചിരുന്നതെന്ന് ചരിത്രം പറയുന്നു. ഇങ്ങനെ അശുദ്ധരായി ഗണിക്കപ്പെടുകയും ഇഷ്ടിക ഉണ്ടാക്കുന്ന അങ്ങേയറ്റം താഴെനിലവാരത്തിലുള്ള ജോലികൾ എടുപ്പിക്കുകയും യാതൊരു വിധ ബഹളവും പ്രകോപനവുമില്ലാതെ ജോലി ചെയ്യുകയും ചെയ്തിരുന്ന ആ ജനതയിൽ ഈ നിന്ദ്യതയിൽ നിന്ന് രക്ഷ ലഭിക്കണമെന്ന ആവേശം ഇനി ഉണ്ടായാൽ തന്നെ അത് ഉടനെ അമരുകയും പിന്നീട് സ്വാഭാവികമായ അധ:സ്ഥിതാവസ്ഥയിൽ പണിയെടുക്കുകയുമാണുണ്ടായത്. ഇങ്ങനെ നിന്ദ്യരും അധ:സ്ഥിതരുമായ സമൂഹത്തിലാണ് ഹദ്റത്ത് മൂസാനബി (അ) ആഗതരായത്. അദ്ദേഹം മുഖേന പ്രചലിച്ച തരംഗം വികസിച്ച് ബഹുദൂരം കടന്നു പോയി. പിൽക്കാലത്ത് അതിന്റെ സ്വാധീനം കാണാൻ സാധിക്കുന്നില്ലെങ്കിലും സ്വാധീനം ചെലുത്താത്ത ഒരു തരംഗവുമില്ല എന്ന് ഞാൻ തെളിയിക്കുന്നതാണ്. അതിനു ശേഷം ചെറിയ ചെറിയ തരംഗങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നുവെങ്കിലും പതിമൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം ഉണ്ടായ ഒരു വലിയ തരംഗം ലോകത്തെ ഭൂരിഭാഗം പ്രദേശങ്ങളിലും വ്യപിച്ചു.

## നബി (സ) തിരുമേനിയുടെ കാലത്തെ തരംഗം

പിന്നീട് ഏറ്റവും ഒടുവിൽ നബി (സ) തിരുമേനി മുഖേനയാണ് ഏറ്റവും വലിയ തരംഗം ഉണ്ടായത്. ലോക ജനതകൾ അശ്രദ്ധരായി അന്ധകാരത്തിൽ അലഞ്ഞു തിരിയുകയും എല്ലാവരിലും നിർജീവാവസ്ഥ വ്യാപിക്കുകയും ചെയ്തിരുന്ന ഒരു കാലത്ത് അല്ലാഹു നബി (സ) തിരുമേനി മുഖേന ആത്മീയ സാഗരത്തിൽ സൃഷ്ടിച്ച ആവേശോജ്ജ്വലമായ അലകൾ പ്രത്യേക കാലത്തേക്കോ പ്രത്യേക ദേശത്തേക്കോ അല്ല ബന്ധപ്പെട്ടിരിക്കുന്നത്, അത് മുഴു ലോകത്തേക്കും വേണ്ടിയുള്ളതാണ്. ബാഹ്യമായി നോക്കുമ്പോൾ സവിശേഷമായ സ്ഥാനമാനങ്ങളില്ലാതിരുന്ന അറേബ്യയിലാണ് ഈ തരംഗം ഉണ്ടായതെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നു. ലോകം കണ്ടു കൊണ്ടിരിക്കുകയും ഓരോ വ്യക്തിക്കും, അയാൾ വിശ്വാസിയോ അവിശ്വാസിയോ ആകട്ടെ, ഇത് അനുഭവവേദ്യമാകുകയും ചെയ്യുന്ന ബാഹ്യമായ പ്രഭാവമാണിത്. പാശ്ചാത്യ ചരിത്രകാരന്മാരും ഇസ്‌ലാമിക ചരിത്രകാരന്മാരും യഹൂദികളും ക്രിസ്ത്യാനികളും ഇക്കാര്യം സമ്മതിക്കുന്നു.

ഹദ്റത് മൂസാനബി (അ) ദൈവത്തിന്റെ പ്രവാചകനാണെന്ന് ലോകം സമ്മതിച്ചാലും ഇല്ലെങ്കിലും അദ്ദേഹം മുഖേന ബനീ ഇസ്രായീലിൽ മുഴുവൻ ഒരു തരംഗം വ്യാപിച്ചു എന്നത് ഒരു സമൂഹത്തിനും നിഷേധിക്കാനാവില്ല. ഇനി ഹദ്റത്ത് ഈസാനബി(അ) അല്ലാഹുവിന്റെ പ്രവാചകനാണെന്ന് നിഷേധിച്ചാലും അദ്ദേഹത്തിന്റെ കാലഘട്ടത്തിലും ഒരു തരംഗം ഉണ്ടായി എന്ന കാര്യം അനിഷേധ്യമാണ്. അത് പോലെ, നബി(സ) തിരുമേനിയെ ദൈവത്തിന്റെ

പ്രവാചകനാണെന്ന് എല്ലാവരും വിശ്വസിക്കുന്നില്ലെന്നത് മറ്റൊരു വിഷയമാണെങ്കിലും മുമ്പെങ്ങു മില്ലാത്ത വിധത്തിലുള്ള വിപ്ലവ മാണ് അദ്ദേഹം മുഖേന ലോകത്ത് ഉണ്ടായതെന്ന കാര്യം ലോകത്തിന് അംഗീകരിക്കാതിരിക്കാനാവില്ല. സ്പഷ്ടമായ, ഓരോ വ്യക്തിക്കും അനുഭവവേദ്യമായ സ്വാധീന മാണത്.

### ആത്മീയ തരംഗങ്ങളുടെ അദൃശ്യ സ്വാധീനം

സാധാരണ ജനങ്ങൾക്ക് അനുഭവപ്പെടാത്ത അദൃശ്യ സ്വാധീ നങ്ങളാണ് മറ്റൊന്ന്. ഏറ്റവും ചെറിയ കർമം പോലും ഒരേ സ്ഥലത്ത് തന്നെ തങ്ങാതെ ചുറ്റിലും പ്രസരി ക്കുന്നു എന്നാണ് സംഭവ വികാസ ങ്ങൾ വെളിപ്പെടുത്തുന്നത്. മെഷീൻ പ്രവർത്തിപ്പിക്കുമ്പോൾ എവിടെ യും തങ്ങാതെ മുന്നോട്ട് തന്നെ അതു പോകുന്നു. നമ്മുടെ എല്ലാ ചലനങ്ങളും ഈ അന്തരീക്ഷത്തിൽ വ്യാപിക്കുകയും അവയുടെ പ്രഭാവം ദീർഘദൂരം വരെ എത്തുകയും ചെയ്യുന്നതു പോലെ ആത്മീയ ലോകത്ത് ഉയരുന്ന തരംഗവും വ്യാപിക്കുകയും അങ്ങു ദൂരെ വരെ എത്തുകയും ചെയ്യു ന്നു. ചരിത്രത്തിൽ സൂക്ഷിക്ക പ്പെട്ടിട്ടുള്ള നബി (സ) യുടെ ഉദാഹരണം എടുക്കാം.

### ശിർക്കിന്റെ പ്രസരണം

ലോകത്തെ സർവസമൂഹ ങ്ങളും പൊതുവെ ബഹുദൈവാ രാധനയിൽ അകപ്പെട്ടിരുന്ന കാല ത്തായിരുന്നു നബി (സ) തിരുമേനി ആഗതരായത്. 'പൊതുവെ' എന്ന് ഞാൻ പറയാൻ കാരണം അക്കാല ത്ത് ദൈവത്തിന്റെ ഏകത്വത്തെ വ്യക്തിപരമായ നിലയിൽ അംഗീക രിച്ചിരുന്നവർ ഉണ്ടായിരുന്നു എന്നതു കൊണ്ടാണ്. പക്ഷേ, അവർക്കൊരു പ്രഭാവവും ഉണ്ടായി രുന്നില്ല. പൊതുവെ എല്ലായിടത്തും ശിർക്ക് മാത്രമായിരുന്നു. ഒന്നില ധികം ദൈവത്തിൽ വിശ്വസിക്കുക എന്നത് അക്കാലത്ത് ഒരു ഫാഷൻ ആയി മാറിയിരുന്നു. ഇതിന് തെളിവെന്നോണം അക്കാലത്ത് ഏക ദൈവരാധകരായ സമൂഹങ്ങ ളിലും ഏതെങ്കിലും വിധത്തിൽ ബഹുദൈവാരാധന അംഗീകരിക്ക പ്പെട്ടിരുന്നതായി കാണാം. ഏക ദൈവത്തിൽ മാത്രം വിശ്വസിക്കുക എന്ന് തങ്ങളുടെ എല്ലാ ഗ്രന്ഥങ്ങളി ലും പറയപ്പെട്ടിരിക്കെ ബനീ ഇസ്രായീല്യരും പറഞ്ഞിരുന്നത് അസീർ ദൈവപുത്രനാണ് എന്നാ ണ്. അതുപോലെ ആദ്യകാല ങ്ങളിൽ ശുദ്ധ ഏകദൈവത്തിൽ അധിഷ്ഠിതമായിരുന്ന സ്വരാഷ്ട്ര മതത്തിന്റെ അനുയായികളും ബഹു ദൈവാരാധനയിൽ അകപ്പെട്ടു. ഇവിടെ ഇന്ത്യയിലെ അവസ്ഥ യാണെങ്കിൽ ഏകദൈവത്തെ ആരാധിക്കണമെന്ന് അവർ പറയു ന്നുവെങ്കിലും പലവിധ ബിംബങ്ങ ളെ പൂജിക്കുകയും ആരാധി ക്കുകയുമാണ് ചെയ്തിരുന്നത്. ക്രിസ്ത്യാനികളാണെങ്കിൽ ഈസാ നബി(അ)യെ ദൈവപുത്രനാക്കി. അക്കാലത്ത് എല്ലാ സമൂഹങ്ങളും ബഹുദൈവാരാധനയെ നിഷേധിച്ചി രുന്നുവെങ്കിലും ഏകദൈവവിശ്വാ സത്തിൽ നിലനിന്നവരായിരുന്നില്ല. തൗഹീദിൽ നിലനിന്നാൽ അവർ ഇല്ലാതായിപോകുമോ എന്ന് അവർ ഭയപ്പെട്ടിരുന്നതു പോലെ തോന്നു മായിരുന്നു. ഇക്കാലത്ത് പർദയെ കുറിച്ച് പൊതുജനങ്ങൾ ചിന്തിക്കു ന്നതും ഇത് പോലെയാണ്. ഇതിനെ തിരിൽ ഒരു ചിന്താധാര തന്നെ വളർന്നു വന്നിരിക്കുന്നതിനുള്ള കാരണവും മറ്റൊന്നല്ല. ഇതിൽ പ്രഭാവിതരായിക്കൊണ്ട് ഒന്നുകിൽ പർദയെ പൂർണമായും ഇല്ലാതാ ക്കുക അല്ലെങ്കിൽ തങ്ങൾ പർദ ആചരിക്കുന്നവരാണെന്ന് പാശ്ചാ ത്യർക്ക് മനസ്സിലാകാത്ത വിധം അതിനെ നിസ്സാരമാക്കുക എന്നാണ് മുസ്‌ലിംകളും പറയുന്നത്. അതു പോലെ ബഹുഭാര്യത്വത്തെ പാശ്ചാ ത്യരിൽ നിന്ന് മറച്ചുവെക്കാനും മുസ്‌ലിംകൾ ശ്രമിക്കുന്നു. ഇതിനു വേണ്ടി പലവിധത്തിലും സമ്മർദം ചെലുത്തുന്നു. എന്നാൽ വാസ്തവ ത്തിൽ ഇക്കാലത്തെ ഒഴുക്കിനെ അഭിമുഖീകരിക്കുമ്പോൾ അതിനോ ടൊപ്പം ഒഴുകിപ്പോയി നമ്മുടെ മതത്തിന് നിലനില്ക്കാൻ കഴിയു മോ എന്ന ഭയമാണ് അവരെ ഗ്രസിച്ചിരിക്കുന്നത്. ഇതുപോലെ യാണ് മറ്റു വിഷയങ്ങളുടെ കാര്യവും. ഉദാഹരണമായി, നമസ്കാരത്തെ സംബന്ധിച്ച് അത് മുൻകാല ജനങ്ങൾക്കു വേണ്ടി യായിരുന്നല്ലോ? അത് ബാഹ്യമായ നിലയിൽ അനുഷ്ഠിക്കേണ്ട ആവശ്യമെന്താണ് എന്ന് ചോദിക്കു ന്നു. ഇനി മേശയിലും കസേരയിലും ഇരുന്നുകൊണ്ട് ദൈവസ്തോത്രം ചെയ്യുകയും ദൈവനാമം വന്നാൽ തലകുനിക്കുകയും ചെയ്താൽ മാത്രം മതി എന്നാണ് അവർ പറയുന്നത്.

ഇങ്ങനെ പറയുന്നത് എന്തുകൊണ്ടാണ്? ഇക്കാലത്ത് പ്രചരിച്ചുകൊണ്ടിരിക്കുന്ന ചിന്താധാര കാരണത്താൽ യഥാർഥ വിശ്വാസത്തിൽ നിലനിന്നാൽ തങ്ങൾ ഇല്ലാതായിപ്പോകുമെന്ന് ജനങ്ങൾ കരുതുന്നു. നബി(സ) തിരുമേനി ആഗതരായ കാലത്തും ഇതായിരുന്നു തൗഹീദിന്റെ അവ സ്ഥ. ഏതെങ്കിലും തരത്തിലുള്ള ശിർക്ക് അവലംബിക്കുന്നതു വരെ തങ്ങൾക്ക് നിലനില്ക്കാനാവില്ലെന്ന ചിന്തയായിരുന്നു സർവമതങ്ങളി ലും വ്യാപിച്ചിരുന്നത്. ഏതു ദുഷ്പ്രകൃതക്കാരന്റെ മനസ്സിലാണ് ഈ ധാര ആദ്യം ഉളവായതെന്ന് ചരിത്രത്തിൽ നിന്നു വ്യക്തമല്ല. എങ്കിലും ഈ മോശപ്പെട്ട ചിന്താ ധാര തീർച്ചയായും ഇബ്‌ലീസിന്റെ സഹായത്തോടെ വ്യാപിച്ചുകൊണ്ടി രുന്നു എന്നതിന് സംശയത്തിനു വകയില്ല.

ഈ ചിന്താ പ്രവാഹത്തെ നേരിടാനും തൽസ്ഥാനത്ത് തൗഹീദ് പ്രചരിപ്പിക്കാനും വേണ്ടി അക്കാലത്ത് എഴുന്നേറ്റത് നബി(സ) തിരുമേനിയായിരുന്നു. വ്യക്തിപര മായി ഏകദൈവത്തിൽ വിശ്വസിച്ചി രുന്നവർ അക്കാലത്ത് അറേബ്യ യിൽ ഉണ്ടായിരുന്നു. പക്ഷേ, ജനങ്ങളുടെ മുമ്പാകെ അതു

വിവരിക്കാൻ അവർ ഭയപ്പെട്ടു. എന്നാൽ, അവർ തങ്ങളുടെ മനോവിഷമം കവിതകളിലായിരുന്നു പ്രകടിപ്പിച്ചത്. അവരുടെ മനസ്സിൽ ശിർക്കിനെതിരെ ഒരു ധാര ഉടലെടുത്തിരുന്നുവെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. പക്ഷേ, ഒഴുക്കിൽപെട്ട ഇലപോലെയായിരുന്നു അത്. അതുകൊണ്ട് ശിർക്കിന്റെ പ്രവാഹത്തെ അവർ എന്ത് തടയാനാണ്? ശിർക്കിന്റെ പ്രവാഹം തടയാനുള്ള ശക്തി അവർക്കില്ലായിരുന്നു. എന്നാൽ, നബി (സ) യുടെ അസ്തിത്വത്തിൽ അല്ലാഹു സൃഷ്ടിച്ച ആ പ്രവാഹം ശിർക്കിനെ പരാജയപ്പെടുത്തി ഉന്മൂലനം ചെയ്തു. അങ്ങനെ ഒന്നുകിൽ എല്ലാ മതക്കാരും തങ്ങളുടെ മതത്തിൽ ശിർക്കിനെ കടത്തികൂട്ടുകയും അതില്ലാത്ത അവസ്ഥകൾ തങ്ങൾക്ക് ഉണ്ടാകരുതെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന തരംഗം ഉണ്ടാവുകയോ അല്ലെങ്കിൽ മുപ്പത്തിമുക്കോടി ദൈവങ്ങളിൽ വിശ്വസിക്കുന്നവർ തങ്ങളും ഏകദൈവവിശ്വാസികളാണെന്ന് പറയുകയോ ചെയ്യുന്നതായിട്ടാണ് നാം കാണുന്നത്.

ഹദ്റത്ത് മൂസാനബി(അ) യുടെ ആഗമനത്തോടെ തൗഹീദിനു വേണ്ടി തങ്ങളുടെ ജീവൻ പോലും അർപ്പിക്കാൻ സന്നദ്ധരാവുകയും അതിനുവേണ്ടി തുണ്ടം തുണ്ടമാക്കപ്പെടുന്നത് സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്ത ആ സമൂഹത്തിൽ ഹദ്റത്ത് മൂസാനബി (അ)ക്ക് ശേഷം ശിർക്ക് ഉണ്ടായതായി നമുക്ക് കാണാം.

## നബി (സ) തിരുമേനിയുടെ തൗഹീദിന്റെ പ്രവാഹം

എന്നാൽ, നബി (സ) തിരുമേനി മുഖേന തൗഹീദ് സ്ഥാപിതമായപ്പോൾ ഇന്ന് വിഗ്രഹാരാധനയിൽ ഊന്നൽ നല്കുന്നവർ പോലും പറയുന്നത് തങ്ങളിൽ ശിർക്ക് കടന്നു കൂടിയത് പിൽക്കാലത്താണ്, ആദ്യം അങ്ങനെയായിരുന്നില്ല എന്നാണ്. നാം ചോദിക്കട്ടെ, മുൻപ് ശിർക്ക് ഇല്ലായിരുന്നു എന്ന് സമ്മതിച്ചാൽ തന്നെ ശിർക്കിനെതിരെയുള്ള ചിന്ത നിങ്ങളിൽ എപ്പോഴാണ് ഉണ്ടായത്? നബി (സ)തിരുമേനിയുടെ നിയോഗത്തിനു ശേഷം. നബി (സ) തിരുമേനി മുഖേന ശിർക്കിനെതിരെയുണ്ടായ തരംഗം എത്രമാത്രം സ്വാധീനമാണ് ചെലുത്തിയത് എന്ന് ബാഹ്യമായ നിലയിൽ ലോകത്തിന് കാണാൻ സാധിക്കുന്നില്ലെങ്കിലും അവരോട് അത് പറയുമ്പോൾ ശിർക്കിനെതിരെ നബി (സ) തിരുമേനിയുടെ ഹൃദയത്തിൽ നിന്നുയർന്ന തരംഗം വ്യാപിച്ചുകൊണ്ടിരിക്കുകയാണെന്ന് സമ്മതിക്കാൻ വിവേകമുള്ള ഓരോ വ്യക്തിയും നിർബന്ധിതനാവുന്നു. ഞാൻ നല്കിയ ഈ ഉദാഹരണം പ്രത്യക്ഷത്തിൽ ദൃശ്യമാകുന്നതല്ല. എങ്കിലും, നബി(സ)തിരുമേനി കൊണ്ടുവന്ന ധാര ലോകം മുഴുവനും വ്യാപിച്ചു എന്നവർ അംഗീകരിക്കുന്നു. തങ്ങളുടെ മതത്തിൽ ശിർക്കില്ലെന്നാണ് എല്ലാ സമുദായവും അംഗീകരിക്കുന്നത്. യേശുവിന്റെ ദൈവികതയാണ് ക്രിസ്തുമതത്തിന്റെ സത്യതയ്ക്കുള്ള തെളിവെന്നും മറ്റു മതങ്ങളുടെ മേൽ അതിനുള്ള ശ്രേഷ്ഠതയാണ് അതെന്നും പറയപ്പെട്ടിരുന്ന ഒരു സമയം ഉണ്ടായിരുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ ക്രിസ്ത്യാനികളും മുസ്ലിംകളും തമ്മിലുണ്ടായ സംവാദങ്ങളിൽ നിന്ന് ഇത് സ്ഥാപിതമാണ്. എന്നാൽ, ഇന്ന് ക്രിസ്ത്യാനികൾ പറയുന്നത് തങ്ങളുടെ മതത്തിൽ മാത്രമേ തൗഹീദ് കാണപ്പെടുന്നുള്ളൂ, അത് കൊണ്ട് അതു സത്യമാണ് എന്നാണ്. ചുരുക്കത്തിൽ, അത് സത്യമായിരുന്നത് അതിൽ ശുദ്ധ ശിർക്ക് കാണപ്പെടുന്നത് കൊണ്ടായിരുന്നു. ഇപ്പോൾ അത് സത്യമായിരിക്കുന്നത് ശുദ്ധ തൗഹീദ് കാണപ്പെടുന്നത് കൊണ്ടാണ്. ഇതെന്തുകൊണ്ടാണെന്നോ? നബി (സ) തിരുമേനി മുഖേന ശിർക്കിനെതിരിൽ ഉണ്ടായ തരംഗം എല്ലാവരിലും പ്രസരിച്ചു കൊണ്ട് ആന്തരികമായി തന്നെ ശിർക്കിനെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുന്നത് കൊണ്ടാണ്. മറഞ്ഞിരിക്കുന്ന, എല്ലാവർക്കും ഗോചരീഭവിക്കാത്ത തരംഗമാണ് അതെങ്കിലും ഗാഢമായി ചിന്തിക്കുന്നവർക്ക് കാണാൻ കഴിയും.

## മനുഷ്യമനസ്സിൽ ഉയിർകൊള്ളുന്ന ഒരു ധാരയും പാഴാവില്ല

മനുഷ്യന്റെ ഒരു അനക്കവും പാഴാവില്ലെന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നു. നോക്കൂ, ഓരോ വ്യക്തിയെയും തന്നിലേക്ക് ആകർഷിക്കും വിധം ശക്തമായ നിലയിലായിരുന്നു ശിർക്കിന്റെ തരംഗം വ്യാപിച്ചുകൊണ്ടിരുന്നത്. പക്ഷേ, അതിനെതിരെ ആത്മീയ അലയൊലികൾ ഉണ്ടായപ്പോൾ അതിലേക്കും ലോകം ആകൃഷ്ടരായി. ഇവ രണ്ടിലുമുള്ള വ്യത്യാസമെന്താണ്? ശിർക്കിന്റെ തരംഗം എവിടെ നിന്നാണ് ഉണ്ടായതെന്ന് ആർക്കും അറിയില്ല. എന്നാൽ, ഇതിനെതിരെ ഉണ്ടായ തരംഗം അത് നബി (സ) തിരുമേനി മുഖേനയാണെന്ന് ഓരോരുത്തർക്കും സ്പഷ്ടമായി അറിയാം.

ഒരാളുടെ മനസ്സിൽ നിന്നുയർന്ന പ്രവാഹം മറ്റൊരാളുടെ മനസ്സിനെ സ്വാധീനിക്കുന്നതെങ്ങനെ? ഒരാളുടെ മനസ്സിൽ നിന്നുയരുന്ന ധാര മറ്റൊരാളുടെ മനസ്സിനെ സ്വാധീനിക്കുന്നതെങ്ങനെയെന്നത് ആത്മീയതയെ കുറിച്ച് അജ്ഞരായ ജനങ്ങൾക്ക് ഗ്രഹിക്കാൻ കുറച്ചു പ്രയാസമാണ്. എങ്കിലും ഇതിന്റെ ഉദാഹരണങ്ങൾ പൊതുവിൽ കാണപ്പെടുന്നുണ്ട്. ലാഹോറിലെ ഏതോ കോളേജിൽ പഠിച്ചിരുന്ന ഒരു സിക്കുകാരനെ കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പറയാറുണ്ടായിരുന്നു. വാഗ്ദത്ത മസീഹു(അ) മായി അയാൾക്ക് നല്ല ബന്ധമായിരുന്നു. താൻ കോളേജിലിരിക്കുമ്പോൾ നിരീശ്വര ചിന്തകൾ തന്റെ മനസ്സിൽ ഉടലെടുക്കാൻ തുടങ്ങുന്നുവെന്നും അതിൽ നിന്നു രക്ഷപ്പെടാൻ വല്ല മാർഗവും

പറഞ്ഞു തരാൻ അപേക്ഷിക്കണമെന്നും അയാൾ ഒരിക്കൽ പറഞ്ഞയച്ചു. കോളേജിലിരിക്കുന്ന സ്ഥലം മാറ്റണമെന്ന് വാഗ്ദത്ത മസീഹ്(അ) അയാളെ അറിയിച്ചു. അയാൾ സ്ഥലം മാറി ഇരുന്നപ്പോൾ അത്തരത്തിലുള്ള ചിന്തകൾ ഇല്ലാതായി. സംഗതി എന്തായിരുന്നുവെന്നാൽ, അയാൾക്ക് ചുറ്റും ഇരുന്നിരുന്ന കുട്ടികളെല്ലാം നിരീശ്വര ചിന്തകൾക്ക് വശംവദരായിരുന്നു. അവരുടെ ചിന്തകളുടെ പ്രവാഹം അയാളിൽ എത്തുകയും അയാളെ സ്വാധീനിക്കുകയും ചെയ്തു. അയാളിൽ ദിവ്യജ്ഞാനവും ദിവ്യപ്രകാശവും ഇല്ലാതിരുന്നതിനാൽ അയാളുടെ മനസ്സ് നിരീശ്വര ചിന്തകൾക്ക് അടിപ്പെട്ടു. എന്നാൽ, അയാൾ സ്ഥലം മാറി ഇരുന്നപ്പോൾ അതിൽ നിന്ന് സുരക്ഷിതനായി. ഇത് പോലെ പലവട്ടം കാണാൻ സാധിച്ചിട്ടുണ്ട്. ഇന്ന കാര്യം സംസാരിക്കണമെന്ന ചിന്ത ഒരാളിൽ ഉണ്ടാകുന്നു. എന്നാൽ അയാൾ അത് പ്രകടിപ്പിക്കുന്നതിന് മുമ്പേ മറ്റൊരാൾ അത് പറയുന്നു. കാരണം ഒരാളുടെ സ്വാധീനം മറ്റൊരാളിൽ ചെലുത്തുന്നത് കൊണ്ടാണ്. ഒരിക്കൽ ഞാൻ ഇശാ നമസ്കാരം നിർവഹിക്കുകയായിരുന്നു. അന്ന് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) കുതിരപ്പുറത്ത് നിന്ന് വീണ് രോഗിയായിരുന്നു. അദ്ദേഹം അന്ന് പൂർണമായി സുഖം പ്രാപിച്ചിരുന്നില്ല. നമസ്കാരത്തിൽ ഞാൻ സുജൂദ് ചെയ്തപ്പോൾ നാളെ വെള്ളിയാഴ്ച്ച യാ റബ്ബി ഇന്ന ഖൗമീ ഇത്തഖദൂ ഹാദൽ ഖുർ ആന മഹ്ജൂറ(അൽ ഫുർഖാൻ:31) എന്ന ആയത്തിനെപറ്റി പ്രസംഗിക്കാം എന്ന ചിന്ത വന്നു. ആ സമയം എനിക്ക് അതിനെപ്പറ്റി ഒരു ചിന്തയും ഉണ്ടായിരുന്നില്ല. ഞാൻ എപ്പോഴെങ്കിലും ആ ആയത്ത് വായിക്കുകയോ കേൾക്കുകയോ ചെയ്ത സംഭവം ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ, വളരെ ആവേശോജ്ജ്വലമായ ചിന്തയായിരുന്നു ഉണ്ടായിരുന്നത്. ദൈവിക പ്രേരണയാണ് അതെന്ന് ഞാൻ മനസ്സിലാക്കി. എത്രമാത്രം ശക്തമായ നിലയിലാണ് അത് ഉണ്ടായതെന്നാൽ നമസ്കാരം പൂർത്തിയാക്കാൻ വളരെ പ്രയാസപ്പെട്ടു. പിന്നീട് ഞാൻ ഉറങ്ങാൻ കിടന്നപ്പോഴും എനിക്ക് ഇതേ ചിന്തയായിരുന്നു. ഉണർന്നപ്പോഴും എന്റെ സ്ഥിതിക്ക് മാറ്റമില്ലായിരുന്നു. അതിനുശേഷവും ഇതേ അവസ്ഥ തുടർന്നു. ഏത് വരെയെന്നാൽ, ഞാൻ വുളു എടുത്ത് നമസ്കരിക്കാൻ പുറപ്പെടുകയും പടിയിറങ്ങി താഴെ എത്തുകയും ചെയ്തപ്പോൾ ഉടനെ തന്നെ ഖലീഫ അവ്വലി(റ)നെ കണ്ടു. അദ്ദേഹം പറഞ്ഞു: "ഇന്ന് നിന്നെ ഞാൻ ആളെ വിട്ട് കുറേ തിരഞ്ഞല്ലോ. താങ്കൾ എവിടെയായിരുന്നു?'' ഞാൻ പറഞ്ഞു: "ഞാൻ വീട്ടിൽ തന്നെയായിരുന്നു. തിരഞ്ഞുവന്ന ആൾക്ക് തെറ്റ് പറ്റിയോ എന്നറിയില്ല. ഞാൻ വീട്ടിൽ നിന്ന് പോയിട്ടേ ഉണ്ടായിരുന്നില്ല.'' അദ്ദേഹം പറഞ്ഞു: "എന്താണെന്നറിയില്ല, ജനങ്ങൾ ഖുർആൻ ഓതുന്നതിനെപ്പറ്റി താങ്കൾ പ്രസംഗിക്കണമെന്ന കാര്യത്തിലേക്ക് ഇന്ന് രാവിലെ മുതൽ എന്റെ മനസ്സ് വല്ലാതെ പ്രേരിതമായി കൊണ്ടിരിക്കുകയാണ്'' ഇങ്ങനെ സംസാരിച്ച് പോകവെ ഞങ്ങൾ വലിയ പള്ളിക്കടുത്തുള്ള ഹിന്ദുക്കളുടെ വീടിനടുത്ത് എത്തി. പ്രസംഗത്തിനായി വല്ല ആയത്തും തിരഞ്ഞെടുത്തുകൊള്ളുക എന്നദ്ദേഹം പറഞ്ഞു. എന്നിട്ടദ്ദേഹം *യാ റബ്ബി ഇന്ന ഖൗമീ ഇത്തഖദൂ ഹാദൽ ഖുർ ആന മഹ്ജൂറ* (അൽ ഫുർഖാൻ:31) എന്ന ആയത്ത് തന്നെ മതി എന്ന് പറഞ്ഞു. ഇന്നലെ രാത്രി മുതൽ ഈ ആയത്തായിരുന്നു വന്നു കൊണ്ടിരുന്നതെന്നും ഇത് സംബന്ധമായി പ്രസംഗിക്കാനുള്ള പ്രേരണയായിരുന്നു വളരെ ശക്തമായി എനിക്കുണ്ടായിക്കൊണ്ടിരുന്നത് എന്നും ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "ഒരു പക്ഷേ, നിന്റെ പ്രേരണയുടെ സ്വാധീനമായിരിക്കും എനിക്ക് ഉണ്ടായത്."

അപ്പോൾ എല്ലാ ഹൃദയത്തിലും ഇത്തരത്തിലുള്ള തരംഗങ്ങൾ ഉണ്ടാകാറുണ്ട്. അത് എത്രമാത്രം ശക്തമാണോ അത്രമാത്രം വ്യാപിക്കുകയും ചെയ്യുന്നു. അവയിലുള്ള വ്യത്യാസം എന്താണെന്നുവെച്ചാൽ, ചിലത് വളരെ ദുർബലമായിരിക്കും. എല്ലാ ഹൃദയത്തിനും അനുഭവവേദ്യമാകാറില്ല. വായു വിലടങ്ങിയിരിക്കുന്ന തരംഗങ്ങളെ പോലെ എല്ലാ കണ്ണുകൾക്കും അത് ഗോചരീഭവിക്കില്ല. പ്രത്യേക ഉപകരണങ്ങൾ കൊണ്ടേ അത് ദൃശ്യമാകുകയുള്ളു. അതിലെ അതിസൂക്ഷ്മകണങ്ങളെ കാണാൻ സാധിക്കില്ല. മൈക്രോസ്കോപിലൂടെ മാത്രമേ കാണാൻ കഴിയൂ. ഇതുപോലെയാണ് ഹൃദയത്തിൽ ഉടലെടുക്കുന്ന തരംഗങ്ങളുടെ അവസ്ഥയും. ചില തരംഗങ്ങളാണെങ്കിൽ എല്ലാവർക്കും അനുഭവവേദ്യമാം വിധം ശക്തവും വ്യക്തവും ആയിട്ടുള്ളതാണ്.

മനുഷ്യനിൽ നിന്നുളവാകുന്ന ഓരോ പ്രവൃത്തിയും ചിന്തയും നിലനില്ക്കുന്നു എന്ന് മാത്രമല്ല, എല്ലാ മനുഷ്യബുദ്ധിയിലേക്കും അത് പ്രവേശിക്കുകയും ചെയ്യുന്നു. അത് ദുർബലമാണെങ്കിൽ അനുഭവഭേദ്യമായിരിക്കില്ല; പ്രബലമാണെങ്കിൽ അനുഭവവേദ്യമായിരിക്കും.

## ഒരു മനുഷ്യനും തന്നെകുറിച്ച് ബാധ്യതയില്ലാത്തവനെന്ന് കരുതരുത്

ഇത് മുഖേന നാം ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു. പല കാര്യങ്ങളെക്കുറിച്ചും സ്വയം ഉത്തരവാദികളല്ലെന്ന് വിചാരിക്കുന്നുവെങ്കിലും വാസ്തവത്തിൽ നാം ഉത്തരവാദികളല്ലാതാവുന്നില്ല. ഒരുപാട് കാര്യങ്ങളെകുറിച്ച് മനുഷ്യൻ വിചാരിക്കുന്നത് അവയൊന്നും തന്റെ ബാധ്യതയല്ലെന്നാണ്. അതുകൊണ്ട് അശ്രദ്ധമൂലം അതിനെ അവൻ അവഗണിക്കുന്നു. എന്നാൽ, ഞാൻ അവതരിപ്പിച്ച തെളിവുകളിൽ നിന്നും ഉദാഹരണങ്ങളിൽ നിന്നും മനസ്സിലാകുന്നത് മനുഷ്യന്റെ ഓരോ ചലനവും ഓരോ പ്രവൃത്തിയും ഫലം നല്കാതെ പോവില്ലെന്നാണ്. അത്

അതിന്റെ വൃത്തത്തിൽ ഒതുങ്ങി നില്ക്കുന്നുമില്ല. മറിച്ച് അതിന്റെ പ്രഭാവം അങ്ങുദൂരെ വരെ വ്യാപിക്കുകയാണ് ചെയ്യുന്നത്. അത് പ്രബലമാകുമ്പോൾ ഒരുപാട് ജനങ്ങൾക്ക് അനുഭവവേദ്യമാകുകയും ദുർബലമാകുമ്പോൾ കുറച്ച് ആളുകൾക്ക് അനുഭവഭേദ്യമാകുകയും ചെയ്യുന്നു. പക്ഷേ, ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്. ഏതെങ്കിലുമൊക്കെ സ്വാധീനം തീർച്ചയായും അതുണ്ടാക്കും.

### ഗുപ്ത തരംഗങ്ങളുടെ സ്വാധീനം; ഖുർആനിൽ നിന്നുള്ള തെളിവ്

അത്കൊണ്ടാണ് അല്ലാഹു ഖുർആനിൽ പറഞ്ഞിരിക്കുന്നത് *ഖുൽ അഊദു ബിറബ്ബിന്നാസ്. മലിക്കിന്നാസ്. ഇലാഹിന്നാസ്. മിൻ ശെർറിൽ വസ്‌വാസിൽ ഖന്നാസ്. അല്ലദീ യുവസ്‌വിസു ഫീസുദൂരിന്നാസ്. മിനൽ ജിന്നത്തി വന്നാസ്.* (അന്നാസ്)

മനുഷ്യനിൽ സംജാതമാകുന്ന ഗുപ്തതരംഗങ്ങൾ മറ്റുള്ളവരെ സ്വാധീനിക്കുമെന്നാണ് ഇതിൽ അല്ലാഹു പറഞ്ഞത്. പിന്മാറിക്കളയുന്ന ദുർബോധങ്ങളിൽ നിന്ന് ഞങ്ങൾ അഭയം പ്രാപിക്കുന്നു. അത്തരം ആളുകൾ സ്വയം പിന്മാറുന്നവരാണെങ്കിലും അവരുടെ ദുഷ്ചിന്തകൾ മറ്റുവള്ളവരുടെ മനസ്സിൽ ചെന്ന് പതിയുന്നു. അന്തരീക്ഷത്തിൽ സ്വയം കാണാൻ സാധിക്കില്ലെങ്കിലും അവരുടെ വസ്‌വാസുകൾ മനസ്സിൽ എത്തുന്നത് എങ്ങനെയാണെന്നും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. അങ്ങനെ അവരുടെ മനസ്സിൽ ജനിക്കുന്ന തരംഗങ്ങൾ ഒഴുകിക്കൊണ്ട് മറ്റുള്ളവരിൽ എത്തുന്നു. മറ്റൊരു രീതിയിലും ഈ കാര്യത്തെ സാക്ഷീകരിക്കാം. അതായത്, പുതിയ ചിന്തകൾ വ്യാപിക്കാൻ തുടങ്ങുമ്പോൾ വിവിധ പട്ടണങ്ങളിൽ അത്തരം ചിന്താഗതികളുള്ള ആളുകൾ എഴുന്നേൽക്കുന്നതായിട്ടാണ് പൊതുവെ കാണാൻ കഴിയുക. ഗവേഷണങ്ങളെ കുറിച്ചും ഇത് തന്നെയാണ് കാണപ്പെടുന്നത്. ഉദാഹരണത്തിന് ഡാർവിന്റെ സിദ്ധാന്തത്തിന്റെ പ്രമുഖ വക്താക്കളായി മൂന്ന് വ്യക്തികൾ സമകാലീനരായി ഉണ്ടായിരുന്നു. ഒരാൾ ഇംഗ്ലീഷുകാരൻ, രണ്ടാമത്തെ ആൾ ജർമൻകാരൻ മൂന്നാമത്തെ ആൾ ഫ്രഞ്ചുകാരൻ. എന്നാൽ, ഈ മൂന്നു പേർക്കും ഒരേ കാലഘട്ടത്തിലാണ് ഈ ചിന്ത ഉണ്ടായത് എന്നാണ് ഗവേഷകർ പറയുന്നത്. ഈ മൂന്നു പേരും സമകാലികരായിരുന്നുവെന്ന് അങ്ങനെ സ്ഥാപിക്കപ്പെട്ടു. അപ്പോൾ ചിന്തകൾ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പ്രസരിക്കുന്നു എന്ന് സാരം.

അതുകൊണ്ടാണ് സദ്‌വൃത്തരുടെ സഹവാസത്തിൽ കഴിയാൻ കല്പിക്കപ്പെട്ടിരിക്കുന്നത്. അതിൽ അടങ്ങിയിരിക്കുന്ന തത്ത്വവും ഇത് തന്നെ. ദൈവത്തിന്റെ സച്ചരിതരായ ആളുകളുടെ കാര്യങ്ങൾ എഴുത്തിലൂടെയോ മറ്റുള്ളവരുടെ വർത്തമാനങ്ങളിൽ നിന്നോ മനസ്സിലാക്കാവുന്നതാണല്ലോ. പിന്നെന്തിനാണ് കൂനൂ മഅസ്സ്വാദിഖീൻ(തൗബ:119) അതായത് സത്യവാന്മാരുടെ സഹവാസത്തിൽ കഴിയുക എന്ന നിർദേശം നല്കിയിരിക്കുന്നത്? നബി (സ) തിരുമേനിയുടെ പക്കൽ നിന്നും ജ്ഞാനം പഠിക്കണമെന്നതിന്റെയും അല്ലെങ്കിൽ വാഗ്ദത്ത മസീഹ് (അ) തന്റെ സഹവാസത്തിൽ കഴിയാൻ ഊന്നൽ നല്കിയതിന്റെയും പൊരുൾ എന്താണ്? വാസ്തവത്തിൽ മനസ്സിൽ നിന്നുയർന്ന തരംഗങ്ങൾ ചെലുത്തുന്നത്ര പ്രഭാവം വാക്കുകൾക്കില്ല. എല്ലാ ഹൃദയങ്ങൾക്കും ഇതിനെ അകലെ നിന്ന് അനുഭവിക്കാൻ സാധിക്കില്ല. അതുകൊണ്ട് അടുക്കുമ്പോൾ പ്രവാഹം തീക്ഷ്ണമാകുന്നതിനാൽ ഉടനെത്തന്നെ പ്രഭാവം ചെലുത്തുന്നതുകൊണ്ടാണ് സഹവാസത്തിനുള്ള കല്പന നല്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് വാഗ്ദത്ത മസീഹ് (അ) നോട് ഇങ്ങനെ പറയപ്പെട്ടത്: 'നിന്റെ കാലഘട്ടത്തിലെ ജനങ്ങൾ നല്ലവരായിരിക്കും. അവർക്ക് ശേഷം വരുന്നവർ പദവിയിൽ താഴ്ന്നവരും അവർക്ക് ശേഷം വരുന്നവർ പദവിയിൽ അതിനേക്കാൾ താഴ്ന്നവരുമായിരിക്കും.' നബി (സ) തിരുമേനിയും ഇത് പോലെ പറഞ്ഞിട്ടുണ്ട്. ഇവരുടെയെല്ലാം സംസ്കരണം വിശുദ്ധ ഖുർആനും തിരുഹദീസുകളും മുഖേന നടക്കുകയും അവർ ശുദ്ധീകരിക്കപ്പെടുകയും ചെയ്തിരിക്കെ പിന്നെന്തുകൊണ്ടാണ് നബി (സ) തിരുമേനിയുടെയും വാഗ്ദത്ത മസീഹ് (അ) ന്റെയും കാലത്തെ ജനങ്ങൾ ഉയർന്ന പദവി അലങ്കരിക്കുകയും അവർക്ക് ശേഷം വരുന്നവർ പദവിയിൽ താഴ്ന്ന സ്ഥാനം അലങ്കരിക്കുകയും ചെയ്യുന്നത്? അതിന് കാരണം, ആദ്യകാല ജനങ്ങളിൽ നബി (സ) തിരുമേനിയുടെയും വാഗ്ദത്ത മസീഹിന്റെയും അസ്തിത്വത്തിൽ നിന്നുയർന്ന തരംഗം ചെലുത്തിയ സ്വാധീനം കാലഘട്ടത്തിന്റെ അകലം കാരണം പിന്നീടു വന്നവരിൽ വളരെ കുറവാണ് ഉണ്ടായത്. നോക്കൂ, ഒരു കല്ലെടുത്ത് വെള്ളത്തിൽ എറിഞ്ഞാൽ അതിന്റെ സമീപത്തുള്ള തരംഗങ്ങൾ വളരെ വ്യക്തമായിരിക്കും. എന്നാൽ, തരംഗം വലുതാകുന്നതിനനുസരിച്ച് അത് അവ്യക്തമാകാൻ തുടങ്ങുന്നു. ആത്മീയ തരംഗങ്ങളുടെയും അവസ്ഥയും ഇത് പോലെയാണ്. കാലം മാറിമറിയുന്നതിനനുസരിച്ച് അത് വ്യാപിച്ചു കൊണ്ടിരിക്കും. അത് അപ്രത്യക്ഷമാകുന്നില്ലെങ്കിലും എല്ലാ ഹൃദയത്തിനും അനുഭവിക്കാനാവാത്ത വിധം ദുർബലവും അവ്യക്തമായിരിക്കും. ഇനി അനുഭവപ്പെടുന്നവർക്കും പൂർണമായി അനുഭവിക്കാൻ കഴിയില്ല. അതുകൊണ്ട് ആത്മീയതയിൽ തരംഗങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന അസ്തിത്വങ്ങളുടെ സ്ഥലകാല സാമീപ്യം സിദ്ധിച്ചവർ അതിനെ കൂടുതലായി പ്രയോജനപ്പെടുത്തുന്നു. അവർ പിന്നീടു വരുന്നവരേക്കാൾ മുന്നിട്ടു നില്ക്കുന്നു.

(തുടരും)

# ആണവ ദുരന്തം

ഭൂമിയെ പലകുറി നശിപ്പിച്ച് ചുടലക്കളമാക്കി മാറ്റാവുന്നയത്ര അണുവായുധ കൂമ്പാരം ആണവ ശക്തികൾ സംഭരിച്ച് വെച്ചിരിക്കുന്നു. ജനപഥങ്ങളെ ജനശൂന്യമാക്കി മാറ്റുന്ന ഈ ആയുധങ്ങൾ മനുഷ്യ സമൂഹത്തിന് മുമ്പിൽ ഒരു ഭീഷണിയായി നിൽക്കുന്നു. ന്യൂക്ലിയർ ആയുധങ്ങൾ പതിക്കുന്ന ജനതകളിൽ മാത്രമല്ല അത് പതിറ്റാണ്ടുകളിലെ ജനസമൂഹങ്ങളുടെ അന്തകൻ കൂടിയാണ്. ഈ മഹാ വിപത്തിനെ സംബന്ധിച്ച് അത്ഭുകരമായ സൂക്ഷ്മതയോടെ വിശുദ്ധ ഖുർആൻ വിവരിക്കുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

നമ്മുടെ കാലഘട്ടത്തിലെ കണ്ടുപിടിത്തങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ട ഖുർആനിക പ്രവചനങ്ങളിൽ ചിലത് അസാധാരണമാം വിധം പ്രാധാന്യമുള്ളതും ആഗോളതലത്തിൽ പ്രസക്തങ്ങളുമാണ്. അത്തരത്തിൽപ്പെട്ട ഒന്നാണ് ആസന്നമായ ആണവകൂട്ടഹത്യ (ന്യൂക്ലിയർ ഹോളോകാസ്റ്റ്).

അണു വിസ്ഫോടനത്തെ പറ്റി മനുഷ്യന്റെ ഭാവനയിൽ പോലും ചിന്തിക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണ് ഈ പ്രവചനം ഉണ്ടായത്. എന്നാൽ, നാമിവിടെ വിവരിക്കാൻ പോവുന്നത് സൂക്ഷ്മകണങ്ങളെ സംബന്ധിച്ച് പറഞ്ഞ ഖുർആൻ ആയത്തിനെ കുറിച്ചാണ്. നരകത്തിലെ തീ, സൂക്ഷ്മ കണങ്ങളിൽ ഉള്ളടക്കം ചെയ്തത്പോലെ അപാരമായ ഊർജത്തിന്റെ സംഭരണശാലയായി സൂക്ഷ്മ കണങ്ങളെ ഈ ഖുർആൻ ആയത്തിൽ വ്യക്തമായും പ്രതിപാദിച്ചിരിക്കുന്നു. അത് കാണുമ്പോൾ അത്ഭുതപ്പെട്ടുപോകും. താഴെ കാണുന്ന വചനങ്ങളിൽ അക്ഷരാർഥത്തിൽ അവ വിവരിക്കപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്

> ***പരദൂഷകനും അപവാദം പരത്തുന്നവനുമായ ഓരോരുത്തനും നാശം. ധനം ശേഖരിച്ചുവെക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവൻ. തന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കയാണെന്ന് അവൻ ധരിക്കുന്നു. അങ്ങനെയല്ല അവൻ ഹുത്വമ യിൽ എറിയപ്പെടുന്നതാണ്. ആ 'ഹുത്വമ' എന്താണെന്ന് നിനക്കെന്തറിയാം. ശേഖരിക്കപ്പെട്ട ഇന്ധനം പോലെയുള്ള അല്ലാഹുവിന്റെ അഗ്നിയാണത്. അവർക്കെതിരെ ഉപയോഗിക്കാനായി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടപ്പെട്ടതായിരിക്കുമത്.*** (104:2)

ഈ കൊച്ചു ഖുർആനികാദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന അമ്പരപ്പിക്കുന്ന പ്രസ്താവനകൾ അക്കാലത്തെ ജനങ്ങളുടെ ഗ്രാഹ്യ ശക്തിക്ക് എത്രയോ അകലെയാണ്. കൗതുകകരമായിട്ടുള്ള കാര്യം, ചില വിവരണങ്ങളിൽ പാപികളായ ആളുകൾ *'ഹുത്വമ'* യിൽ എറിയപ്പെടുന്നതായിട്ടാണ് വർണിച്ചിട്ടുള്ളത്. *'ഹുത്വമ'* എന്നാൽ അരണ്ട വെളിച്ചമുള്ള ഒരു മുറിയിലേക്ക് കടന്നു വരുന്ന സൂര്യപ്രകാശത്തിന്റെ ഒരു കിരണത്തിൽ നാം കാണുന്ന ചെറിയ സൂക്ഷ്മമായ പൊടിയാണ്. അതിൽ എറിയുമെന്നാണ് വിവരണം.

ആധികാരികമായ അറബി ശബ്ദകോശങ്ങൾ ഹുത്വമ ക്ക് രണ്ട് വിധത്തിലുള്ള ധാത്വാർഥങ്ങളുണ്ടെന്ന് പറയുന്നു. അതിൽ *'ഹത്വമഃ'* എന്നതിന്റെ അർഥം

പൊടിക്കുക (To Pound) അല്ലെങ്കിൽ അതിസൂക്ഷ്മ കണങ്ങളാക്കി ധൂളികരിക്കുക (Pulverize into extreamely small particles). രണ്ടാമത്തേത് *'ഹിത്വമഃ'* എന്നാണ്. ഏറ്റവും സൂക്ഷ്മമായ നിസ്സാരമായ ചെറു കണിക എന്നാണ് അർത്ഥം. *ഹിത്വമഃ* എന്നത് ഏതെങ്കിലും ഒരു വസ്തുവിനെ ഏറ്റവും ചെറിയ ഘടകങ്ങളാക്കി മാറ്റുമ്പോൾ ഉണ്ടാവുന്ന സൂക്ഷ്മകണം എന്നാണർഥം.

വിഭജിക്കാൻ കഴിയാത്ത വിധത്തിലെത്തുന്ന ഏതൊരു വസ്തുവിന്റേയും ഏറ്റവും ചെറിയ ഘടകത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കാവുന്ന രണ്ടർഥങ്ങളാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ ആറ്റത്തിന്റെ യാതൊരു സങ്കൽപവും ജന്മം കൊണ്ടിരുന്നില്ല. ആറ്റം എന്ന സങ്കൽപത്തിന് പകരം നിൽക്കാൻ പറ്റിയ ഏറ്റവും അടുത്ത പദമാണ് *ഹുത്വമഃ.* മനുഷ്യൻ ഹുത്വമയിൽ വലിച്ചെറിയപ്പെടും എന്ന വാദത്തിലെ ആഘാതത്തിൽ നിന്ന് കഷ്ടിച്ച് മുക്തനായി വരുമ്പോൾ അതിനേക്കാൾ അമ്പരപ്പിക്കുന്ന മറ്റൊരു അവകാശവാദമാണ് കാണുന്നത്.

*ഹുത്വമഃ*യെപറ്റി വിശുദ്ധ ഖുർആൻ വിവരിക്കുമ്പോൾ അതിൽ അടക്കം ചെയ്ത ജ്വലിക്കുന്ന അഗ്നിയെക്കുറിച്ചും നീണ്ട സ്തംഭങ്ങളിൽ അത് ബന്ധിക്കപ്പെട്ടതിനെക്കുറിച്ചുമാണ് സംസാരിക്കുന്നത്. മനുഷ്യൻ ഇതിലേക്ക് എറിയപ്പെടുമ്പോൾ ഈ അഗ്നി അവന്റെ ഹൃദയത്തിൽ നേരിട്ടു പതിക്കുമെന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. ഹൃദയത്തെ പൊതിഞ്ഞു കൊണ്ടുള്ള ഒരു അസ്ഥിപഞ്ചരം ഇല്ലാത്തത് പോലെയാണ് അത് ഹൃദയത്തെ ബാധിക്കുന്നത്. ഈ അഗ്നി തികച്ചും വ്യത്യസ്ത സ്വഭാവത്തോടുകൂടിയ ഒന്നാണെന്നാണ് ഇത് അർഥമാക്കുന്നത്. അത് ശരീരത്തെ പൊള്ളിക്കുന്നതിന്മുമ്പേ ഹൃദയത്തെ കൊല്ലുമെന്നാണ്. തീർച്ചയായും അത്തരത്തിലുള്ള ഒരഗ്നിയെക്കുറിച്ച് അക്കാലത്തെ ജനങ്ങൾക്ക് അറിവുണ്ടായിരിക്കയില്ല.

ഇത് മാത്രമല്ല ഈ വിവരണത്തിൽ അത്ഭുതപ്പെടാനുള്ളത്. അതിന്ശേഷം പറയുന്നത് അതിനേക്കാൾ അത്ഭുതകരമാണ്. ഈ അഗ്നി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടിയിട്ടിരിക്കുകയാണെന്നും അത് കെട്ടഴിച്ചു വിടപ്പെടുന്ന സമയം ആഗതമായാൽ മനുഷ്യനു മേൽ ചാടി വീഴാൻ അത് കാത്തിരിക്കുകയാണെന്നും ഈ വചനം പറയുന്നു.

ഇത്തരത്തിൽ ലളിതമായ വചനങ്ങളിൽ അത്ഭുതത്തിനുമേൽ അത്ഭുതങ്ങൾ കുമിഞ്ഞു കൂടുകയാണ്. ആദ്യത്തെ പ്രഖ്യാപനമിതാണ്. മനുഷ്യൻ ഏറ്റവും ചെറിയ സൂക്ഷ്മ കണികയിലേക്കെറിയപ്പെടുന്ന ഒരു കാലം വരും. അതിനുശേഷം ആ ചെറുകണികയെക്കുറിച്ചും അതിലടങ്ങിയിരിക്കുന്നതിനെപറ്റിയുമുള്ള വിവരണമാണ്. അതിലടങ്ങിയിരിക്കുന്നത് ഒരു തരത്തിലുള്ള അഗ്നിയാണ്. അത് നീളമുള്ള സ്തംഭങ്ങളെ പോലെ പ്രത്യക്ഷമാവുന്നു. സൂക്ഷ്മമായ പാത്രങ്ങളിലാണ് അത് അടക്കിയിരിക്കുന്നത്.

ഈ സൂക്ഷ്മമായ കണികയിലേക്ക് മനുഷ്യനെ എറിയുമെന്നതിന്റെ അർഥം ഒരു മനുഷ്യനെ അതിൽ എറിയുമെന്നല്ല. മനുഷ്യൻ എന്ന് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് ഒരു വർഗത്തിന്റെ പൊതുനാമം എന്ന നിലക്കാണ്. എറിയുക എന്നതിന്റെ സൂചന മനുഷ്യന് വന്നുഭവിക്കുന്ന നാശത്തെ സംബന്ധിച്ചാണ്. അളവറ്റ ഊർജം സംഭരിച്ചുവെച്ചിരിക്കുന്ന ആറ്റത്തിന്റെ രഹസ്യം മനുഷ്യൻ കണ്ടെത്തിയ ഈ കാലഘട്ടത്തിലാണ് ഇതിന്റെ അർഥം ഗ്രഹിക്കാൻ സാധിക്കുന്നത്. ഒരു ചെറിയ കണത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന അഗ്നി പുറത്തേക്ക് വമിക്കുകയും ആയിരക്കണക്കിന് മൈൽ വിസ്തീർണമുള്ള വിശാലമായ ഭൂപ്രദേശങ്ങളെ വിഴുങ്ങുകയും ചെയ്യുന്ന കാലഘട്ടമിതാണ്. മനുഷ്യനേയും മറ്റെല്ലാ വസ്തുക്കളേയും ഉൾപ്പെടെ അതിന് എത്തിപ്പെടാൻ കഴിയുന്നിടംവരെയുള്ള എല്ലാറ്റിനെയും അത് വിഴുങ്ങുന്നു, പതിനാല് നൂറ്റാണ്ടുകൾക്ക്മുമ്പേ അയഥാർഥമായി കണ്ടിരുന്നതെന്തൊന്നാണോ അത് ചെറിയ കുട്ടി

ഈ സൂക്ഷ്മമായ കണികയിലേക്ക് മനുഷ്യനെ എറിയുമെന്നതിന്റെ അർഥം ഒരു മനുഷ്യനെ അതിൽ എറിയുമെന്നല്ല. മനുഷ്യൻ എന്ന് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് ഒരു വർഗത്തിന്റെ പൊതുനാമം എന്ന നിലക്കാണ്. എറിയുക എന്നതിന്റെ സൂചന മനുഷ്യന് വന്നുഭവിക്കുന്ന നാശത്തെ സംബന്ധിച്ചാണ്. അളവറ്റ ഊർജം സംഭരിച്ചുവെച്ചിരിക്കുന്ന ആറ്റത്തിന്റെ രഹസ്യം മനുഷ്യൻ കണ്ടെത്തിയ ഈ കാലഘട്ടത്തിലാണ് ഇതിന്റെ അർഥം ഗ്രഹിക്കാൻ സാധിക്കുന്നത്. ഒരു ചെറിയ കണത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന അഗ്നി പുറത്തേക്ക് വമിക്കുകയും ആയിരക്കണക്കിന് മൈൽ വിസ്തീർണമുള്ള വിശാലമായ ഭൂപ്രദേശങ്ങളെ വിഴുങ്ങുകയും ചെയ്യുന്ന കാലഘട്ടമിതാണ്.

കൾക്ക്പോലും സുപരിചിതമായ ഒരു യാഥാർഥ്യമായി കഴിഞ്ഞു.

അത്ഭുതങ്ങളുടെ അത്യധികം അതിശയോക്തി കലർന്ന പ്രയോഗങ്ങൾ ഈ പ്രവചനത്തിന്റെ മഹത്വത്തോട് നീതി ചെയ്യുന്നതല്ല. ആ കാലത്തുള്ള ജനങ്ങൾക്ക് *അൽ ഹുമസ* എന്ന ഈ സൂറത്തി (അദ്ധ്യായം) ന്റെ പ്രാധാന്യം തിരിച്ചറിയുവാൻ സാധിച്ചില്ല എന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. അല്ലെങ്കിൽ അത് അവരുടെ ഹൃദയത്തെ ബാധിക്കുന്നതിനേക്കാൾ അവരുടെ മതത്തേയും വിശ്വാസത്തേയുമാണ് ബാധിച്ചത് എന്ന് പറയാം. അത്ഭുതകരമായ ഈ പ്രസ്താവന അവരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതും വെല്ലുവിളിക്കപ്പെടാതിരുന്നതും എങ്ങനെയെന്നത് യുക്തിക്കതീതമാണ്. ഈ ലോകത്തെ സംഭവങ്ങളുമായി ബന്ധമുള്ളതല്ല അതെന്നും പരലോകത്തെ നിഗൂഢാത്മകമായ അജ്ഞാത മേഖലയുമായി ബന്ധപ്പെട്ടതായിരിക്കാമെന്നുമുള്ള വിശ്വാസത്തിൽ അവർ അഭയം തേടിയതായിരിക്കാം. നിരവധി ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനങ്ങളെ വിശദീകരിക്കാൻ ശ്രമിക്കാതെ തീർത്തും ഒഴിവാക്കുകയായിരുന്നു. ചിലർ ഈ വചനത്തെ വ്യാഖ്യാനിക്കുന്നതിലെ വെല്ലുവിളി ഏറ്റെടുത്തു. ഈ വചനത്തിലെ പ്രതിപാദ്യം പുനരുത്ഥാനനാളിൽ സംഭവിക്കേണ്ടതാണെന്ന്പറഞ്ഞ് ബോധപൂർവം ഈ ഭാരം ഇറക്കിവെക്കുകയുണ്ടായി. അത് പൂർണമായും അജ്ഞാത മേഖലക്ക് വിട്ടുകൊടുത്തുകളഞ്ഞു.

ഖുർആന്റെ പാശ്ചാത്യ വിവർത്തകരിൽ സെയിൽ '*ഹുത്വമ*' എന്ന പദം എങ്ങനെ അക്ഷരാർഥത്തിൽ വിവർത്തനം ചെയ്യണമെന്നറിയാതെ കുഴങ്ങിയിരുന്നു. അദ്ദേഹം '*അൽഹുത്വമ*' എന്ന പദം വിവർത്തനം ചെയ്യാതെ കുറേ ആളുകളെ ഹുത്വമയിൽ പിടിച്ചു തള്ളും എന്ന് മാത്രം വിവർത്തനം ചെയ്യുകയുണ്ടായി. ഈ വിവർത്തനം ഇംഗ്ലീഷ് വായനക്കാരിൽ യാതൊരു അപകടവും വരുത്തിയില്ല. ജനങ്ങളെ ഏറ്റവും ചെറിയ കണികയിലേക്ക് പിടിച്ചെറിയപ്പെടും എന്ന വിവർത്തനത്തിലെ അസംഭാവ്യതയെ അതുകൊണ്ട് അവർക്ക് അവിശ്വസിക്കേണ്ടിവന്നില്ല. അവർക്ക് *ഹുത്വമ* എന്നതിനെ സംബന്ധിച്ച് യാതൊന്നുമറിയാത്തതിനാൽ വലിയ ഒരു മുറി നിറയെ ജ്വലിക്കുന്ന അഗ്നിയായിരിക്കാം ഹുത്വമ (ചെറു കണിക) എന്നതിനർഥം എന്ന് ഭാവന കൊള്ളാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. സെയിലിന്റെ ഈ തന്ത്രം ഇത് വിവർത്തനം ചെയ്യുന്നതിന്റെ ബുദ്ധിമുട്ടിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. അതേസമയം ഈ അത്ഭുതകരമായ പ്രവചനത്തോട് നീതി പുലർത്തുന്നതിൽ അദ്ദേഹം പരാജയപ്പെടുകയുണ്ടായി.

ഈ വചനത്തിൽ വിവരിക്കപ്പെട്ട അഗ്നി അത് ഭൂമിയിലെ ജ്വലിക്കുന്ന അഗ്നിയോ അല്ലെങ്കിൽ പരലോകത്തെ ആളിക്കത്തുന്ന അഗ്നിയോ ആയാലും ഒരിക്കലും തന്നെ അതിനെ സൂക്ഷ്മമായ കണികക്കുള്ളിലാക്കാൻ കഴിയില്ല. മറ്റു ഖുർആൻ ഭാഷ്യകാരൻമാരെ പോലെ സെയിൽ അഭിമുഖീകരിച്ച പ്രശ്നം ഇത് മാത്രമായിരുന്നില്ല. നീട്ടിയ സ്തംഭങ്ങളിൽ അടച്ചു പൂട്ടിയ അഗ്നി എന്നാൽ എന്താണ്? ആധുനിക കാലത്ത് ആറ്റംയുഗം ആവിർഭവിച്ചതിന് ശേഷമല്ലാതെ മനസ്സിലാക്കാൻ കഴിയാത്ത ഒരു വചനമാണിത്. ഈ വചനത്തെക്കുറിച്ച് അവർ എന്തായിരുന്നു മനസ്സിലാക്കിയത്? ഇപ്പോഴാണ് ഈ ജിഗ്സോ പസിൾ (Jigsaw puzzle –ചിത്രത്തിന്റെ കഷണങ്ങൾ യോജിപ്പിച്ച് ചിത്രം പൂർണമാക്കുന്ന കളി) ശരിയായ സ്ഥലത്ത് ശരിയായ കഷണങ്ങൾ ചേർത്തുവെച്ച് കൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെട്ടത്.

ഒരു ആറ്റം വിസ്ഫോടനം എങ്ങനെയാണ് സംഭവിക്കുക എന്നും അതിലെ ന്യൂക്ലിയർ മാസി (Nuclear Mass)ൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കുക എന്നതിനെ സംബന്ധിച്ചുമുള്ള ശാസ്ത്രീയ വിവരണങ്ങളെ സംബന്ധിച്ച് പരിചയമില്ലാത്ത ഒരാൾക്ക് നീട്ടപ്പെട്ട സ്തംഭങ്ങൾ എന്ന ഖുർആനിക പ്രയോഗത്തിന്റെ അർഥം ഗ്രഹിക്കാൻ കഴിയാതെ വരും. ന്യൂക്ലിയർ വിദഗ്ദ്ധൻമാർ ആറ്റം വിസ്ഫോടനം സംഭവിക്കാനാവശ്യമായ ക്രിറ്റിക്കൽ മാസി (Critical Mass – ക്രാന്തിക ദ്രവ്യമാനം) നെക്കുറിച്ച് വിവരിക്കുന്നത് ഇപ്രകാരമാണ്. ന്യൂക്ലിയർ ദ്രവ്യത്തിന്റെ ന്യൂക്ലിയർ പ്രവർത്തനങ്ങൾ (വിഘടനം) വൈകിപ്പിച്ചും കമ്പനങ്ങൾ (Pulse) ഉണ്ടാക്കിയും അതിനുള്ളിൽ അളവറ്റ മർദം സൃഷ്ടിക്കപ്പെടുന്നു. ഇത് സാധിക്കുന്നത് ന്യൂക്ലിയർ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുന്നത് മൂലമാണ്. ഇങ്ങനെ മർദം കൂട്ടി സ്ഫോടനം നടക്കുന്നതിന്മുമ്പേ മൂലകങ്ങളുടെ പ്രവർത്തനത്തിൽ ഉന്നത അറ്റോമിക ഭാരമുള്ള മൂലകങ്ങൾ വിഘടിച്ച് കുറഞ്ഞ അറ്റോമിക ഭാരമുള്ള മൂലകങ്ങളായി മാറുന്നു. ഇപ്രകാരം പുതുതായി രൂപം കൊള്ളുന്ന മൂലകങ്ങളുടെ അറ്റോമികഭാരം അതിനുമുമ്പേയുണ്ടായിരുന്ന മാതൃ മൂലകങ്ങളുടെ ഭാരത്തേക്കാൾ അൽപം കുറവായിരിക്കുമല്ലോ. ഇതിനെയാണ് ഘനമൂലകങ്ങൾ എന്ന് പറയുന്നത്. ഈ ആണവ പ്രക്രിയയിൽ നഷ്ടപ്പെടുന്ന അറ്റോമികഭാരം ഊർജമായി മാറ്റപ്പെടുന്നു. ഈ മാതൃകയിലൂടെ മാത്രമല്ല ഒരു ന്യൂക്ലിയർ ബോംബ് പ്രവർത്തിക്കുന്നത്. പക്ഷേ നാട്ടപ്പെട്ട സ്തംഭങ്ങളുടെ പ്രവർത്തനത്തെപറ്റി വിവരിക്കാൻ മാത്രമാണ് നാം ഈ ലളിതമായ മാതൃക ഇവിടെ തിരഞ്ഞെടുത്തത്.

എങ്ങനെയാണ് ഈ അഗ്നി നേരിട്ട് ഹൃദയത്തെ ബാധിക്കുക എന്ന വിഷയത്തിലേക്ക് നമുക്ക് തിരിയാം. അതിന്റെ ശാസ്ത്രീയ വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

സ്ഫോടനം നടന്ന

ഉടനെതന്നെ വളരെയധികം ഗാമാ രശ്മികളും ന്യൂട്രോണുകളും, എക്സ്റേകളും ഉൽസർജിക്കപ്പെടുന്നു. എക്സ്റേ വമ്പിച്ച തോതിൽ താപം ഉയർത്തുന്നു. അങ്ങനെ അണുവിസ്ഫോടനത്തിൽ മോചിപ്പിക്കപ്പെടുന്നു. അത്യധികം താപം ഭീമാകാരമായ ഒരു അഗ്നിഗോളത്തെ സൃഷ്ടിക്കുകയും അത് ഉടൻ മുകളിലോട്ടുയരുകയും ചെയ്യുന്നു. ഈ അഗ്നിഗോളം ദൂരെനിന്ന് വലുതായി കാണാവുന്നവിധം ബൃഹദാകാരമുള്ള ഒരു കൂൺ പോലെ അഗ്നിയുടെ ഒരു മേലാപ്പായിത്തീരുന്നു.

എക്സ്റേ-രശ്മികൾ നാനാ വശങ്ങളിലേക്കും ന്യൂട്രോണുകൾ സഹിതം സഞ്ചരിക്കുന്നു. ഇത് ഉണ്ടാക്കുന്ന വമ്പിച്ച താപം, സഞ്ചരിക്കുന്ന വഴിക്കുള്ളതിനെയെല്ലാം കരിച്ചു കളയുന്നു. ശബ്ദതരംഗങ്ങളേക്കാൾ അനേക ഇരട്ടി വേഗത്തിൽ സഞ്ചരിക്കുന്ന ഈ കൊടും ചൂടിന്റെ അലകൾ ആഘാത തരംഗങ്ങൾ (Shock waves) കൂടി സൃഷ്ടിക്കുന്നു. എന്നാൽ ഇതിനേക്കാൾ വേഗത്തിലും തുളച്ചു കയറിയും സഞ്ചരിക്കുന്നത് ഗാമാരശ്മികളാണ്. കൊടുംതാപത്തിന്റെ അലകളെ കവച്ചുവെച്ചുകൊണ്ട് പ്രകാശ വേഗത്തിലാണ് ഗാമാരശ്മികളുടെ സഞ്ചാരം. ഗാമാരശ്മികൾ അത്യഗാധമായ പ്രകമ്പനമുണ്ടാക്കും. അതിന്റെ കിടിലം കൊള്ളിക്കുന്ന പ്രകമ്പന ശക്തിയാൽ അത് മനുഷ്യ ഹൃദയത്തിൽ ആഘാതമായി പതിച്ച് മരണമുണ്ടാക്കുന്നു. അതായത് ആറ്റം ബോംബിട്ടാൽ എക്സ്റേ ഉണ്ടാക്കുന്ന കൊടും ചൂടു കൊണ്ടല്ല ആളുകൾ മരിക്കുന്നത്. ഗാമാ രശ്മികളുടെ വമ്പിച്ച ഊർജത്തിന്റെ ആഘാതം കൊണ്ടാണ് പെട്ടെന്നുള്ള മരണം സംഭവിക്കുന്നത്. ഇതാണ് കൃത്യമായും ഖുർആൻ വിവരിക്കുന്നത്.

സൂറഃ *അൽദുഖാനിൽ* (ധൂമം) മാരകമായ പ്രസരണമുണ്ടാക്കുന്ന അപകടകാരിയായ മേഘത്തെക്കുറിച്ച് ഖുർആൻ വിവരിക്കുന്നു

> അതിനാൽ ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടു വരുന്നൊരു നാളിനെ നോക്കി പാർക്കുക. അത് ജനങ്ങൾക്ക്മീതെ ഒരു നിഴൽ വിരിക്കും. ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും.

ഈ ധൂമത്തിന്റെ സ്വഭാവം വീണ്ടും താഴെ കാണുന്ന വചനങ്ങളിൽ വിവരിക്കുന്നു.

> ***നിങ്ങൾ നിഷേധിച്ചു കൊണ്ടിരിക്കുന്നതിലേക്ക് നിങ്ങൾ പോവുക. മൂന്ന് ശാഖകളുള്ള ആ നിഴലിലേക്ക് നിങ്ങൾ പോവുക. അതൊരിക്കലും നിങ്ങൾക്ക് തണൽ തരുന്നതല്ല. തീജ്വാലയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നതുമല്ല. അത് സൗധസമാനമായ തീജ്വാലകൾ പരത്തും. അത് മഞ്ഞ നിറത്തിലുള്ള ഒട്ടകങ്ങളെ പോലെയിരിക്കും.***
> *(77:30)*

നിങ്ങൾ പോവുക എന്ന ഖുർആനിക വചനം സൂചിപ്പിക്കുന്നത് യാതനാനിർഭരമായ ഒരു മേഘത്തിന്റെ കാലഘട്ടത്തിലേക്ക് മനുഷ്യരാശി ക്രമേണ കൊണ്ടു വരപ്പെടുമെന്നാണ്. ആ മേഘം അവർക്ക് നിഴലോ രക്ഷയോ വാഗ്ദാനം ചെയ്യുന്നതല്ല. സാധാരണയായി നിഴൽ നമുക്ക് ആശ്വാസവും അഭയവും നൽകുന്നതാണ്. ജ്വലിക്കുന്ന സൂര്യന്റെ ചൂടിനും നമുക്കുമിടയിലാണ് മേഘം നിൽക്കുക. മേൽ വചനത്തിൽ സൂര്യനെക്കുറിച്ച് പരാമർശമില്ല. വെറും ഒരു അഗ്നിയെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. അതിന്റെ ജ്വലനത്തിൽ നിന്ന് പ്രസ്തുത നിഴൽ യാതൊരു സംരക്ഷണവും നൽകുന്നില്ല. രക്ഷ നൽകുന്നതിന്പകരം ഈ മേഘം അഗ്നിയുടെ ദാരുണമായ യാതനകളാണ് പ്രസരിപ്പിക്കുക. ആ നിഴലിനുകീഴിലുള്ള യാതൊന്നും സുരക്ഷിതമല്ല. ഇത് തികച്ചും റേഡിയോ പ്രസരണമുള്ള ന്യൂക്ലിയർ മേഘങ്ങളെക്കുറിച്ചുള്ള വിവരണമാണ്. ഇവിടെ വിവരിക്കപ്പെട്ട സംഭവത്തിൽ മഞ്ഞ നിറത്തിൽ കാണപ്പെടുന്ന വൻ അഗ്നിനാളങ്ങളെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. അത് ഉയർന്ന കെട്ടിടത്തെ പോലെയും ഒട്ടകത്തെ പോലെയും കാണപ്പെടുന്നു. ഒരു പക്ഷേ ഒട്ടകത്തിന്റെ നിറം മാത്രമല്ല അതിന്റെ പൂഞ്ഞയുടെ ആകൃതിയുടെ സാമ്യത പോലും ഇവിടെ വർണിക്കപ്പെട്ടിരിക്കുന്നു.

ഏഴാം നൂറ്റാണ്ടിലെ ജനങ്ങൾക്ക് അത്തരത്തിൽ മാരകമായ മേഘങ്ങളെക്കുറിച്ചോ ധൂമങ്ങളെക്കുറിച്ചോ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അത് അവരുടെ ഗ്രാഹ്യശക്തിക്കതീതമായിരുന്നു. ഇക്കാലത്ത് നമുക്ക് ആണവവിസ്ഫോടനത്തെക്കുറിച്ചും അത് ഉൽപാദിപ്പിക്കുന്ന റേഡിയോ പ്രസരണമുള്ള മേഘങ്ങളെക്കുറിച്ചുമറിയാം.

വിധി നിർണായകമായ വിവരണം മറ്റൊരു ഖുർആൻ വചനത്തിൽ നമുക്ക് വായിക്കാം.

> ***ആ ദിവസം നിഷേധികൾക്ക് മഹാനാശം*** (77:16)

ആ ദിവസം എന്നത് വിധിനാൾ എന്ന് പറയാവുന്നതാണ്. പക്ഷേ, അത് ഭൂമിയിലെ ഒരു ദിവസത്തേയും സൂചിപ്പിക്കുന്നു. ദൃഷ്ടാന്തങ്ങളിലുള്ള വിശ്വാസത്തെ നിഷേധിക്കുന്നവർ മാരകമായ ധൂമത്താൽ ശിക്ഷിക്കപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനടിയിലുള്ള യാതൊന്നിനേയും അത് വിട്ടുകളയില്ല. ആ നിഴൽ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്നതായിരിക്കും. അത് യാതൊരുവിധ ആശ്വാസവും നൽകില്ല എന്നു മാത്രമല്ല നാശം മാത്രം നൽകുന്ന ഒരു നിഴലായിരിക്കുമത്. അതിഭയാനകമായ തോതിലുള്ള ശിക്ഷക്ക് സാക്ഷ്യം വഹിക്കുന്ന

ഒരു കാലഘട്ടമായിരിക്കുമത്. മനുഷ്യൻ അവസാനം ഈ അസഹനീയമായ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ ദൈവത്തോട് യാചിച്ചുകൊണ്ട് അവനിലേക്ക് തിരിയുന്നതാണ്. പക്ഷേ, അല്ലാഹുവിന്റെ കോപം ജനങ്ങൾക്ക് മേൽ പതിക്കുമ്പോൾ മാപ്പിന്റേയും മോചനത്തിന്റേയും സമയം കഴിഞ്ഞു പോയിട്ടുണ്ടാവും. അതാണ് ഖുർആൻ വിവരിക്കുന്നത്.

***അവർക്ക് എങ്ങനെ ഉപദേശം പ്രയോജനപ്പെടും. സകല കാര്യങ്ങളും സ്പഷ്ടമായി വിവരിച്ചുകൊടുക്കുന്ന പ്രവാചകൻ അവർക്ക് വന്നു കഴിഞ്ഞിട്ടുണ്ടല്ലോ? എന്നിട്ട് അവൻ പഠിപ്പിക്കപ്പെട്ടവനാണ്, ബാധയേറ്റവനാണ് എന്ന് പറഞ്ഞ് അദ്ദേഹത്തിൽ നിന്ന് അവർ പിന്തിരിഞ്ഞു കളഞ്ഞു. (44: 14)***

പ്രവാചകൻമാരുടെ താക്കീത് മനുഷ്യനെ വരാനിരിക്കുന്ന വമ്പിച്ച വിപത്തിനെപറ്റി ഒന്നുണർത്താൻ വേണ്ടി മാത്രമുള്ളതാണ്. പക്ഷേ, അതിന്റെ അനന്തരഫലങ്ങളുടെ ഉത്തരവാദി മനുഷ്യൻ മാത്രമാണ്. മേൽ പറഞ്ഞ പ്രവചനം വ്യക്തമായും നമ്മുടെ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ആ പ്രവചനങ്ങളിൽ പറയപ്പെട്ട കാര്യങ്ങളെ പറ്റി പണ്ട് കാലത്തെ ജനങ്ങൾക്ക് യാതൊന്നുമറിയില്ലായിരുന്നു. ഇത്തരം പ്രവചനങ്ങളുടെ എല്ലാ കാര്യങ്ങളുടേയും വിശദാംശങ്ങൾ റസൂൽ തിരുമേനി(സ)ക്ക് ദൈവം വെളിപ്പെടുത്തിയിരുന്നുവോ എന്ന് ആരും അത്ഭുതപ്പെട്ടുപോകും. എന്നാൽ, വിധിയുടെ വിശാലമായ പാവക്കൂത്ത്ശാലയിൽ പ്രവചനാത്മകമായ പാവക്കൂത്ത് കാണുന്ന ഒരാളെ പോലെ ഭാവി സംഭവങ്ങളെപറ്റിയുള്ള അദ്ദേഹത്തിന്റെ വിവരണം അവയെപറ്റി ശക്തമായ ഒരു പ്രതീതി ബോധം മാത്രമേ നൽകൂ. എങ്കിലും ഈ പ്രവചനങ്ങളുടെ സാക്ഷാത്ക്കാരത്തിന് ആയിരം വർഷങ്ങൾക്ക്മുമ്പേ മനുഷ്യ വംശം കാത്തിരിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ, അദൃശ്യലോകത്തുനിന്ന് ദൃശ്യലോകത്തേക്കുള്ള ഈ സംഭവങ്ങളുടെ യഥാർഥ മാറ്റം സാധ്യമായത് നമ്മുടെ കാലഘട്ടത്തിലെ ന്യൂക്ലിയർ യുഗത്തിലാണ്.

ആണവ വിപത്തിന്റെ ആധിക്യം അത്യന്തം സ്തോഭജനകമാണ്. എന്നിട്ടും ഈ തിന്മയുടെ അടിവേരിനെ പറ്റി തിരിച്ചറിയാനും അതിനെപറ്റി ഗവേഷണം നടത്തുവാനും മനുഷ്യൻ കുറഞ്ഞ ശ്രദ്ധ മാത്രമേ കാണിക്കുന്നുള്ളൂ. സംഗതികളുടെ ഉപരിതലത്തിൽ നിന്ന് മനുഷ്യന്റെ കാഴ്ച വസ്തുതകളുടെ അഗാധതലങ്ങളിലേക്ക് ചിലപ്പോൾ മാത്രമേ തുളച്ചു കയറാറുള്ളൂ. ചില ആളുകൾക്ക് മാത്രമേ സ്വയം ആത്മപരിശോധന നടത്തി അവരുടെ മറഞ്ഞിരിക്കുന്ന തിന്മയുടെ പ്രേരണകളെ കണ്ടെത്താനാവൂ. മനുഷ്യന്റെ വക്രതയുമായി പ്രത്യേക രീതിയിൽ ബന്ധപ്പെട്ട ഒരു തരത്തിലുള്ള അന്ധതയാണിത്. യാതനകളും നാശവും മനുഷ്യനു ചുറ്റും പരക്കാൻ അവൻ തന്നെയാണ് കാരണക്കാരൻ എന്നു വരുമ്പോഴെല്ലാം അതിനു പിന്നിൽ തന്റെ സ്വന്തം കൈകൾ സൃഷ്ടിച്ച വിനകൾ മനുഷ്യൻ തിരിച്ചറിയുന്നില്ല.

ആഗോള തലത്തിൽ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഇത്തരത്തിലുള്ള വിപത്തുകളുടെ കണ്ണികളെപ്പറ്റിയാണ് നാമിപ്പോൾ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. ഒരു ശാസ്ത്രജ്ഞൻ ന്യൂക്ലിയർ വിസ്ഫോടനം എന്ന പ്രതിഭാസത്തിന്റെ പിന്നിലുള്ള കാര്യങ്ങളുടെ ഭൗതികവും ശാസ്ത്രീയവുമായ കാരണങ്ങളെക്കുറിച്ചായിരിക്കും സംസാരിക്കുക. എന്നാൽ ഇത്തരം അതീവ നാശം വരുത്തുന്ന ഉപാധികൾ മനുഷ്യന്റെ സമാധാനത്തിന് ഭംഗമുണ്ടാക്കുമ്പോൾ അത് നിർമിക്കുന്ന ശാസ്ത്രജ്ഞൻമാരെയല്ല കുറ്റപ്പെടുത്തേണ്ടത്. ഇതിന്റെ മൂലകാരണം മറ്റെവിടെയോ ആണ്. അത്തരത്തിൽ ആഗോള മാനങ്ങളുള്ള ക്രൂരവും വിവേകശൂന്യവുമായ തീരുമാനങ്ങളുടെ ഉത്തരവാദിത്വം


ആണവ വിപത്തിന്റെ ആധിക്യം അത്യന്തം സ്തോഭജനകമാണ്. എന്നിട്ടും ഈ തിന്മയുടെ അടിവേരിനെ പറ്റി തിരിച്ചറിയാനും അതിനെപറ്റി ഗവേഷണം നടത്തുവാനും മനുഷ്യൻ കുറഞ്ഞ ശ്രദ്ധ മാത്രമേ കാണിക്കുന്നുള്ളൂ. സംഗതികളുടെ ഉപരിതലത്തിൽ നിന്ന് മനുഷ്യന്റെ കാഴ്ച വസ്തുതകളുടെ അഗാധതലങ്ങളിലേക്ക് ചിലപ്പോൾ മാത്രമേ തുളച്ചു കയറാറുള്ളൂ. ചില ആളുകൾക്ക് മാത്രമേ സ്വയം ആത്മപരിശോധന നടത്തി അവരുടെ മറഞ്ഞിരിക്കുന്ന തിന്മയുടെ പ്രേരണകളെ കണ്ടെത്താനാവൂ. മനുഷ്യന്റെ വക്രതയുമായി പ്രത്യേക രീതിയിൽ ബന്ധപ്പെട്ട ഒരു തരത്തിലുള്ള അന്ധതയാണിത്. യാതനകളും നാശവും മനുഷ്യനു ചുറ്റും പരക്കാൻ അവൻ തന്നെയാണ് കാരണക്കാരൻ എന്നു വരുമ്പോഴെല്ലാം അതിനു പിന്നിൽ തന്റെ സ്വന്തം കൈകൾ സൃഷ്ടിച്ച വിനകൾ മനുഷ്യൻ തിരിച്ചറിയുന്നില്ല.

ആഗോള ശക്തികൾക്കാണുള്ളത്. ശാസ്ത്രജ്ഞൻമാർ എത്രതന്നെ വലിയവരായാലും ശരി അവർ തികച്ചും സ്വാർഥമതികളായ പൊതുജന ശക്തിയുടെ ഇരയല്ലാതെ മറ്റൊന്നുമല്ല.

വിശുദ്ധ ഖുർആൻ അങ്ങേയറ്റത്തെ സൂക്ഷ്മതയോടെ ചില ശാസ്ത്രീയ പ്രതിഭാസങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും അത് ഒരിക്കലും കേവലം ഒരു ശാസ്ത്രാദ്ധ്യാപകന്റെ പങ്കല്ല നിർവഹിക്കുന്നത്. അതിനെക്കാളുപരി വികലമായ മനുഷ്യ സ്വഭാവത്തിന്റെ അധാർമികതയിലേക്കാണ് ഖുർആൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അത് തീർച്ചയായും കാഞ്ചിയുടെ പ്രവർത്തനങ്ങളെപറ്റി വിവരിക്കുന്നുണ്ട്. പക്ഷേ, നമ്മുടെ ശ്രദ്ധയെ കാഞ്ചി വലിക്കുന്ന വിരലുകളിലേക്കാണ് ഖുർആൻ നയിക്കുന്നത്. ഇതാണ് ഖുർആനിക താക്കീതുകളുടെ ഉദ്ദേശ്യം. അതുപോലെ ഖുർആൻ ആവർത്തിച്ചു പ്രഖ്യാപിക്കുന്ന സംഗതി, മനുഷ്യനുമേൽ ചെയ്യപ്പെടുന്ന എല്ലാ അത്യാചാരങ്ങൾക്കും ഉത്തരവാദി മനുഷ്യൻ തന്നെയാണ് എന്നാണ്. അതിനാൽ ഖുർആനിക വീക്ഷണമനുസരിച്ച് പ്രതിരോധ നടപടികൾ മനുഷ്യന്റെ സ്വഭാവത്തിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ്. ജനങ്ങൾ ദൈവികമായ മാർഗനിർദേശമനുസരിച്ച് അവരുടെ സ്വഭാവം മാറ്റുകയും അവർ സ്വയം തന്നെ പരിഷ്ക്കരിക്കുകയും ചെയ്താൽ ഇത് നീതിയും ന്യായവും പുലരാൻ ആവശ്യമായ ആരോഗ്യകരമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുമെന്ന് ഖുർആൻ പ്രസ്താവിക്കുന്നു.ഖുർആനിക പ്രവചനങ്ങളുടെ പ്രകാശ ഗോപുരം, ഏത് പാറയെയാണ് ഒഴിവാക്കേണ്ടതെന്നും ഏത് വഴിയിലൂടെയാണ് സഞ്ചരിക്കേണ്ടതെന്നും വ്യക്തമായും കാണിച്ചുതരുന്നു. എന്നിട്ടും മനുഷ്യ പ്രവർത്തനങ്ങളുടെ കപ്പൽ നിയന്ത്രിക്കുന്നവർ ഈ താക്കീതുകളോർത്ത് അപകടങ്ങളെ തരണം ചെയ്ത് ശാന്തിയുടെ തീരമണയുന്നത് എത്രമാത്രം അസംഭാവ്യമാണ്. ഇവിടെ തന്നെയാണ് ദുരന്തങ്ങളുടെ മൂലകാരണം സ്ഥിതിചെയ്യുന്നത്. മനുഷ്യൻ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രായോഗികമായ ഒരു പരിഹാരം കാണണമെങ്കിൽ അവന്റെ പ്രവർത്തനങ്ങളുടെ ഓരോ തലത്തിലും വിമർശനാത്മകവും യാഥാർഥ്യ ബോധത്തോടു കൂടിയതുമായ വിശകലനങ്ങൾ നടത്തേണ്ടതുണ്ട്. ലളിതമായി പറഞ്ഞാൽ സത്യസന്ധത, ആർജവം, നീതി, ന്യായം, പരജനകാംക്ഷ, കഷ്ടപ്പെടുന്നവരോടുള്ള അനുതാപം പൊതുവെ നന്മയോടുള്ള പ്രതിബദ്ധത മുതലായ മനുഷ്യന്റെ അടിസ്ഥാന മൂല്യങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. മനുഷ്യ ബന്ധങ്ങളിൽ നിന്ന് ഈ മൂല്യങ്ങളെല്ലാം പുറന്തള്ളപ്പെടുകയാണെങ്കിൽ നിങ്ങളെ ഗ്രസിക്കുന്ന വിപത്തിനെ നിങ്ങൾ കാത്തിരിക്കുക. അതൊന്നുമാത്രമാണ് ഇക്കാര്യത്തിലുള്ള യുക്തിപരമായ പരിസമാപ്തി.

സൂറഃ *അൽഖമറിൽ* (അദ്ധ്യായം 54) പൗരാണിക ജനതയുടെ ചരിത്രം വിവരിക്കുന്നുണ്ട്. അവരുടെ കാലത്ത് അയക്കപ്പെട്ട ദൈവദൂതന്റെ താക്കീതുകൾ അവർ ചെവിക്കൊണ്ടില്ല. അതിന്റെ ഫലമായി അവർക്ക് വാഗ്ദാനം ചെയ്ത ദാരുണമായ അന്ത്യത്തിന് ചരിത്രം സാക്ഷ്യം വഹിക്കുകയുണ്ടായി. സമയം കഴിഞ്ഞ അവരുടെ പശ്ചാത്താപം കൊണ്ട് യാതൊരു ഫലവുമുണ്ടായില്ല. താക്കീതുകളുടെ ഉദ്ദേശ്യം ഭാവി തലമുറ അതിനെക്കുറിച്ച് ചിന്തിക്കാനാണ്. അവരെ പിന്തുടർന്നു വരുന്ന തലമുറ തങ്ങൾക്ക് മുമ്പേ മരിച്ചൊടുങ്ങിയ ജനതകളിൽ നിന്ന് പാഠം പഠിച്ചേക്കാമെന്നത് കൊണ്ടാണ് ഖുർആൻ അവരുടെ ചരിത്രങ്ങളിലേക്ക് വിരൽ ചൂണ്ടുന്നത്.

***ശക്തമായ താക്കീത് ഉൾക്കൊള്ളുന്ന ചില വൃത്താന്തങ്ങൾ അവർക്ക് വന്നെത്തിയിട്ടുണ്ട്. സമ്പൂർണമായ തത്ത്വജ്ഞാനമാണത്. എന്നിട്ട് ആ താക്കീതുകൾ അവർക്ക് പ്രയോജനമൊന്നും ചെയ്തില്ല*** (54: 5-6)

ജനങ്ങൾ അവരുടെ പാഠം പഠിച്ചില്ലെങ്കിൽ അതിന്റെ ഫലമായി അവരെ കാത്തിരിക്കുന്ന വിപത്ത് അവരുടെ മേൽ പതിക്കുന്നു. അവർ തന്നെയാണ് അതിന്റെ കുറ്റക്കാർ.

നാം ചർച്ച ചെയ്യുന്ന ആണവ കൂട്ടക്കൊല (Nuclear Holocaust)- യെ സംബന്ധിച്ച അതിന്റെ ആത്യന്തികമായ പരിണിതിയുമായി ബന്ധപ്പെടുത്തി സൂറഃ *ത്വാഹ* (അദ്ധ്യായം 20) യിലും ചർച്ച ചെയ്യുന്നുണ്ട്. ഈ വചനത്തിന്റെ വിവക്ഷിതം ഒരു കാര്യം വ്യക്തമാകുന്നു. ആ കാലത്തെ ലോകശക്തികളുടെ അഹങ്കാരവും ദുരഭിമാനവുമാണ് തകർക്കപ്പെടുക. അതുപോലെ മനുഷ്യവംശം ഒന്നാകെ തുടച്ചുനീക്കപ്പെടുന്നതല്ല.

ഈ പ്രസക്തമായ വചനം വ്യക്തമായും പ്രവചിക്കുന്നത് ഇത് മനുഷ്യവംശത്തിന്റെ അന്ത്യത്തെ കുറിക്കുന്ന ഒരു ബിന്ദുവല്ല എന്നാണ്. അഹങ്കാരികളായ രാഷ്ട്രീയ ശക്തികളുടെ പ്രതാപം തകർന്നു തരിപ്പണമാവുകയും നിലം പതിക്കുകയും ചെയ്യും. അവരുടെ കുഴിമാടത്തിൽ നിന്നുമാണ് പുതിയ ലോകക്രമം സംജാതമാവുക. പർവതംപോലെയുള്ള വൻശക്തികൾ ധൂളിക്കപ്പെടുകയും വിശാലമായ മണൽപരപ്പിൽ അത് തട്ടിനിരപ്പാക്കപ്പെടുകയും ചെയ്യും. പർവത സമാനമായിരുന്ന ആ വൻശക്തികളുടെ ഉയർച്ചതാഴ്ചയോ, മുന്നണിയോ പിന്നണിയോ നിങ്ങൾക്ക് കണ്ടെത്താൻ സാധ്യമല്ല.

***മലകളെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. അപ്പോൾ നീ പറയുക. എന്റെ നാഥൻ***

***അവയെ തകർത്തു തരിപ്പണമാക്കികളയും. എന്നിട്ട് അതിനെ നിരന്ന മൈതാനമാക്കി വിട്ടുകളയും. അതിൽ വളവോ തിരിവോ ഉയർച്ചയോ നീ കാണുകയില്ല. അന്ന് അവർ വിളിയാളനെ പിൻപറ്റും. അവിടെ നിന്ന് അവർക്ക് ഒരു വ്യതിയാനവും ഉണ്ടായിരിക്കുന്നതല്ല. എല്ലാ ശബ്ദങ്ങളും പരമകാരുണികനെതിരെ അടങ്ങിപ്പോകും. അപ്പോൾ നേരിയ കാൽപെരുമാറ്റമല്ലാതെ നീ കേൾക്കുകയില്ല. (20:106-109)***

ദൈവമാണ് ഏറ്റവും നല്ല സമനിരപ്പാക്കുന്നവൻ. അവന്റെ കരങ്ങളാണ് അത്ഭുതരമായ ഈ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നത്. പർവതം എന്നത് സംഭാഷണശൈലി മാത്രമാണ്. അത് ശക്തമായ രാഷ്ട്രങ്ങളേയും, ദേശീയതകളേയും, ജനങ്ങളേയും സൂചിപ്പിക്കുന്നു. ഒരിക്കൽ അവരുടെ അഹങ്കാരം തകർക്കപ്പെട്ടാൽ അവർ അവസാനം എളിമയിലും നേർവഴിയിലുമായി വരുമെന്ന് ഖുർആൻ പ്രവചിക്കുന്നു. ആ അവസ്ഥയിൽ മാത്രമേ അവർ ദൈവത്തിന്റെ എളിയവനായ വിളിയാളിന്റെ വിളിയോട് പ്രതികരിക്കുകയുള്ളൂ. അവർക്കപ്പോൾ യാതൊരുവിധ വക്രതയും ഉണ്ടായിരിക്കുകയില്ല. ഇവിടെ വിവരിക്കപ്പെട്ട രീതിയിലുള്ള ഒരു നൂറുക്കണക്കിന് ന്യൂക്ലിയർ വിസ്ഫോടനങ്ങളിലൂടെ സംഭവിക്കുന്ന ന്യൂക്ലിയർ ഹോളോകാസ്റ്റിൽ നിന്ന് മാത്രമേ സംഭവിക്കുകയുള്ളൂ. അതിലടങ്ങിയിരിക്കുന്ന തത്വമെന്തെന്നാൽ മനുഷ്യൻ അവനുള്ള ഒരു പാഠവും പഠിക്കുന്നില്ല എന്നാണ്. അതിനാൽ ഇത്തരം കൊടും വിപത്തിന്റെ ഭാരത്താൽ അവന്റെ ഔദ്ധത്യത്തിൽ ഉയർന്നു നിൽക്കുന്ന ശിരസ്സ് താഴേണ്ടതുണ്ട്. താക്കീതിന്റെ ഈ വിഷാദാത്മകമായ സന്ദേശത്തോടു കൂടി തന്നെ മനുഷ്യരാശി അന്തിമമായി അതിജീവിക്കുമെന്നും പ്രകാശത്തിന്റെ പുതുയുഗ നാന്ദി കുറിക്കപ്പെടുമെന്നുമുള്ള ശോഭനമായ പ്രതീക്ഷയുടെ സന്ദേശവും നൽകുന്നു. അതിനുമുമ്പേ മനുഷ്യൻ അവന്റെ വഴികൾ നന്നാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ, അവന്റെ വ്യതിചലനത്തിനും അത്യാചാരത്തിനും ദൈവത്തിൽ നിന്നുമുള്ള ഫലങ്ങൾ ചുരുങ്ങിയ പക്ഷം അവൻ അനുഭവിച്ചതിന് ശേഷമെങ്കിലും അവൻ പാഠം പഠിക്കുന്നതാണ്.

മറ്റൊരു അദ്ധ്യായത്തിൽ ഘോരമായ രീതിയിലുള്ള ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ പ്രധാന മാറ്റങ്ങളെ സംബന്ധിച്ച് ഖുർആൻ സംസാരിക്കുന്നു. നിരവധി ഭൂമേഖലകളും, രാജ്യങ്ങളും ഭൂഖണ്ഡങ്ങളും ജനശൂന്യമായി പോവും. ഇത് ഒരുപക്ഷേ സംഭവിക്കുക നാം ചർച്ച ചെയ്ത ന്യൂക്ലിയർ ഹോളോകാസ്റ്റിന് ശേഷമായിരിക്കും. ന്യൂക്ലിയർ ഹോളോകാസ്റ്റ് സംഭവിക്കുന്നതിന്മുമ്പേ അതേ ഭൂമി അതിന്റെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യ ധാരാളിത്വത്തിൽ ലോകത്തിലെ ഏറ്റവും രമണീയവും മനോഹരവുമായ സ്ഥലമായി വർണ്ണിക്കപ്പെട്ടവയായിരിക്കും. എല്ലാ ഖുർആനിക പ്രവചനങ്ങളിലും വെച്ച് ഈയൊരു പ്രവചനം മാത്രം സംഭവിക്കരുതേ എന്ന് നാം ആഗ്രഹിച്ചു പോകുന്നു. ഈയൊരാഗ്രഹം ഒരിക്കലും ഖുർആനിക പ്രവചനങ്ങളിലെ താക്കീതുകളോടുള്ള ബഹുമാനക്കുറവിന്റെ അടയാളമല്ല. അത് എല്ലാറ്റിനേയും വലയം ചെയ്തു നിൽക്കുന്ന ദൈവത്തിന്റെ അത്യുന്നതമായ ഔദാര്യത്തിലുള്ള നമ്മുടെ വിശ്വാസത്തിൽ നിന്ന് ഉത്ഭവം കൊള്ളുന്നതാണ്. അവൻ പരമകാരുണികനും കരുണാവാരിധിയുമാണ്. എല്ലാ താക്കീതുകളും അതെത്രതന്നെ വ്യക്തമായിരുന്നതായാലും ശരി മനുഷ്യന്റെ പ്രതികരണത്തിനനുസരിച്ച് സോപാധികമായിരിക്കും. യോനാ (അ) പ്രവാചകന്റെ ജനതയുടെ അടയാളം നമ്മുടെ മുമ്പിലുണ്ട്. അവർ ദൈവത്തിന്റെ ക്രോധത്തിന് പാത്രമായതിന്ശേഷം അഗാധമായ പശ്ചാത്താപബോധത്താൽ ദൈവത്തിലേക്ക് തിരിഞ്ഞു. അത് നമ്മിൽ ആശ്വാസത്തിന്റെ തിരി തെളിയിക്കുന്നു. മനുഷ്യന്റെ ധാർമിക മൂല്യങ്ങളുടെ നിരന്തരമായ ശോഷണത്തിന്റെ ഇന്നത്തെ പശ്ചാത്തലത്തിൽ ഒരു ശുഭാപ്തി വിശ്വാസം വെച്ചുപുലർത്താൻ യഥാർഥത്തിലുള്ള യാതൊരു ന്യായീകരണവുമില്ല. ഇത്തരത്തിലുള്ള പശ്ചാത്താപം മാത്രമാണ് പ്രതീക്ഷകൾ നൽകുന്നത്. ചുറ്റുപാടുമുള്ളതെല്ലാം നിരാശയുടെ ഭീതിപൂണ്ട കാളരാത്രികളാണ്. അഗാധമായ വേരുകളുള്ള ഈ രോഗത്തിന്റെ ശമനത്തിന് ദൈവവിശ്വാസമില്ലാത്ത രക്ഷകൻമാരുടെ കൈയ്യിൽ മരുന്നുകളില്ല. അതിന്റെ ശമനം ദൈവത്തിന്റെ കരങ്ങളിൽ മാത്രമാണ് നിലകൊള്ളുന്നത്. പക്ഷേ, പ്രാർഥനക്കായി അവന് നേരെ നമ്മുടെ കൈകൾ നീട്ടിയാലെ അത് നമുക്ക് ലഭ്യമാകൂ. ഒരു പക്ഷേ, ആധുനിക മനുഷ്യന് മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു ഭാഷയിലായിരിക്കും നാം സംസാരിക്കുന്നത്. അതിനെതിരെയാണ് മനുഷ്യൻ ചെവി തിരിച്ചു പിടിച്ചിരിക്കുന്നത്. യാഥാർഥ്യം അല്ലാഹുവിനാണ് നന്നായറിയുക! (***വെളിപാട് യുക്തി ജ്ഞാനം സത്യം*** എന്ന പുസ്തകത്തിൽ നിന്ന്)

നുബുവ്വത്ത്: എം.എം. അക്ബറിന്റെ വ്യാജവാദങ്ങൾക്ക് മറുപടി. അടുത്തലക്കം സത്യദൂതനിൽ യാസർ അറഫാത്ത് സാഹിബ് എഴുതുന്നു.

ദൈവസംപ്രാപ്തി–2

# നമസ്ക്കാരം എന്താണെന്നറിയുക

വാഗ്ദത്ത മസീഹ് 1906 ഡിസംബർ 27–ാം തീയതി ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ വെച്ച് വാർഷിക സമ്മേളനത്തിൽ ചെയ്ത മുഖ്യ പ്രഭാഷണമാണിത്. പരിശുദ്ധ കലിമയുടെ യാഥാർത്ഥ്യം, നമസ്ക്കാരത്തിന്റെ പ്രാധാന്യം, അല്ലാഹുവിന്റെ ഏകത്വ സത്ത, ഇസ്‌ലാമിലെ അഞ്ച് അനുഷ്ഠാന കർമങ്ങൾ എന്നീ ശിക്ഷണപരമായ വിഷയങ്ങൾ ഈ ലേഖനം ഉൾക്കൊള്ളുന്നു. പ്രസ്തുത പ്രഭാഷണത്തിന്റെ വിവർത്തനമാണ് ഈ ലേഖനം. **വിവ: മുഹമ്മദ് ഉമർ, കോഴിക്കോട്.**

## ഹദ്റത്ത് അഹ്മദ്(അ)

ഇതിന് ശേഷം നിങ്ങൾ കേട്ടു കൊള്ളുക രണ്ടാമത്തെ കാര്യം നമസ്ക്കാരമാണ്. അതിന്റെ കൃത്യനിഷ്ഠയെ കുറിച്ച് വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നു. എന്നാൽ അതോടൊപ്പം ഒരു കാര്യംകൂടി ഓർമിപ്പിക്കാനുള്ളത് ഇതേ ഖുർആനിൽ നമസ്ക്കാരത്തിന്റെ യാഥാർഥ്യമറിയാതെ നമസ്കരിക്കുന്നവരുടെമേൽ ശാപം ചൊരിഞ്ഞു കൊണ്ടിരിക്കുകയാണ്. യാഥാർഥ്യമെന്താണെന്നാൽ നമസ്കാരമെന്നത് എല്ലാ വിധത്തിലുള്ള തിന്മകളിൽ നിന്നും ദുഷ്ചെയ്തികളിൽ നിന്നും രക്ഷ നേടുന്നതിനായി അല്ലാഹുവിന്റെ തിരുസന്നിധിൽ ചെയ്യുന്ന പ്രാർഥനയാണ്. പല വിധത്തിലുള്ള ദുഃഖങ്ങളിലും (ദൈവത്തിൽ നിന്നുള്ള) അകൽച്ചയിലും പെട്ടിരിക്കുന്ന മനുഷ്യൻ അല്ലാഹുവിന്റെ സാമീപ്യം ഉണ്ടാകണമെന്ന് ഇച്ഛരിക്കുന്നു. അതിൽ നിന്ന് അവന് മോക്ഷത്തിൽ നിന്നുമുണ്ടാകുന്ന ശാന്തിയും സമാധാനവും സംതൃപ്തിയും ലഭ്യമാകുന്നു. എന്നാൽ ഇക്കാര്യം തന്റെ ഏതെങ്കിലും കൗശലത്താലോ ശ്രേഷ്ഠതയോ നിമിത്തം ഉണ്ടാകുന്നതല്ല. ഏത് വരെ അവൻ വിളിക്കുന്നില്ലയോ ആർക്കും തന്നെ പോകാൻ സാദ്ധ്യമല്ല. അവൻ പരിശുദ്ധനാക്കുന്നത് വരെ ആർക്കും പരിശുദ്ധനാകാൻ സാദ്ധ്യമല്ല. ഇന്നയിന്ന പാപങ്ങളിൽനിന്ന് ദൂരപ്പെടണമെന്ന് ആവേശത്തോടെ ആഗ്രഹിച്ച ധാരാളം പേർ ഇതിന് സാക്ഷ്യം വഹിക്കുന്നു. എത്ര തന്നെ പരിശ്രമിച്ചിട്ടും ആ പാപം ദൂരപ്പെടുന്നില്ല. ശാസനാത്കമായ ആത്മാവ് എത്ര തന്നെ ശ്രമിച്ചാലും വഴുതിപ്പോകുന്നു. ഇതിൽ നിന്നും ഗ്രാഹ്യമാകുന്നത് പാപത്തിൽ നിന്നുള്ള പരിശുദ്ധി അല്ലാഹുവിന്റെ ജോലിയാണെന്നാകുന്നു. തന്റെ മാത്രം ശക്തികൊണ്ട് ഇത് സംജാതമാകുന്നില്ല. എന്നാൽ അതിനായി പ്രയത്നിക്കേണ്ടത് അത്യാവശ്യമാണ്.

ചുരുക്കത്തിൽ അല്ലാഹുവിന്റെ മഅ്രിഫത്തിൽ നിന്നും അവന്റെ സാമീപ്യത്തിൽ നിന്നും വിദൂരപ്പെട്ട് പാപങ്ങളാൽ നിർഭരമായ അന്തരംഗം പവിത്രമാക്കുന്നതിനും വിദൂരതയിൽ നിന്നും സാമീപ്യം കരസ്ഥമാക്കുന്നതിനും നമസ്ക്കാരമനുഷ്ഠിക്കേണ്ടത് ആവശ്യമാകുന്നു. അത്‌വഴി തിന്മകളെ അകറ്റുവാൻ സാധിക്കുന്നതാണ്. അതിന് പകരമായി പരിശുദ്ധമായ വിചാര വികാരങ്ങൾ നിറക്കപ്പെടുന്നു. നമസ്ക്കാരം എല്ലാ തിന്മകളെയും അകറ്റുന്നുവെന്നും എല്ലാ ലജ്ജയില്ലായ്മകളിൽ നിന്നും നിഷേധാത്മകമായ ദുഷ്പ്രവണതകളിൽ നിന്നും തടുത്തുനിർത്തുന്നുവെന്നും പറഞ്ഞതിന്റെ രഹസ്യം ഇതാണ്.

നമസ്ക്കാരം എന്നാൽ എന്താണ്? പൂർണമായ വേദനയും ജ്വലനവും അടങ്ങിയ ദുആക്കാണ് നമസ്ക്കാരം എന്ന് പറയുന്നത്. സ്വലാത്ത് എന്നാൽ ജ്വലനം വേദന എന്നീ അർഥങ്ങളാണുള്ളത്. ദുആ ചെയ്യുന്ന ആൾ മരണം വരെയുള്ള പ്രാർഥന സ്വായത്തമാക്കുന്നു. ദുആ ചെയ്യുക എന്നത് വളരെ പ്രയാസകരമായ കാര്യമാകുന്നു. ഇതിന്റെ യാഥാർഥ്യത്തെ കുറിച്ച് ജനങ്ങൾ അറിയുന്നില്ല. ഇന്ന സമയത്ത് ഇന്ന ആവശ്യത്തിനായി ദുആ ചെയ്തിരുന്നു എന്നാൽ ഒരു ഫലവുമുണ്ടായില്ല എന്ന് ചിലർ

എനിക്കെഴുതുന്നു. ഇപ്രകാരം അവർ അല്ലാഹുവി നോടാണ് ദുരൂഹം കാണിക്കുന്നത്. അങ്ങനെ നിരാശനായി നാശഗർത്ത ത്തിൽ ആപതിക്കുന്നു. ദുആയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒന്നിച്ചില്ലെങ്കിൽ ആ ദുആ യാതൊരു ഫലവും തരുന്നില്ല എന്ന യാഥാർഥ്യം അവർ മനസ്സിലാക്കുന്നില്ല.

ദുആയുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊന്ന് ഹൃദയം വേദന കൊണ്ട് ഉരുകുകയും ആത്മാവ് ജലം പോലെ ഒഴുകുകയും ചെയ്ത് ദൈവത്തിന്റെ സന്നിധിയിൽ വീഴുകയും വേദനയും പരിഭ്രാന്തിയും അതിലടങ്ങിയിരിക്കുകയും ചെയ്യുക എന്നതാണ്. ഒരിക്കലും ക്ഷമയില്ലായ്മയും ധൃതിയും തിടുക്കവും കാണിക്കരുത്. സഹന ശക്തിയോടും സ്ഥിര ചിത്തതയോടും കൂടി ദുആ ചെയ്യുകയാണെങ്കിൽ അതു സ്വീകരിക്കപ്പെടുമെന്നുള്ളത് സംഭവ്യമാണ്. നമസ്കാരം സമുന്നതമായ ഒരു പ്രാർഥനയാണ്. എന്നാൽ ജനങ്ങൾ ഇതിനെ വിലമതിക്കുന്നില്ല എന്നത് പരിതാപകരമാണ്. ഒരു ആചാരമെന്നോണം റുക്കൂഉം സുജൂദും ചെയ്യുകയും അതുപോലെ ചില വചനങ്ങൾ അവയുടെ അർഥം അറിഞ്ഞോ അറിയാതെയോ ഉരുവിടുകയും ചെയ്യുന്നത് മാത്രമാണ് നമസ്ക്കാരം എന്ന് ചിലർ കരുതുന്നു. ഇതിനേക്കാൾ പരിതാപകരമായ ഒരവസ്ഥ എന്തെന്നാൽ പൊതുവിൽ മുസ്‌ലിംകൾ നമസ്ക്കാരത്തിന്റെ യാഥാർഥ്യമെന്തെന്നതിനെ കുറിച്ച് പ്രാഥമിക അറിവ് പോലുമില്ലാത്തവരാണ്. അതിനെ കുറിച്ച് ശ്രദ്ധതന്നെയില്ല. അതോടനുബന്ധിച്ച് ധാരാളം ഫിർഖകൾ ഉണ്ടായിരിക്കുന്നു. അവർ നമസ്ക്കാരത്തിന്റെ നിബന്ധനകൾ കാറ്റിൽ പറത്തിക്കൊണ്ട് അതിന് പകരമായി ചില വസീഫകളും ദിക്റുകളും മതിയെന്നു കരുതുന്നു. നൌശാഹി എന്നും ചിശ്തിയെന്നും മറ്റുമുള്ള പേരിൽ ഇവർ അറിയപ്പെടുന്നു. ഇവർ ആന്തരികമായി ഇസ്‌ലാമിനെയും ദൈവിക കൽപ്പനകളേയും ആക്രമിക്കുകയും ശരീഅത്തിന്റെ നിബന്ധനകളെ ലംഘിച്ചുകൊണ്ട് പുതിയൊരു ശരീഅത്ത് ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. ഒരു കാര്യം തീർച്ചയായും ഓർമിക്കുക, ഏതെങ്കിലും ഒരു സത്യാന്വേഷിക്ക് നമസ്ക്കാരത്തെ പോലുള്ള ഒരനുഗ്രഹം ഉണ്ടായിരിക്കെ മറ്റൊരു ബിദ്അത്തിന്റെയും ആവശ്യമില്ല തന്നെ. ഹദ്റത്ത് റസൂൽ തിരുമേനി(സ) ഏതെങ്കിലും ഒരു വിഷമതയേയോ പരീക്ഷണത്തെയോ കാണുകയാണെങ്കിൽ ഉടനെ നമസ്ക്കാരത്തിനായി എഴുന്നേറ്റു നിൽക്കാറുണ്ടായിരുന്നു. നമുക്ക് മുമ്പുള്ള പൂർവികരായ സർവജനങ്ങളുടെയും അനുഭവം ഇത് തന്നെയാണ്. നമസ്ക്കാരത്തേക്കാൾ വലുതായി അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്ന മറ്റൊന്നും തന്നെയില്ല. ഏതൊരു മനുഷ്യൻ നമസ്ക്കാരത്തിൽ ഖിയാമിന്റെ അവസ്ഥയിലാവുമ്പോൾ ഒരു ദാസൻ തന്റെ യജമാനന്റെ മുമ്പാകെ അദബോടും ഭവ്യതയോടും കൈകെട്ടി നിൽക്കുന്നു. അതിന്ശേഷം അതിനേക്കാൾ അധികം അദബ് കാണിക്കുന്നതിന്നായി റുകൂഅ് ചെയ്ത് കുനിയുന്നു. അതിന് ശേഷം അദബിന്റെ അവസാനത്തെ പരിധിയായ സുജൂദ് ചെയ്യുന്നു. അതായത് കുമ്പിടുന്നു. ഒരു മനുഷ്യൻ ഫനായുടെ ലയനാവസ്ഥയിൽ ആകുമ്പോൾ സജദയിൽ വീഴുന്നു. പരിതാപകരമെന്നു പറയട്ടെ നമസ്ക്കാരത്തിൽ മാറ്റം വരുത്തണമെന്ന് പറഞ്ഞ്കൊണ്ട് റുകൂഇനെ കുറിച്ചും സുജൂദിനെ കുറിച്ചും ചിലർ ആക്ഷേപിക്കുന്നു. ഈ അവസ്ഥകൾ പരിപൂർണത ഉൾക്കൊള്ളുന്നതാണ്. ഏത്വരെ ഒരു മനുഷ്യൻ നമസ്ക്കാരം അവനെ എത്തിക്കുന്ന പ്രപഞ്ചവുമായി ബന്ധപ്പെടുവാൻ സാധിക്കുന്നില്ലയോ അത്വരെ മനുഷ്യന് ഒന്നും തന്നെ ലഭിക്കുന്നില്ല. ഏതൊരുവന് അല്ലാഹുവിൽ പൂർണമായ യഖീൻ (ദൃഢവിശ്വാസം) ഇല്ലയോ അയാൾക്ക് എങ്ങനെയാണ് നമസ്ക്കാരത്തിൽ യഖീൻ ഉണ്ടാവുക.

നമസ്ക്കാരം എല്ലാ നന്മകളുടെയും സംഗമവും എല്ലാ തിന്മകളുടെയും വർജ്യസ്ഥാനവുമാണ്. നാം അഞ്ചു നേരമനുഷ്ഠിക്കുന്ന നമസ്ക്കാരത്തിന് ഒരു യഥാർഥ തത്ത്വമുണ്ട് എന്ന് നാം പലവുരു പ്രസ്താവിച്ചിട്ടുള്ളതാണ്. ഖിയാം, റുകൂഅ്, സുജൂദ് എന്നിവ മനുഷ്യന്റെ കീഴ്‌വണക്കത്തിന്റെ രൂപഭേദങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഖിയാമിലുള്ള ഒരാൾ പുരോഗമിച്ച് റുകൂഅ് ചെയ്യുന്നു. അതിൽ നിന്ന് പുരോഗതിപ്പെട്ട് പരിപൂർണ ലയനമെന്നോണം സുജൂദ് ചെയ്യു

ദുആയുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊന്ന് ഹൃദയം വേദന കൊണ്ട് ഉരുകുകയും ആത്മാവ് ജലം പോലെ ഒഴുകുകയും ചെയ്ത് ദൈവത്തിന്റെ സന്നിധിയിൽ വീഴുകയും വേദനയും പരിഭ്രാന്തിയും അതിലടങ്ങിയിരിക്കുകയും ചെയ്യുക എന്നതാണ്. ഒരിക്കലും ക്ഷമയില്ലായ്മയും ധൃതിയും തിടുക്കവും കാണിക്കരുത്. സഹന ശക്തിയോടും സ്ഥിര ചിത്തതയോടും കൂടി ദുആ ചെയ്യുകയാണെങ്കിൽ അതു സ്വീകരിക്കപ്പെടുമെന്നുള്ളത് സംഭവ്യമാണ്. നമസ്കാരം സമുന്നതമായ ഒരു പ്രാർഥനയാണ്. എന്നാൽ ജനങ്ങൾ ഇതിനെ വിലമതിക്കുന്നില്ല എന്നത് പരിതാപകരമാണ്.

ന്നു. വെറും അനുകരണം അല്ലെങ്കിൽ ആചാര സമ്പ്രദായം എന്ന നിലയിലല്ല, ഞാൻ അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. ആരെങ്കിലും ഞാൻ പറയുന്ന രീതിയിൽ നമസ്ക്കാരമനുഷ്ഠിച്ചു കൊണ്ട് പരീക്ഷിച്ച് നോക്കട്ടെ എന്നിട്ട് പ്രയോജനമടയട്ടെ. ഏതെങ്കിലും ദുഃഖത്തിലോ മുസീബത്തിലോ പെട്ട ആൾ ഉടനെ നമസ്ക്കാരത്തിനായി എഴുന്നേറ്റ് നിൽക്കട്ടെ. തനിക്കേർപ്പെട്ട പ്രയാസങ്ങളെയും ആപത്തുകളേയും വിശദീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ബോധിപ്പിക്കട്ടെ. കാരണം തീർച്ചയായും അല്ലാഹുവെന്ന ഒരുവനുണ്ട്. എല്ലാ ആപത്തുകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നവൻ അവൻ മാത്രമാണ്. അവനെ വിളിച്ചു പ്രാർഥിക്കുന്നവന്റെ പ്രാർഥന അവൻ കേൾക്കുന്നു. അവനെ കൂടാതെ സഹായിക്കുന്നവൻ മറ്റാരും തന്നെയില്ല. എതെങ്കിലും ആപത്തോ ബുദ്ധിമുട്ടുകളോ വന്നാൽ ആദ്യമായി അല്ലാഹുവിലേക്ക് ചെല്ലാതെ വക്കീലിനെയോ ഡോക്ടറേയോ അഭയം തേടുന്നവൻ നഷ്ടത്തിലാണ്. കാരണം അവൻ അല്ലാഹുവിനെ ഉപേക്ഷിച്ചവനാണ്. എന്നാൽ ഒരു വിശ്വാസി ആദ്യമായി അല്ലാഹു വിലേക്കാണ് അടുക്കുന്നത്. ഒരു കാര്യം കൂടി ഓർമിക്കേണ്ടതുണ്ട്. നിങ്ങൾ അല്ലാഹുവിലേക്ക് ബദ്ധശ്രദ്ധരാകാതെ എവിടെയാണെങ്കിലും അതുകൊണ്ട് അവന്റെ സന്നിധിയിൽ ഒരു നഷ്ടവും ഉണ്ടാകുന്നില്ല. അവന് നിങ്ങളെ ക്കുറിച്ച് ഒരാശങ്കയും ഇല്ല തന്നെ. അവൻ സ്വയം തന്നെ അരുൾ ചെയ്യുന്നു.

നിങ്ങൾ സത്യഹൃദയത്തോടെ അവനെ ആരാധിക്കുന്നില്ലെങ്കിൽ അവൻ നിങ്ങളെ എന്തു വിലമതിക്കാനാണ്? (25:78) എപ്രകാരം അവൻ റഹീമും കരീമും ആണോ അതേ പ്രകാരം അവൻ നിരാശ്രയനുമാണ്. പ്ലേഗ് എന്താണ് ചെയ്തത്? ഭൂകമ്പങ്ങൾ എന്തൊക്കെ കാണിച്ചു തരുന്നു എന്ന് നിങ്ങൾ കണ്ടതല്ലേ?

നിങ്ങൾ സത്യഹൃദയത്തോടെ അവനെ ആരാധിക്കുന്നില്ലെങ്കിൽ അവൻ നിങ്ങളെ എന്തു വിലമതി ക്കാനാണ്? (25:78) എപ്രകാരം അവൻ റഹീമും കരീമും ആണോ അതേ പ്രകാരം അവൻ നിരാശ്രയനുമാണ്. പ്ലേഗ് എന്താണ് ചെയ്തത്? ഭൂകമ്പങ്ങൾ എന്തൊക്കെ കാണിച്ചു തരുന്നു എന്ന് നിങ്ങൾ കണ്ടതല്ലേ? വീടുകളും നഗരങ്ങളും നശിക്കുകയും ആയിരക്കണക്കിനും ലക്ഷക്കണക്കിനുമുള്ള കുടുംബങ്ങൾ ആപത്തുകൾക്ക് ഇരയായില്ലേ? അതുകൊണ്ട് അല്ലാഹുവിന് എന്ത് ആശങ്കയാണുണ്ടായത്? അവൻ കരുണാനിധിയാണെന്നതിനോടൊപ്പം അവൻ സ്വാശ്രയനും കൂടിയാണ്.

വീടുകളും നഗരങ്ങളും നശിക്കുകയും ആയിരക്കണക്കിനും ലക്ഷക്കണക്കിനുമുള്ള കുടുംബങ്ങൾ ആപത്തുകൾക്ക് ഇരയായില്ലേ? അതുകൊണ്ട് അല്ലാഹുവിന് എന്ത് ആശങ്കയാണുണ്ടായത്? അവൻ കരുണാ നിധിയാണെന്നതിനോടൊപ്പം അവൻ സ്വാശ്രയനും കൂടിയാണ്. നൂഹിന്റെയും ലൂത്തിന്റെയും മൂസയുടെയും കാലത്ത് എന്തൊക്കെ സംഭവിച്ചു? ആ കാലത്ത് നാശമടഞ്ഞ ജനങ്ങളും ഗ്രാമങ്ങളും മനുഷ്യരുടെതായിരുന്നല്ലോ? അവരും മനുഷ്യരാണ് നിങ്ങളും മനുഷ്യരാണ്. അവർ പിന്തിരിയാതിരിക്കുകയും സത്യത്തെ നിഷേധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നത് കൊണ്ട് അല്ലാഹു തന്റെ ക്രോധം അവരിൽ ഇറക്കി. അങ്ങനെ ഞൊടിയിടകൊണ്ട് അവരെ നശിപ്പിച്ചു. എന്നാൽ ഒരു കാര്യം നന്നായിട്ടോർക്കണം തങ്ങൾ സ്വീകരിച്ചിരിക്കുന്നുവെന്ന് പറഞ്ഞത് കൊണ്ട് മതിയാക്കുന്നതല്ല. അല്ലാഹു വെറുതെ ഏറ്റു പറയുന്നത് കൊണ്ട് ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ ചെയ്യുന്ന പ്രതിജ്ഞ പ്രാവർത്തികമാക്കാനാണ് അല്ലാഹു ഇച്ഛിക്കുന്നത്. ഇന്നയാൾ ബൈഅത്ത് ചെയ്തിട്ടും അയാളെന്തുകൊണ്ട് പ്ലേഗിൽ മരണപ്പെട്ടു എന്ന് ചോദിക്കുന്നു. അയാൾ പ്ലേഗിൽ മരണപ്പെട്ടതിന് ഞാനാണോ ഉത്തരവാദി? അയാൾ അയാളുടെ അന്തരംഗത്തുള്ള പ്ലേഗ് കൊണ്ടാണ് മരണപ്പെട്ടത്. അല്ലാഹു ഒരിക്കലും അന്യായം പ്രവർത്തിക്കുന്നവനല്ല. അവൻ തന്റെ സത്യദാസന്മാരെ സംരക്ഷിക്കുന്നു. അവർക്കും അന്യർക്കുമിടയിൽ വ്യത്യാസം കാണിക്കുന്നു. ബൈഅത്ത് ചെയ്തത് കൊണ്ടാണ് തങ്ങൾക്ക് മുസീബത്തുണ്ടായത് എന്ന് പറയുന്നവരെക്കുറിച്ച് എനിക്ക് അത്ഭുതം തോന്നുന്നു. എന്നാൽ അല്ലാഹു അവരുടെ മേൽ ഒരന്യായവും ചെയ്തിട്ടില്ല എന്ന് ഈ വിവരം കെട്ടവർ അറിയുന്നില്ല. ഏത്വരെ ഹൃദയം ശുദ്ധമാകാതെയും അല്ലാഹുവുമായി യഥാർഥ ബന്ധം പുലർത്താതെ വെറും ബാഹ്യമായ ബൈഅത്ത് പ്രതിജ്ഞ കൊണ്ട് ഒരു ഫലവും ഇല്ലതന്നെ.

നൂഹ് നബി(അ)യുടെ കുടുംബത്തെ താൻ രക്ഷപ്പെടുത്തുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരുന്നില്ലേ? എന്നാൽ അദ്ദേഹത്തിന്റെ മകൻ നശിക്കാൻ പോകുമ്പോൾ നൂഹ്(അ) ദു ആ ചെയ്തു ഇക്കാര്യം ബോധിപ്പിച്ചു. അല്ലാഹു എന്താണ് മറുപടി പറഞ്ഞത്? അതായത് നീ അറിവില്ലാത്ത ആളായിത്തീരരുത്. അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല. കാരണം അവന്റെ പ്രവർത്തനങ്ങൾ സൽക്കർമങ്ങളായിരുന്നില്ല. അവൻ ഗുപ്തനായ മുർത്തദ്ദാണ്. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ മകന് വേണ്ടി പ്രാർഥിച്ചപ്പോൾ ഈ മറുപടി

അല്ലാഹുവിൽ നിന്ന് ലഭിച്ച സ്ഥിതിക്ക് അല്ലാഹുവുമായി സത്യബന്ധം പുലർത്താതിരിക്കുകയും തങ്ങളുടെ പ്രവർത്തനങ്ങളിലും കർമങ്ങളിലും ഒരു മാറ്റം ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നവരോട് അല്ലാഹു തന്റെ യഥാർഥ ദാസന്മാരോട് അനുവർത്തിച്ചത് പോലെയുള്ള പെരുമാറ്റം വേണമെന്ന് കരുതുതുന്നത് അങ്ങേയറ്റം അറിവില്ലായ്മയും തെറ്റുമാണ്.

അല്ലാഹുവേ, ഞങ്ങളുടെ നഫ്സിന്റെ തെറ്റുകളിൽ നിന്നും ദുഷ്ക്കർമങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കേണമേ!

ചിലർ മറഞ്ഞു കിടക്കുന്ന മുർത്തദ്ദീങ്ങളായിട്ടുണ്ട് എന്നെനിക്കറിയാം. പലരും ബൈഅത്ത് ചെയ്തതിന് ശേഷവും എനിക്ക് ഇപ്രകാരം കത്തയക്കുന്നു. ഏത് വരെ എന്റെ വീട്ടിൽ ആൺ കുഞ്ഞ് ഉണ്ടാവുന്നില്ലയോ എങ്ങനെയാണയാൾ സത്യവാനായിരിക്കുക എന്ന് ഒരാൾ ചോദിക്കുന്നു. അല്ലാഹു എന്നെ അവർക്ക് ആൺകുട്ടികളെ പ്രദാനം ചെയ്യാനാണോ അയച്ചിട്ടുള്ളത് എന്ന് ബുദ്ധിശൂന്യരായ ഇവർ മനസ്സിലാക്കുന്നില്ല. ആരുടെയെങ്കിലും വീട്ടിൽ ആൺകുട്ടിയും പെൺകുട്ടിയും ഉണ്ടാകുന്നതുമായി എനിക്ക് യാതൊരു ബന്ധവുമില്ല തന്നെ. അതിനായിട്ടല്ല ഞാൻ നിയുക്തനായിരിക്കുന്നത്. ജനങ്ങളുടെ ഈമാൻ നന്നായി തീരുവാനാണ് ഞാൻ ആഗതനായിരിക്കുന്നത്. തങ്ങളുടെ ഈമാനെ നന്നാക്കി തീർക്കുകയും അല്ലാഹുവുമായി യഥാർഥത്തിലുള്ള ബന്ധം വെച്ചു പുലർത്തുകയും ചെയ്യാൻ ആഗ്രഹിക്കുന്നവർ ഞാനുമായി ബന്ധപ്പെടുകയാണ് വേണ്ടത്. മറ്റു കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ടതല്ല.

ഇപ്രകാരമുള്ള കത്തുകൾ എനിക്ക് അയക്കുന്നവരും ഇങ്ങനെ ചിന്തിക്കുന്നവരും ഒരു കാര്യം നന്നായിട്ടോർക്കേണ്ടതാണ്. അവർ എന്റെനേരേയല്ല അല്ലാഹുവിന്റെ നേരേയാണ് ആക്ഷേപം ഉന്നയിക്കുന്നത്. ഏത്വരെ സന്തതികളുണ്ടായിട്ടും സന്താന രഹിതരെപ്പോലെയും സമ്പത്തുണ്ടായിട്ടും ദരിദ്രനെ പ്പോലെയും സുഹൃത്തുക്കളുണ്ടായിട്ടും സുഹൃത്തുക്കൾ ആരുമില്ലാത്തവനെപ്പോലെയും ആയിതീരുന്നില്ലയോ അതുവരെ ആർക്കും അല്ലാഹുവുമായി യഥാർഥ സമ്പർക്കം വെച്ച് പുലർത്താൻ സാദ്ധ്യമല്ല. ഏറ്റവും പ്രയാസകരമായ ഈ അവസ്ഥ മനുഷ്യൻ സംജാതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ അവസ്ഥ പ്രാപിച്ചാൽ മാത്രമേ അവൻ യഥാർഥ ദൈവവിശ്വാസിയായി തീരുകയുള്ളൂ.

ഞാൻ ശിർക്ക് പൊറുത്തുത്തരുന്നതല്ല എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു താക്കീത് ചെയ്തതിന്റെ പൊരുൾ പൊതുവിൽ അറിവില്ലാത്ത ജനത കരുതിയിരുന്നത് അത്കൊണ്ട് വിഗ്രഹാരാധന മാത്രമാണുദ്ദേശമെന്നായിരുന്നു. എന്നാൽ അത് മാത്രമല്ല ഉദ്ദേശ്യം. മനുഷ്യൻ അല്ലാഹുവിനെ കൂടാതെ തനിക്കായുണ്ടാക്കിയ എല്ലാ മഹ്ബൂബീങ്ങളും ഇതിൽ പെടുന്നതാണ്. ചിലർ തങ്ങൾക്ക് ഏന്തെങ്കിലും അൽപ്പം ബുദ്ധിമുട്ടോ മുസീബത്തോ വരികയാണെങ്കിൽ അല്ലെങ്കിൽ മക്കളിലാരെങ്കിലും മരണപ്പെടുകയാണെങ്കിൽ ഉടനെ അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിച്ചുകൊണ്ട് പരാതികളും ആക്ഷേപങ്ങളും ചൊരിയുന്നതായി കാണപ്പെടുന്നു. ഇവരും കഠിനമായ മുശ്രിക്കീങ്ങളും തങ്ങളുടെ ആത്മാവിനോട് അന്യായം കാണിക്കുന്നവരുമാണ്. അതുകൊണ്ട് നിങ്ങൾ അവരെ പോലെ ആയിത്തീരരുത്. ഇത്പോലെയുള്ള ചിന്തകൾ ഹൃദയത്തിൽ നിന്ന് നീക്കിക്കളയുക. അതിനുള്ള വഴി വളരെ വ്യസനത്തോടും പരിഭ്രാന്തിയോടുകൂടിയും നമസ്ക്കാരങ്ങളിൽ ദുആ ചെയ്യുകയും അവന്റെ സഹായം തേടുകയും ചെയ്യുക എന്നതാണ്.

ഞാൻ വളരെ വ്യക്തമായി പറയുന്നു. ആരെങ്കിലും തനിക്ക് കുട്ടിയുണ്ടാകണം അല്ലെങ്കിൽ ഇന്ന ഉദ്യോഗമോ പദവിയോ ഉണ്ടാകണമെന്ന ഉദ്ദേശത്തോടുകൂടി അല്ലെങ്കിൽ നിബന്ധനയോടുകൂടി ബൈഅത്ത് ചെയ്യുകയാണെങ്കിൽ അത്തരം ആളുകൾ ഇന്നോ നാളയോ അല്ല, ഇപ്പോൾ തന്നെ അകന്ന് പോകുന്നതാണ് നല്ലത്. എനിക്ക് അത്തരക്കാരുടെ ആവശ്യമില്ല. അല്ലാഹുവിനും അവരെക്കുറിച്ച് ഒരാശങ്കയും ഇല്ലതന്നെ.

ഒരുകാര്യം നന്നായി ഓർക്കുക. ഈ ലോകത്തിന് ശേഷം അവസാനിക്കാത്ത മറ്റൊരു ലോകമുണ്ട്. അതിനായി നിങ്ങൾ നിങ്ങളെ തന്നെ സജ്ജമാക്കേണ്ടതുണ്ട്. ഈ ദുനിയാവിലെ ആഢംബരങ്ങൾ ഈ ലോകത്ത് തന്നെ അവസാനിക്കുന്നതാണ്. എന്നാൽ അവന്റെ അനുഗ്രഹങ്ങൾക്കും സന്തോഷങ്ങൾക്കും ഒരതിരും ഇല്ലതന്നെ.

ഞാൻ സത്യമായും പറയുന്നത് ഏതൊരാൾ ഈ എല്ലാ കാര്യങ്ങളിൽ നിന്നും വിട്ട് നിന്നുകൊണ്ട് അല്ലാഹുവിലേക്ക് വരുന്നുവോ അയാളാണു യഥാർഥ വിശ്വാസി. ഒരാൾ അല്ലാഹുവിന്റേതായിതീരുകയാണെങ്കിൽ അയാളെ അല്ലാഹു ഒരിക്കലും ഉപേക്ഷിക്കുന്നതല്ല. അല്ലാഹു അന്യായം കാണിക്കുന്നവനാണെന്ന് കരുതരുത്. ഏതൊരാൾ അല്ലാഹുവിനായി എന്തെങ്കിലും ഉപേക്ഷിക്കുന്നുവോ അയാൾക്ക് അതിനേക്കാൾ അധികം ലഭ്യമാകുന്നു. നിങ്ങൾ അല്ലാഹുവിന്റെ തൃപ്തിക്ക് പ്രാധാന്യം നൽകുകയും സന്തതികൾക്കായി ആഗ്രഹം പ്രകടിപ്പിക്കുന്നതായി തീരുകയുമാണെങ്കിൽ നിങ്ങൾക്ക് തീർച്ചയായും സന്തതികൾ ലഭിക്കുന്നതായിരിക്കും എന്ന് അറിയുക. നിങ്ങൾക്ക് പണത്തിനോടുള്ള ആസക്തിയില്ലെങ്കിൽ നിങ്ങൾക്ക് അവൻ പണം തരുന്നതായിരിക്കും. നിങ്ങൾ ധനസമ്പാദനത്തിനായി മാത്രം നിങ്ങളുടെ എല്ലാ പരിശ്രമങ്ങളും ചെലവഴിക്കാതിരിക്കുക. അതുകൊണ്ട് അല്ലാഹുവിനെ പ്രാപിക്കുന്നതിനായി പരിശ്രമിക്കുക. (തുടരും)

ഭാഗം – 10

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### ജിഹാദ് ബി സൈഫ്

ഇനി മുസ്ലിമീങ്ങൾ നടത്തിയ യുദ്ധങ്ങളുമായി ബന്ധപ്പെട്ട ചില പ്രധാന സംഭവങ്ങൾ നിങ്ങൾക്ക് ഞാൻപറഞ്ഞു തരാം. മക്കയിലെ അവിശ്വാസി നേതാക്കൾ മുസ്ലിമീങ്ങൾക്കെതിരിൽ പലതരത്തിലുള്ള കള്ളപ്രചരണങ്ങൾ നടത്തിക്കൊണ്ട് അവിടെയുള്ള സാധാരണക്കാരുടെ ഹൃദയങ്ങളിൽ ശത്രുതയുടേയും വെറുപ്പിന്റേയും തീ ആളികത്തിച്ചു. അങ്ങനെ സാധാരണക്കാരും മുസ്ലിമീങ്ങൾക്ക് എതിരായി. അല്ലാഹുവിൽ നിന്ന് അവിശ്വാസികൾക്കെതിരിൽ 'ജിഹാദ് ബി സൈഫി' (വാളുകൊണ്ടുള്ള ജിഹാദ്) നുള്ള അനുവാദം ഹിജ്റത്തിന്റെ രണ്ടാം വർഷം സഫർ മാസമാണ് ലഭിച്ചത്. ജിഹാദ് എന്നാൽ യുദ്ധംചെയ്യൽ എന്ന് മാത്രമാണെന്ന് നിങ്ങൾ ധരിക്കരുത്. അല്ലാഹുവിനെ ആരാധിക്കുക, തബ്ലീഗ് ചെയ്യുക, സാമ്പത്തിക ത്യാഗം ചെയ്യുക, അല്ലാഹുവിന്റെ മാർഗത്തിൽ വിഷമം സഹിക്കുക, കർമ സംസ്കരണം ചെയ്യുക, ആത്മ സംസ്കരണം നടത്തുക എന്നിവയെല്ലാം ജിഹാദാണ്. അക്രമിയായ രാജാവിന് മുന്നിൽ സത്യവും നീതിയും പറയുന്നതും, ജിഹാദ് ചെയ്യുന്നവന്റെ അഭാവത്തിൽ അയാളുടെ വീട്ടുകാരോട് നന്മ പ്രവർത്തിക്കുന്നതും ഉന്നതമായ ജിഹാദാണെന്ന് അല്ലാഹുവിന്റെ റസൂൽ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്.

ഞങ്ങൾ മുസ്ലിമീങ്ങൾ നാല് ഭാഗത്ത് നിന്നും അവിശ്വാസികളുടെ ഭീഷണിയും വെല്ലുവിളികളും നേരിട്ട് കൊണ്ടിരിക്കുമ്പോഴാണ് പ്രതിരോധ യുദ്ധത്തിനുള്ള അനുമതി അല്ലാഹുവിൽ നിന്ന് ലഭിക്കുന്നത്. അതോടെ അല്ലാഹുവിന്റെ റസൂൽ തികഞ്ഞ ഒരു യുദ്ധതന്ത്രജ്ഞനെ പോലെ പല നടപടികൾക്കും തുടക്കം കുറിച്ചു. അവിശ്വാസികൾ മുസ്ലിമീങ്ങളെ ഏത് വിധവും അപകടപ്പെടുത്താൻ ശ്രമിച്ചേക്കാമെന്ന് സാഹചര്യ തെളിവിലൂടെ സ്പഷ്ടമായിരുന്നു. അതുകൊണ്ട് ഞങ്ങൾ എല്ലാംതന്നെ വളരെ ജാഗരൂകരായിരുന്നു. ശത്രുക്കൾ ഞങ്ങളെ പതിയിരുന്ന് ആക്രമിച്ചേക്കാം. മിന്നലാക്രമണത്തിലൂടെ ഞങ്ങളുടെ വീര്യം കെടുത്താൻ ശ്രമിച്ചേക്കാം. ഇതിൽ നിന്നെല്ലാം മുസ്ലിമീങ്ങളെ സുരക്ഷിതരാക്കുവാനുള്ള നടപടി കൈകൊള്ളേണ്ടത് അല്ലാഹുവിന്റെ റസൂലാണ്. ആകയാൽ ശത്രുക്കളുടെ നീക്കങ്ങൾ നിരീക്ഷിച്ചറിയുന്നതിനും പടനീക്കത്തിന്റെ വല്ല ലക്ഷണവും മക്കയുടെ ചുറ്റുമുള്ള പ്രദേശങ്ങളിൽ ഉണ്ടോ എന്ന് കണ്ടറിയുന്നതിനുമായി ചെറു ചെറു സംഘങ്ങൾക്ക് അല്ലാഹുവിന്റെ റസൂൽ രൂപം നൽകുകയും വിവിധ ഭാഗങ്ങളിലേക്ക് ആ സംഘങ്ങളെ അയക്കുവാനും തുടങ്ങി.

### ഗസ്വയും സരിയയും **(1)

ആ ഉദ്ദേശ്യത്തിൽ ആദ്യമായി ഞങ്ങൾ മുഹാജിരീങ്ങളുടെ ഒരു ചെറു സംഘം അല്ലാഹുവിന്റെ റസൂലിന്റെ നേതൃത്വത്തിൽ മദീനക്ക് തെക്ക് പടിഞ്ഞാറ് ഭാഗത്ത് മക്കയിലേക്കുള്ള വഴിയിൽ യാത്ര ചെയ്യുകയും ചുറ്റുപാടുകൾ നിരീക്ഷിച്ചുകൊണ്ട് വദ്ദാൻ എന്ന പ്രദേശത്ത് എത്തുകയും ചെയ്തു. ശത്രുക്കളുടെ അസാധാരണമായ യാതൊരു നീക്കങ്ങളും ഈ പ്രദേശത്ത് കണ്ടില്ലെങ്കിലും ആ പ്രദേശത്തുള്ള പല ഗോത്രനേതാക്കളുമായി കൂടികാഴ്ച നടത്തുവാനും പരസ്പര ധാരണയോടുകൂടി ഒരു ഉടമ്പടിക്ക് രൂപം നൽകുവാനും അല്ലാഹുവിന്റെ റസൂലിന് സാധിച്ചു. അതിൽ രണ്ട് കക്ഷികളും ഒപ്പ് വെക്കുകയും ചെയ്തു. മുസ്ലിമീങ്ങളുമായി സൗഹാർദ ബന്ധം നിലനിർത്തുമെന്നും ഞങ്ങൾക്കെതിരിൽ ഒരു ശത്രുവിനേയും സഹായിക്കുകയില്ല എന്നും ആവശ്യമായി വന്നാൽ മുസ്ലിംങ്ങളുടെ സഹായത്തിനായി തയ്യാറാകുമെന്നുമായിരുന്നു വ്യവസ്ഥ. അതുപോലെ മുസ്ലിമീങ്ങൾ ഈ ഗോത്രങ്ങളോടും അനുവർത്തിക്കുന്നതായിരിക്കും. ഇതിലൂടെ ഖുറൈശികളുടെ പല പദ്ധതികൾക്കും തടയിടാൻ സാധിച്ചു. പതിനഞ്ച് ദിവസങ്ങൾക്ക് ശേഷം അല്ലാഹുവിന്റെ റസൂലും സംഘവും മദീനയിലേക്ക് തിരിച്ചു. ഇതിനെ ഗസ്വ വദ്ദാൻ എന്ന് വിളിക്കുന്നു.

ഈ യാത്രക്ക് ശേഷം റബീഉൽ അവ്വൽ മാസം അല്ലാഹുവിന്റെ റസൂലിന്റെ നിർദേശാനുസരണം ഞങ്ങൾ അറുപതോളം മുഹാജിരീങ്ങളുടെ മറ്റൊരു സംഘം ഉബൈദ ബിൻ ഹാരിസിന്റെ നേതൃത്വത്തിൽ ഒട്ടകപ്പുറത്ത് മദീനയിൽ നിന്നും മറ്റൊരു ഭാഗത്തേക്ക് ശത്രു നീക്കങ്ങൾ മനസ്സിലാക്കുവാനും വേണ്ടിവന്നാൽ അവരെ നേരിടാനുമായി പുറപ്പെട്ടു. ഞങ്ങൾ കുറച്ച് ദൂരം യാത്ര ചെയ്ത് ''സാനിയത്തുൽ മർറ'' എന്ന സ്ഥലത്തെത്തിയപ്പോൾ എന്താണ് കാണുന്നത്? അബൂജഹലിന്റെ മകൻ ഇഖ്രിമയുടെ നേതൃത്വത്തിൽ സായുധരായ ഇരുന്നൂറോളം യുവാക്കൾ എന്തിനും തയ്യാറായി ഒരുങ്ങിയിരിക്കുകയാണ്. ഞങ്ങൾ രണ്ട് സംഘവും നേർക്ക് നേർ മുഖാമുഖമായി വന്നപ്പോൾ പരസ്പരം അമ്പെയ്ത്ത് തുടങ്ങി. പക്ഷെ പെട്ടെന്ന് തന്നെ, മുസ്‌ലിമീങ്ങൾ തികഞ്ഞ ഒരുക്കത്തിലാണെന്നും ഇവരുടെ പുറകിൽ വേറെ സംഘങ്ങൾ ഉണ്ടായേക്കാമെന്നുമുള്ള ഭയത്തിൽ അവർ പിൻവാങ്ങി. ഞങ്ങൾ അവരെ പിൻതുടർന്നില്ല. ഇവിടെ മറ്റൊന്ന് സംഭവിച്ചു. അമുസ്ലിം സംഘത്തിൽപ്പെട്ട രണ്ട് പേർ, മുസ്‌ലിമീങ്ങളോടൊപ്പം ചേർന്നു. അവർ ഹൃദയം കൊണ്ട് നേരത്തെ മുസ്‌ലിമീങ്ങളായിരുന്നു. ഖുറൈശികളോടുള്ള ഭയം നിമിത്തമാണ് അവർ മക്കയിൽ നിന്ന് പലായനം ചെയ്ത് മദീനയിൽ വരാതിരുന്നത്. ഈ യാത്രയെ അല്ലെങ്കിൽ ഈ യത്നത്തെ 'സരിഅ' ഉബൈദ ഹാരിസ് എന്ന് വിളിക്കുന്നു.

ഇതേ മാസം മുപ്പത് പേരടങ്ങുന്ന മുഹാജിരീങ്ങളുടെ തന്നെ മറ്റൊരു സംഘത്തെ ഒട്ടകപ്പുറത്ത് അല്ലാഹുവിന്റെ റസൂൽ തന്റെ എളാപ്പ ഹംസ ബിൻ അബ്ദുൽ മുത്തലിബിന്റെ നേതൃത്വത്തിൽ നിരീക്ഷണങ്ങൾക്കായി മദീനയുടെ കിഴക്ക് ഭാഗത്ത് "സൈഫുൽ ബഹർ" പ്രദേശത്തേക്കയച്ചു. അവിടെ എത്തിയപ്പോഴാണ് മക്കയുടെ പരമോന്നത നേതാവും പ്രതാപശാലിയുമായ അബൂജഹലിന്റെ നേതൃത്വത്തിൽ സായുധരായ മുന്നൂറോളം പേർ അവിടെ തമ്പടിച്ചിരുന്നതായി മനസ്സിലായത്. പെട്ടെന്ന്തന്നെ രണ്ട് സംഘവും നേർക്കുനേർ ഒരുങ്ങി നിന്നു. മുസ്ലിമീങ്ങൾ മുപ്പതും ശത്രുക്കൾ മുന്നൂറും. ഏതൊരു കാര്യത്തിന് വേണ്ടിയാണോ അല്ലാഹുവിന്റെ റസൂൽ നിയോഗിച്ചിരിക്കുന്നത്, അത് പൂർത്തിയാക്കാതെ പിന്തിരിയുന്നവരല്ല മുസ്‌ലിമീങ്ങൾ. അവരെ മരണഭയം ലവലേശം തീണ്ടിയിരുന്നില്ല. രണ്ട് സംഘവും ഏറ്റുമുട്ടലിന്റെ വക്കിൽ എത്തിയപ്പോൾ ആ പ്രദേശത്തെ ഗോത്ര നേതാവ് മജ്ദവി ബിൻ ഉമറിന്റെ മധ്യസ്ഥ ശ്രമങ്ങളുടെ ഫലമായി രണ്ട് സംഘങ്ങളും പിൻവാങ്ങി. ഇതിനെ സരിഅ ഹംസ ബിൻ അബ്ദിൽ മുത്വലിബ് എന്ന് വിളിക്കുന്നു.

പിന്നീട് ജമാദിൽ ഊല മാസം ഖുറൈശികളുടെ ചില നീക്കങ്ങളെ കുറിച്ച് അല്ലാഹുവിന്റെ റസൂലിന് വിവരം ലഭിച്ചപ്പോൾ റസൂൽ മുഹാജിരീങ്ങളുടെ ഒരു സംഘവുമായി പല ഭാഗങ്ങളിലും ചുറ്റിക്കറങ്ങി ക്കൊണ്ട് സമുദ്ര തീരത്തിനടുത്തുള്ള 'അശീറ' എന്ന പ്രദേശത്തെത്തി. പക്ഷേ എവിടേയും ശത്രുക്കളുടെ പടയൊരുക്കമോ സൈനീക നീക്കങ്ങളോ കാണുവാൻ സാധിച്ചില്ല. ഈ യാത്രകൊണ്ട് വേറൊരു ഗുണം ഉണ്ടായി. ഈ പ്രദേശത്തെ ബനൂ മദ്‌ലജ് ഗോത്രവുമായി അല്ലാഹുവിന്റെ റസൂലിന് ആദ്യം മറ്റ് ഗോത്രവുമായി ഉണ്ടാക്കിയതുപോലുള്ള ഒരു സമാധാന ഉടമ്പടി ഉണ്ടാക്കുവാൻ സാധിച്ചു. ഇതിനെ ഗസ്‌വാ അശീറാ എന്ന് വിളിക്കുന്നു.

### ഒന്നാം ബദർ യുദ്ധം

മുസ്ലിമീങ്ങൾ ഇത്ര കണ്ട് ശ്രദ്ധാലുക്കളും തികഞ്ഞ ജാഗ്രത പാലിച്ചിട്ടും അശീറ പ്രദേശത്ത് നിന്ന് അല്ലാഹുവിന്റെ റസൂലും ഞങ്ങളും തിരിച്ചെത്തി പത്ത് ദിവസമേ കഴിഞ്ഞുള്ളൂ, മക്കയിലെ ഒരു ഗോത്ര നേതാ വ് കറസ് ബിൻ ജാബിർ ഫഹരി ഒരു കൂട്ടം ആളുകളുമായി മദീനക്ക് മൂന്ന് മൈൽ അകലെയുള്ള ഒരു സ്ഥലത്ത് അതിക്രമിച്ച് കയറുകയും അവിടെ മേഞ്ഞ് കൊണ്ടിരുന്ന ഒട്ടകങ്ങളും മറ്റ് സാധനങ്ങളും കൊള്ളയടിച്ച് അതുമായി സ്ഥലം വിടുകയും ചെയ്തു. വിവരമറിഞ്ഞ ഉടനെ അല്ലാഹുവിന്റെ റസൂൽ ഞങ്ങൾ മുഹാജിരീങ്ങളുടെ ഒരു സംഘത്തോടൊപ്പം ബദറിനടുത്തുള്ള സഫ്‌വാൻ പ്രദേശംവരെ കറസ് ബിൻ ജാബിറിനെ പിൻതുടർന്നെങ്കിലും പിടികൂടാനായില്ല. ഈ യത്നത്തെ ഗസ്‌വാ ബദർ ഊല (ഒന്നാം ബദർ യുദ്ധം) എന്ന് വിളിക്കുന്നു. കറസ് ബിൻ ജാബിറിന്റെ ഈ ആക്രമണവും കയ്യേറ്റവും ഞങ്ങൾ മുസ്ലിമീങ്ങളെ കുറച്ചൊന്നുമല്ല ചിന്താകുലരാക്കിയത്. ഇതിൽ നിന്ന് മക്കയിലെ ഖുറൈശികൾ വളരെ വ്യക്തമായ പദ്ധതികളിലൂടെ മുസ്ലിമീങ്ങളെ നശിപ്പിക്കാനും അല്ലാഹുവിന്റെ റസൂലിനെ അപകടപ്പെടുത്താനുമുള്ള തക്കം പാർത്തിരിക്കുകയാണെന്നും, മുസ്ലിമീങ്ങൾ ഉണർന്നിരിക്കുകയാണെന്ന് മനസ്സിലാക്കിയപ്പോൾ ഒട്ടകക്കൊള്ള നടത്തി പിൻതിരിഞ്ഞതാവാമെന്നും മനസ്സിലാക്കാം. കാരണം മക്കയിലെ ഖുറൈശി നേതാക്കൾ നേരത്തെ തന്നെ മദീന ആക്രമിച്ച് മുഴുവൻ പുരുഷന്മാരെ വധിക്കുകയും സ്ത്രീകളെ അധീനപ്പെടുത്തുകയും ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ടായിരുന്നുവല്ലോ.

### മുസ്ലിമീങ്ങൾ ആദ്യമായി ഏറ്റുമുട്ടുന്നു

ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് കൊണ്ട് ശത്രുക്കളെ കുറെ കൂടി അടുത്ത് നിന്ന് നിരീക്ഷിച്ച് അവരുടെ ചലനങ്ങളും നീക്കങ്ങളും മനസ്സിലാക്കി വിവരം നൽകുന്നതിനായി അല്ലാഹുവിന്റെ റസൂൽ,

അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ നേതൃത്വത്തിൽ എട്ടു പേർ അടങ്ങുന്ന ഒരു സംഘത്തിന് ശഅബാൻ മാസത്തിൽ രൂപം നൽകുകയുണ്ടായി. ഈ ദൗത്യത്തിന്റെ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിക്കുന്നതിനായി, അവരെ എവിടേക്കാണ് അയക്കുന്നതെന്ന് അവരോട് പോലും പറയുന്നതിന് പകരം അല്ലാഹുവിന്റെ റസൂൽ അവർക്കൊരു കത്തു നൽകി. മദീനയിൽ നിന്നും മക്കയുടെ ഭാഗത്തേക്ക് രണ്ട് ദിവസം യാത്ര ചെയ്ത ശേഷം കത്ത് തുറന്ന് നോക്കി. അത് പ്രകാരം പ്രവർത്തിക്കാൻ സംഘ നേതാവായ അബ്ദുല്ലാഹ് ബിൻ ജഹ്ശിനോട് പറഞ്ഞു. തങ്ങളുടെ യജമാനൻ കൽപിച്ചതു പോലെ രണ്ട് ദിവസത്തെ യാത്രക്ക് ശേഷം കത്ത് തുറന്ന് നോക്കി. അതിൽ മക്കയുടേയും ത്വായിഫിന്റേയും ഇടയിലുള്ള 'നഖ്ലാ' പ്രദേശം കേന്ദ്രീകരിച്ചുകൊണ്ട് വിവരങ്ങൾ ശേഖരിച്ച് അത് റസൂലിനെ അറിയിക്കാനാണ് നിർദേശിച്ചിട്ടുള്ളത്. ഇത് വളരെ അപകടം പിടിച്ച ദൗത്യമായത് കൊണ്ട് സംഘത്തിൽപ്പെട്ട വല്ലവരും ഇതിന് വിമുഖത കാണിക്കുകയാണെങ്കിൽ അവരെ തിരിച്ച് വരാൻ അനുവദിക്കണമെന്നും അല്ലാഹുവിന്റെ റസൂൽ കത്തിൽ ഓർമിപ്പിച്ചിരുന്നു.എന്നാൽ എല്ലാവരും തന്നെ ദൗത്യവുമായി മുന്നോട്ട് പോകാൻ തന്നെ സന്നദ്ധത പ്രകടിപ്പിക്കുകയും എല്ലാവരും നഖ്ലായിൽ എത്തുകയും ചെയ്തു.

അവിടെ ആരും തങ്ങളെ സംശയിക്കാതിരിക്കാനും തങ്ങൾ ഉംറക്ക് വന്ന യാത്രക്കാരാണെന്ന് മറ്റുള്ളവർ ധരിക്കുവാനുമായി സംഘത്തിൽപ്പെട്ടചിലർ തല മുണ്ഡനം ചെയ്തു. പക്ഷേ ഈ സംഘം ''നഖ്ലാ'' പ്രദേശത്ത് എത്തി ഏതാനും ദിവസം കഴിഞ്ഞതേയുള്ളു, ത്വായിഫിൽ നിന്ന് മക്കയിലേക്ക് മടങ്ങുകയായിരുന്ന നാല് പേരുള്ള ഖുറൈശികളുടെ ഒരു ചെറു സംഘം അവിടെ എത്തുകയും മുസ്ലിം സംഘത്തെ തിരിച്ചറിയുകയും ചെയ്തു. ഇനി എന്ത് ചെയ്യും. ഈ ചെറു സംഘത്തെ വെറുതെ വിട്ടാൽ ഇവർ മക്കയിലുള്ള ഖുറൈശികൾക്ക് വിവരംനൽകും. അതോടെ മുസ്ലിം സംഘത്തിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടും. ഇവരുമായി ഏറ്റുമുട്ടുകയാണെങ്കിൽ അത് അല്ലാഹുവിന്റെ റസൂലിന്റെ കൽപനക്ക് വിരുദ്ധമാകും. അല്ലാഹുവിന്റെ റസൂൽ ശത്രുക്കളുടെ രഹസ്യങ്ങൾ അറിയുവാനാണ് ഇവരെ നിയോഗിച്ചയച്ചിരിക്കുന്നത്. മുസ്ലിം സഹോദരങ്ങൾ ആകെ അങ്കലാപ്പിലായി. അവസാനം എല്ലാവരുടേയും ഏകാഭിപ്രായത്തിൽ സാഹചര്യങ്ങളെ പരിഗണിച്ച് കൊണ്ട് ഖുറൈശികളെ നേരിടാൻ തന്നെ തീരുമാനിച്ചു. അവരെ ബന്ധനസ്ഥരാക്കി മദീനയിൽ കൊണ്ടുപോകാനുള്ള ഉദ്ദേശത്തിൽ അവരുമായി ഏറ്റുമുട്ടി. പക്ഷേ ആ ഏറ്റുമുട്ടലിൽ ഖുറൈശികളിൽപ്പെട്ട ഒരാൾ, ഉമറിബ്നു ഹസർമി വധിക്കപ്പെട്ടു. രണ്ട് പേരെ ബന്ധനസ്ഥരാക്കുകയും ചെയ്തു. ഒരാൾ രക്ഷപ്പെട്ട് ഓടി മറഞ്ഞു. ഈ രക്ഷപ്പെട്ടവൻ മുഖേന ഈപോരിന്റെ വിവരം മക്കയിലെത്തുമെന്ന നിലക്ക് അബ്ദുല്ലാഹ് ബിൻ ജഹശ് തന്റെസംഘത്തോടൊപ്പം ഖുറൈശികളുടെ മുഴുവൻ സാധനങ്ങളും **(2) ''ഗനീമത്ത് മാൽ''(യുദ്ധ മുതൽ) എന്ന നിലക്ക് അധീനപ്പെടുത്തിക്കൊണ്ട് മദീനയിലേക്ക് മടങ്ങുകയും ചെയ്തു. ഈ യത്നത്തെ സരീഅ അബ്ദുല്ലാഹ് ബിൻ ജഹ്ശ് എന്നാണ് വിളിക്കുന്നത്.

മദീനയിലെത്തിയ ഈ സംഘത്തോട് അല്ലാഹുവിന്റെ റസൂൽ അവർ ചെയ്തതിൽ അങ്ങേയറ്റം അനിഷ്ടം പ്രകടിപ്പിക്കുകയും, യുദ്ധ മുതൽ സ്വീകരിക്കാൻ വിസമ്മതിക്കുകയും, നിങ്ങൾ എന്റെ കൽപനക്ക് വിരുദ്ധമായാണ് പ്രവർത്തിച്ചതെന്ന് പറയുകയും ചെയ്തു. പിന്നീട് അല്ലാഹുവിൽനിന്ന് ഈസംഭവത്തെ ന്യായീകരിക്കുന്ന രീതിയിലുള്ള ഖുർആനിക വചനം (സൂറ: ബക്കറ, ആയത്ത്: 218) ഇറങ്ങിയപ്പോൾ അല്ലാഹുവിന്റെ റസൂൽ അവരോട് ക്ഷമിക്കുകയും പൊറുക്കുകയും ചെയ്തു. അബ്ദുല്ലാഹ് ബിൻ ജഹശ് നടത്തിയ പോരാട്ടം മക്കക്കാരെ കൂടുതൽ ചൊടിപ്പിച്ചു. അവർ കൂടുതൽ പ്രകോപിതരും രോഷാകുലരുമായി. അവരുടെ ഒരാൾ കൊല്ലപ്പെടുകയും രണ്ട് പേർ മദീനയിൽ ബന്ധനസ്ഥരുമായതിലൂടെ സാധാരണക്കാരുടെ മനസ്സിൽ നേതാക്കൾ വെറുപ്പിന്റെയും വിദ്വേഷത്തിന്റേയും തീ ഒന്നുകൂടി ആളിക്കത്തിച്ചു.

### അബൂസുഫിയാന്റെ കച്ചവടസംഘം

ആയിടയ്ക്കാണ് അല്ലാഹുവിന്റെ റസൂൽ മക്കക്കാരുടെ വലിയൊരു കച്ചവടസംഘം അബൂസുഫിയാന്റെ നേതൃത്വത്തിൽ ശാമിൽ നിന്നുള്ള മടക്ക യാത്രയിൽ മദീനക്ക് സമീപത്തു കൂടി കടന്നുപോകുന്നതായി അറിഞ്ഞത്. ഇതൊരു സാധാരണ വർത്തക സംഘമല്ലായിരുന്നു. ഈ കച്ചവടത്തിൽ ഖുറൈശികളിലെ ചെറിയവരും വലിയവരും പുരുഷന്മാരും സ്ത്രീകളും പണം നിക്ഷേപിച്ചതായും ഇതിൽ നിന്നുള്ള ലാഭം മുസ്ലിമീങ്ങൾക്കെതിരിൽ യുദ്ധം നയിക്കുന്നതിനുള്ള കോപ്പ് കൂട്ടുന്നതിന് വേണ്ടിയാണെന്നും പറയപ്പെടുന്നുണ്ടായിരുന്നു. മാത്രവുമല്ല ഇവരെ സുസജ്ജരായ സായുധ സംഘവും അനുഗമിക്കുന്നുണ്ട്. അതുകൊണ്ട് ഇവർ മദീനക്കരികിലൂടെ കടന്ന് പോകുന്നത് ഞങ്ങൾക്ക് തീർച്ചയായും ഒരു ഭീഷണിയാണ്. ഇതിനെ ചെറുതായി കാണുവാൻ സാദ്ധ്യമല്ല. മറ്റൊന്ന് ഇവർ കടന്നു പോകുന്ന പ്രദേശത്തുള്ള അറബ് ഗോത്രങ്ങളെ നുണ പ്രചരണത്തിലൂടെ മുസ്ലിമീങ്ങൾക്കെതിരിൽ ഇവർ ഇളക്കി വിടുകയും പ്രകോപിതരാക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് എന്ത് വിലകൊടുത്തും ഇവരെ തടഞ്ഞേ

മതിയാകൂ എന്ന് അല്ലാഹുവിന്റെ റസൂൽ തീരുമാനിച്ചു. ഇത്തരത്തിലുള്ള ഒരു സംഘത്തെ തടയാതിരുന്നാൽ അതൊരു പക്ഷേ ഇസ്‌ലാമിന്റെ നാശത്തിനും പരിപൂർണ പതനത്തിനും വഴി തെളിച്ചേക്കാം. ഖുറൈശികളുടെ ജീവിതമാർഗം കച്ചവടമാണ്. ആ നിലക്ക് അതിന് തടസ്സം സൃഷ്ടിക്കുന്നതിലൂടെ ഒന്ന് മുസ്‌ലിമീങ്ങളുടെ ശക്തി പ്രകടിപ്പിക്കാനാകും. അവരുടെ സമ്പദ്ഘടനക്ക് ആഘാതമേൽപിക്കാനുമാകും. അതിലൂടെ അവരെ ഒരു പാഠം പഠിപ്പിക്കാം. അതോടൊപ്പം യുദ്ധചിന്തയിൽ കഴിയുന്ന ഇവരെ കരാറുകളിലൂടേയും ഉടമ്പടികളിലൂടേയും സമാധാന പാതയിലേക്ക് കൊണ്ടുവരാനുമായേക്കാം. ഇതൊക്കെയായിരുന്നു അല്ലാഹുവിന്റെ റസൂലിന്റെ ചിന്ത.

അബൂ സുഫിയാൻ ഞങ്ങൾ മുസ്ലിമീങ്ങളുടെ ഉദ്ദേശ്യവും മനസ്സിലിരിപ്പും എങ്ങനെയോ മണത്തറിഞ്ഞുവെന്നു തോന്നുന്നു. അല്ലെങ്കിൽ അയാൾ മുൻകരുതലെന്ന നിലക്ക് മദീനക്കടുത്തുകൂടി കടന്നുപോകുന്നതിന് പകരം ദീർഘമായതാണെങ്കിലും മറ്റൊരുമാർഗം സ്വീകരിച്ചുകൊണ്ട് ഒളിഞ്ഞും പതുങ്ങിയും മക്കയിലേക്ക് മുന്നേറി. അതോടൊപ്പം ഈ സംഘത്തിന്റെ സംരക്ഷണത്തിനായി ഒരു സൈന്യത്തെ അയക്കുവാനായി സംസം എന്ന് പേരുള്ള തന്റെ ഒരു പ്രതിനിധിയെ കുതിരപ്പുറത്ത് മക്കയിലേക്ക് അയക്കുകയും ചെയ്തു. സംസം അതി ശീഘ്രം മക്കയിൽ പറന്ന് ചെന്നു. ഇത്തരം അവസരങ്ങളിൽ മറ്റുള്ളവരുടെ ശ്രദ്ധയും അനുകമ്പയും പിടിച്ചുപറ്റാനായി അറബികൾ പ്രകടിപ്പിക്കുന്ന രീതിയിൽ തന്റെ വസ്ത്രങ്ങൾ വലിച്ചുകീറി പ്രത്യേക ഭാവത്തോടെ പൊട്ടിക്കരയുകയും അലറുകയും ചെയ്തുകൊണ്ട് മുഹമ്മദും (സ) അവന്റെ അനുയായികളും നമ്മുടെ കച്ചവട സംഘത്തെ ആക്രമിക്കുവാൻ പുറപ്പെട്ടിരിക്കുകയാണെന്നും അതുകൊണ്ട് നമ്മുടെ വർത്തക സംഘത്തെ രക്ഷിക്കേണ്ടതും പ്രതിരോധിക്കേണ്ടതും നമ്മുടെ കടമയാണെന്നും അറിയിക്കുകയുണ്ടായി. സംസം ഇത് പറഞ്ഞത് മഹാ കള്ളമായിരുന്നു. ആ അവസരത്തിൽ അല്ലാഹുവിന്റെ റസൂലും മറ്റ് മുസ്ലിമീങ്ങളും മദീനയിൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്.

## നേതാക്കൾ യുദ്ധത്തിലേക്ക്

സംസമിന്റെ ഭാവാഭിനയം മക്കയിലെ സാധാരണക്കാരുടെ ഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു. മാത്രവുമല്ല അബ്ദുല്ലാഹ് ബിൻ ജഹശ് നടത്തിയ പോരാട്ടം നിമിത്തം മക്കക്കാർ നേരത്തെ തന്നെ ചൂട്പിടിച്ച് നിൽക്കുകയായിരുന്നുവല്ലോ. അവർ ഒരവസരത്തിന് കാത്തിരിക്കുന്നത് പോലെ അബൂജഹലിന്റെ നേതൃത്വത്തിൽ ധീരരും യുദ്ധമുറകളിൽ നിപുണരുമായ ഖുറൈശികളുടെ ഒരു വൻ സൈന്യത്തിന് ഒരുക്കം കൂട്ടാൻ തുടങ്ങി. അവർ സ്വയം തന്നെ ഇത് തങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്വമായി കരുതുന്നുമുണ്ടായിരുന്നു. യുദ്ധം ചെയ്യാൻ കഴിവുള്ള എല്ലാവരും ഇതിൽ പങ്കെടുക്കണമെന്നും, വല്ലവർക്കും വല്ല നിർബന്ധിതാവസ്ഥയും കാരണം പങ്കെടുക്കാൻ സാധിക്കാത്തപക്ഷം അവർ സ്വന്തം ചെലവിൽ മറ്റാരെയെങ്കിലും അയക്കേണ്ടതാണെന്നും ഐകകണ്ഠ്യേന തീരുമാനമുണ്ടാക്കി.

## യുദ്ധമേഘങ്ങൾ ഉരുണ്ട് കൂടുന്നു

നേതാക്കൾ എല്ലാവരും തന്നെ യുദ്ധത്തിനായി പുറപ്പെടാൻ ഒരുങ്ങി. എങ്കിലും ഇസ്‌ലാമിന്റെ ബദ്ധ വൈരികളായ ഉമയ്യത്തിബ്നു ഖലഫും, അല്ലാഹുവിന്റെ റസൂലിന്റെ പിതൃവ്യനും, പ്രഥമ ശത്രുക്കളിൽ ഒരു പ്രധാനിയുമായ അബൂലഹബ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന അബ്ദുൽ ഉസ്സ ബിൻ അബ്ദുൽ മുത്ത ലിബും യുദ്ധത്തിന് പോകാൻ വിമുഖത കാണിച്ചു. ഇത് മുസ്ലിമീങ്ങളോടുള്ള സ്നേഹം കൊണ്ടോ മറ്റെന്തെങ്കിലും തരത്തിലുള്ള മൃദുലസമീപനം കൊണ്ടോ അല്ല. തന്റെ ബാല്യകാല സുഹൃത്തായ സഅദിബ്നു മുആദ് മുഖേന ലഭിച്ച അല്ലാഹുവിന്റെ റസൂലിന്റെ പ്രവചനം കാരണം ഉമയ്യ, മക്കക്ക് വെളിയിൽ, മുസ്ലിമീങ്ങളെ നേരിടാൻ ഭയപ്പെടുന്നുണ്ടായിരുന്നു. ഒരു മുസ്ലിമിന്റെ കരങ്ങളാൽ ഉമയ്യ വധിക്കപ്പെടുമെന്നതായിരുന്നു അല്ലാഹുവിന്റെ റസൂലിന്റെ പ്രവചനം.

സംസം അബൂ സുഫിയാന്റെ യുദ്ധ സന്ദേശവുമായി മക്കയിൽ എത്തുന്നതിന് കേവലം മൂന്ന് ദിവസങ്ങൾക്ക് മുമ്പ് അബൂലഹബിന്റെ സഹോദരി 'ആതിക ബിൻത്ത് അബ്ദുൽ മുത്തലിബ്' ഖുറൈശികളുടെ പതനത്തേയും നാശത്തേയും സംബന്ധിച്ച് കണ്ട ഒരു സ്വപ്നമായിരുന്നു അബൂലഹബിനെ ഈ യുദ്ധത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് തടയുന്നത്. എന്നാൽ ധീരരും ശൂരപരാക്രമികളുമായ രണ്ട് അറിയപ്പെടുന്ന നേതാക്കൾ ഈ യുദ്ധത്തിൽ നിന്ന് വിട്ടുനിൽക്കുന്നത് മറ്റുള്ളവരിൽ വിപരീത ഫലം ഉളവാക്കുമെന്ന നിലക്ക്, മറ്റ് നേതാക്കൾ ഇവരെ രണ്ട് പേരേയും യുദ്ധത്തിൽ പങ്കെടുക്കാൻ നിർബന്ധിച്ച് കൊണ്ടിരുന്നു. അവസാനം ഉമയ്യത്തിബ്നു ഖലഫ് മറ്റ് നേതാക്കളുടെ സമ്മർദത്തിന് വഴങ്ങി സ്വയം തയ്യാറായി. എന്നാൽ അബൂലഹബ് ഭാരിച്ച തുക നൽകി തന്റെ സ്ഥാനത്ത് വേറൊരാളെ തയ്യാറാക്കുകയാണ് ചെയ്തത്. അങ്ങനെ മൂന്ന് ദിവസം കൊണ്ട് ഒരു വൻ സൈന്യം തയ്യാറായി. പിന്നീട് സ്ത്രീകളുടെ ഗാനാലാപനത്തിന്റേയും വാദ്യഘോഷത്തിന്റെയും അകമ്പടിയോടെ ആ സൈന്യം മദീനയെ ലക്ഷ്യമാക്കി നീങ്ങി തുടങ്ങി. തങ്ങളുടെ മതമാണ് സത്യമതമെന്നും തങ്ങളുടെ വിശ്വാസമാണു യഥാർഥത്തിൽ നേർമാർഗം പ്രാപിച്ചതെന്നും,

മുഹമ്മദ് (സ) മുർത്തദ്ദും മത ത്യാഗിയാണെന്നും (നഊദുബി ല്ലാഹ് മിൻ ദാലിക്ക്) അടിയുറച്ച് വിശ്വസിക്കുന്ന അബൂജഹലും കൂട്ടരും പുറപ്പെടുന്നതിന് മുമ്പ് കഅബയുടെ അടുക്കൽ ചെന്ന്, അല്ലാഹുവിനെ വിളിച്ച് ആത്മാർഥ മായി ഇങ്ങനെ ദുആ ചെയ്തു. ''അല്ലാഹുവേ, ഇത് തന്നെയാണ് നിന്റെ പക്കൽ സത്യമതമെങ്കിൽ നീ ഞങ്ങളുടെ മേൽ ആകാശത്ത് നിന്ന് കല്ലുകൾ വർഷിക്കുകയോ വേദനാ ജനകമായ ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവരികയോ ചെയ്യുക'' (ഖുർആൻ, 8: 33) നിന്റെ പക്കൽ സാത്വികരായവരെ നീ രക്ഷിക്കുക യും സഹായിക്കുകയും ചെയ്യേണ മേ എന്നു ദുആ ചെയ്തു. അല്ലാഹു ഈ ദുആ പരിപൂർണമായും സ്വീകരിച്ചു. അതൊടെ അബൂജഹ ലും കൂട്ടരും നാശഗർത്തത്തിൽ ആപതിച്ചു. പിന്നീടുള്ള സംഭവങ്ങ ളിൽ നാം അതാണു കണ്ടത്.

മക്കയുടെയും മദീനയുടെയും ഇടയിലുള്ള എന്നാൽ **(3) ബദറിനോട് കൂടുതൽ അടുത്ത സ്ഥലമായ ''ജഹ്ഫ''യിൽ ഈ സൈന്യം എത്തിയപ്പോൾ അബൂ സുഫിയാന്റെ മറ്റൊരു ദൂതൻ, കച്ചവടസംഘം അപകട മേഖല തരണം ചെയ്ത് സുരക്ഷിതമായി മക്കയുടെ ഭാഗത്തേക്ക് നീങ്ങിയി രിക്കുന്നുവെന്നും അതുകൊണ്ട് ഇനി സൈന്യം മുന്നോട്ട് ഗമിക്കേണ്ടതില്ല എന്നും അബൂ ജഹലിനേയും കൂട്ടരേയും അറിയി ച്ചു. അതോടെ പലരും മക്കയിലേക്ക് മടങ്ങാൻ തീരുമാനിച്ചു. ഗോത്ര നേതാക്കളടക്കം പലരും മനസ്സു കൊണ്ട് ഈ യുദ്ധത്തിന് എതിരായിരുന്നു. കച്ചവടസംഘമാ ണെങ്കിൽ സുരക്ഷിതമായി മക്കയു ടെ ഭാഗത്തേക്ക് പോവുകയും ചെ യ്തു. എന്നാൽ അഹംഭാവിയും യുദ്ധകൊതിയനുമായ അബൂജഹ ലിന്റെ സ്വാധീനം നിമിത്തം വലിയൊരു വിഭാഗം, അല്ലാഹു വാണെസത്യം, നാം ബദർ വരെപോകും എന്ന് ദൃഢ നിശ്ചയം ചെയ്തു. അവിടെ മൂന്ന് ദിവസം താമസിച്ചുകൊണ്ട് ഈ ദേശത്ത് നമ്മുടെ ആധിപത്യ വും ഗാംഭീര്യവും ശക്തിയും പ്രകടിപ്പിക്കുമാറ് ഈ സൈനിക നീക്കം ഒരു ആഘോഷമാക്കും എന്ന് അബൂജഹൽ പ്രഖ്യാപിക്കുക യും ചെയ്തു. തന്റെ സൈനിക വലുപ്പത്തിലും യുദ്ധക്കോപ്പിലും അയാൾ വല്ലാതെ അഹങ്കരിക്കുന്നു ണ്ടായിരുന്നു. (തുടരും)

---

**(1) കുറിപ്പ്: ഹദ്റത്ത് റസൂൽ കരീം (സ) ശത്രുക്കളെ നേരിടാനോ അല്ലെങ്കിൽ അവരെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുവാനോ നടത്തിയിട്ടുള്ള എല്ലാ യാത്രകളേ യും യത്നങ്ങളേയും 'ഗസ്‌വാ' എന്നും റസൂൽ തിരുമേനി (സ) യുടെ കൽപന പ്രകാരം സഹാബാ ക്കൾ നടത്തിയ യാത്രകളെയോ യത്നങ്ങളേയോ 'സരീഅ' അല്ലെങ്കിൽ 'ബഅസ്' എന്നുമാണ് ഇസ്‌ലാമിൽ സാങ്കേതികമായി വിളിക്കപ്പെടുന്നത്. ഈ രണ്ട് തര ത്തിലുള്ള യാത്രകളിലും വാൾ കൊണ്ടുള്ള യുദ്ധം നിർബന്ധമില്ല. അതായത് വാൾ കൊണ്ടുള്ള യുദ്ധമുണ്ടായാലും ഇല്ലെങ്കിലും അവയുടെ പേര് ഇത് തന്നെയാണ്. ഉദാഹരണത്തിന് ഗസ്‌വാ വദ്ദാൻ. ഈ ഗസ്‌വയിൽ വാൾ കൊണ്ടുള്ള യുദ്ധമുണ്ടായിട്ടില്ല. ഗസ്‌വാ ബദർ (ബദർ യുദ്ധം) ഇതിൽ വാൾ കൊണ്ടുള്ള ഘോരമായ യുദ്ധമുണ്ടാ യി. ഇതേ പ്രകാരം സരീഅ ഹംസ ബിൻ അബ്ദുൽ മുത്തലിബ്, ഇതിൽ വാൾ കൊണ്ടുള്ള യുദ്ധ മുണ്ടായിട്ടില്ല. സരീഅ അബ്ദുല്ലാഹ് ബിൻ ജഹശ് ഇതിൽ വാൾ ഉപയോഗിക്കപ്പെട്ടു. എന്നാൽ ഇതിൽ രണ്ടിലും റസൂലുല്ലാഹി (സ) നേരിട്ട് പങ്കെടുത്തുമില്ല.

**(2) കുറിപ്പ്: ഒരിക്കൽ റസൂൽ (സ) തന്റെ സഹാബാക്കളോട്, എനിക്ക് മുമ്പുള്ള പ്രവാചകന്മാർ ക്ക് നൽകാത്ത അഞ്ച് ശ്രേഷ്ടത കളും പ്രത്യേകതകളും അല്ലാഹു ത്തആല തനിക്ക് നൽകിയിരി ക്കുന്നതായി പറയുകയുണ്ടായി. അത് ഇവയാണ്.

1. മാൽ ഗനീമത്ത് (യുദ്ധത്തിൽ പിടിച്ചെടുത്ത മുതൽ) എനിക്ക് ഹലാലാക്കി തന്നിരിക്കുന്നു. ഇതിന് മുമ്പ് ഒരു നബിക്കും ഇത് അനുവദിച്ചിരുന്നില്ല.

2. എനിക്ക് അല്ലാഹു നൽകി യിരിക്കുന്ന റുഅ്ബ് (ഗാംഭീര്യം, ഉൾകിടിലം) ഒരു മാസത്തെ യാത്രയുടെ ദൂരമാണെങ്കിൽ പോലും അത് മികച്ച് നിൽക്കും എന്ന് പറഞ്ഞു. അതായത് മുഹമ്മദ് മുസ്തഫാ(സ) ഒരാളുടെ അടുക്കൽ വരുന്നുണ്ട്, ഇവിടെ എത്താൻ ഒരു മാസമെടുക്കും അത്ര ദൂരത്താണു ള്ളതെങ്കിൽ പോലും ശത്രുക്കൾ ഭയപ്പെടും. ഇത് ഇന്ന് ഈ കാലത്ത് മറെറാരു തരത്തിൽ ഖലീഫത്തുൽ മസീഹുമായുള്ള മുലാഖാത്തിൽ നമുക്ക് ദർശിക്കുവാൻ സാധിക്കു ന്ന കാര്യമാണ്. അമീറുൽ മുഅ്മി നീനെ കാണുവാൻ ചെല്ലുന്നതിന് മുമ്പ് ഞാൻ ഖലീഫ തിരുമനസ്സി നോട് ആ കാര്യം പറയും, ഇന്ന കാര്യം ചോദിക്കും എന്നൊക്കെ മനസ്സിൽ കരുതുമെങ്കിലും, തിരു സന്നിധിയിൽ ചെന്നാൽ എല്ലാം മറന്നു പോകും. ഹുസൂർ ചോദിച്ച തിന് ഉത്തരവും പറഞ്ഞ് തിരിച്ചു വരും. അതാണ് ആ മഹാത്മാക്ക ൾക്ക് അല്ലാഹു നൽകിയ റുഅ്ബ് (ഗാംഭീര്യം). അല്ലാതെ അല്ലാഹുവി ന്റെ നബിമാരും ഖലീഫമാരും ആരേയും ഭയപ്പെടുത്തുന്നില്ല. എല്ലാവരേയും അങ്ങേയറ്റം സ്നേഹ ത്തോടെ എഴുന്നേറ്റ് നിന്ന് ഹസ്ത ദാനം ചെയ്ത് സ്വീകരിക്കുകയാണ് പതിവ്. ഈ അനുഭവം നമ്മിൽ പലർക്കും ഉണ്ടായിട്ടുണ്ടാകും.

3. എനിക്ക് മുഴുവൻ ഭൂമിയും പരിശുദ്ധവും മസ്ജിദുമാക്കി തന്നിരിക്കുന്നു. അതുകൊണ്ട് എന്റെ സമുദായത്തിലുള്ളവർക്ക് നമസ്കാര സമയമായാൽ വൃത്തിയുള്ള എവിടേയും നമസ്കരിക്കാവുന്നതാണ്. വുളു എടുക്കാൻ വെള്ളം ലഭ്യമല്ലെങ്കിൽ മണ്ണ് കൊണ്ട് തയമ്മും ചെയ്യാവുന്നതാണ്.

4. അവസാന (ഖിയാമം) നാളിൽ ശുപാർശ ചെയ്യുവാനുള്ള അനുവാദം എനിക്ക് നൽകപ്പെടുന്നതാണെന്ന് അല്ലാഹു അറിയിച്ചിരിക്കുന്നു. ഇത് മറ്റ് ഒരു നബിക്കും നൽകിയിട്ടില്ല.

5. എല്ലാ നബിമാരും പ്രത്യേകം പ്രത്യേകം ദേശത്തേക്കും സമുദായങ്ങൾക്കും ഗോത്രത്തിനുമായാണ് അയക്കപ്പെട്ടത്. എന്നാൽ എന്നെ അല്ലാഹു മുഴുലോകത്തിനും മുഴുവൻ മാനവരാശിക്കുമായാണ് നിയോഗിച്ചയച്ചിരിക്കുന്നത്.

**(3) കുറിപ്പ്:.. മക്കയിൽ നിന്ന് ശാമിലേക്ക് പോകുന്ന വഴിയിൽ മദീനയിൽ നിന്ന് 45 മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഒരു താഴ്‌വരയാണ് ബദർ. സാധാരണ നിലയിൽ മക്കയിൽ നിന്ന് എട്ടോ ഒമ്പതോ ദിവസത്തെ ഒട്ടക യാത്ര വേണം ഇവിടെ എത്താൻ. മദീനയിൽ നിന്ന് നാലോ അഞ്ചോ ദിവസം മതി. അഞ്ച് മൈൽ നീളവും നാലു മൈൽ വീതിയുമുള്ള ഈ പ്രദേശത്ത് വെള്ളത്തിന്റെ ഏതാനും ഉറവകളുണ്ട്. മരുഭൂമിയിൽ വെള്ളത്തിന്റെ സാന്നിദ്ധ്യം ഈ പ്രദേശത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. വടക്ക് കിഴക്ക് ഏതാനും കുന്നുകളാൽ വലയം ചെയ്യപ്പെട്ട ഈ പ്രദേശത്തിന്റെ തെക്ക് ഭാഗത്ത് ഒരുചെറിയ മലയുണ്ട്. പടിഞ്ഞാറ് സമുദ്രതീരമാണുള്ളത്. ജാഹിലിയ്യാ കാലത്ത് ഇവിടെ വർഷത്തിലൊരിക്കൽ വിവിധ ഗോത്രങ്ങളുടെ ആഘോഷവും കച്ചവട മേളകളും നടക്കാറുണ്ട്. മക്കക്കാരും മറ്റ് ദേശക്കാരും ഇവിടുത്തെ ഈ പ്രധാന ഉത്സവത്തിൽ വളരെ ആവേശപൂർവം പങ്കെടുക്കാറുണ്ട്.

**കടപ്പാട് & അവലംബം**


1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)

2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ

3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്‌വ.

4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്‌വ.

5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.

6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സമീഅ്ഖാൻ സാഹിബ് റബ്‌വ.

7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)

8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി

9. മസാമീൻ ഹദ്റത്ത് ഡോക്റ്റർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാള്യം 5

10. സീറത്ത് റസൂൽ ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി

11 മീഡിയ ലൈബ്രറി അൽ ഇസ്ലാം.ഓർഗ്

12. അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ റബ്‌വ


അബൂ ഹുറൈറ(റ)യിൽ നിന്ന് നിവേദനം. തിരുമേനി(സ) അരുളി: ജ്ഞാനം ജനങ്ങളിൽനിന്നും നഷ്ടപ്പെടും. അജ്ഞതയും കുഴപ്പവും പ്രത്യക്ഷ പെടും ഹറജ് വർധിക്കും അപ്പോൾ ഒരാൾ ചേദിച്ചു. അല്ലാഹുവിന്റെ ദൂതരേ, എന്താണ് ഹറജ്? നബി(സ) കൈ അനക്കിയിട്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അത് കണ്ടപ്പോൾ തിരുമേനി (സ) കൊലയാണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായി (ബുഖാരി)




# വിശ്വാസിയുടെ പ്രാർഥന

**എം. എ. സമദ്**

ദൈവമേ നിന്റെ സ്നേഹകാരുണ്യ സാഗരോരത്ത് വന്നു ഞാൻ
ദർശനാമുഖമായി ഞാനെന്റെ മാനസേച്ഛകൾ ചൊല്ലിടാം
ജാഗരത്തിലും നിദ്രതന്നിലും നിന്നെയെന്നെന്നുമോർക്കുവാൻ
ജ്ഞാനപാനകനിറ്റുതുള്ളിയായ് എന്നിൽ നീ സദാ വീഴ്ത്തണേ!

മാമയാ നിന്റെ ഭൂതലത്തിലും വാനിടങ്ങളിലാകെയും
മ്ലേച്ഛദായക ഹേതുജന്യങ്ങൾ സർവവും നീ മായ്ക്കണേ!
നീയറിഞ്ഞ നിഗൂഢമാനസ മാനവന്റെ മനോഗതം
നിന്റെ കാരുണ്യ ദൃഷ്ടിയോടതിൽ നന്മചേർത്തു കൊടുക്കണേ!

ലോലമാനസനാണു ഞാനെന്ന് നീയൊരേകനറിഞ്ഞവൻ
ലോഭമില്ലാതെ നീതരും മനഃശ്ശാന്തിയാണെന്റെ കൈമുതൽ
സർഗദീപ്തിയിലെന്റെ ഹൃത്തടം നിന്നെയോർത്തു തുടിക്കുവാൻ
സ്പ്തനാഡികളെപ്പോഴും നീ നിന്റെ കൈകളിൽ വെയ്ക്കണേ!

എന്റെ ജീവനും ജീവിതാശയും നിന്റെ സ്നേഹത്തിലാകുവാൻ
അന്ധകാരത്തെ നീക്കിനീയെന്നിൽ സുപ്രകാശത്തെ ചേർക്കണേ!
ആധി മാനസവ്യാധിയാകുമ്പോൾ നിൻ കഴൽ മുന്നിൽ വീണു ഞാൻ
ആത്മ നൊമ്പരത്തോടെ കേഴുകിൽ മെല്ലെയൊന്നെന്നെ തലോടണേ!

# സിക്കാ വൈറസ് മാരകമായൊരു രോഗകാരി

കൊതുകിലൂടെ പടർന്ന് കൊണ്ടിരിക്കുന്ന മാരക വൈറസ് രോഗമാണ് സിക്കാ രോഗം. പനിയിൽ ആരംഭിക്കുന്ന ഈ രോഗം ബാധിച്ച ഗർഭിണികളുടെ ഗർഭസ്ഥ ശിശുവിനും രോഗം ബാധിച്ചേക്കാം. ജനിക്കുന്ന ശിശുക്കളുടെ തലയോടിന്റെ ചെറുപ്പവും മസ്തിഷ്ക്ക സംബന്ധമായ തകരാറുകളും ഈ രോഗബാധിതരിൽ കണ്ടു വരുന്നു. ഈ രോഗത്തിന് ഇത്വരെ വാക്സിൻ കണ്ടെത്തിയിട്ടില്ല. ബ്രസീലിലാണ് ഈ രോഗം കൂടുതലായി കാണപ്പെടുന്നത്. ലേഖകൻ അഹ്മദിയ്യാ റിസർച്ച് അസോസിയേഷനിൽ അംഗമാണ്. *വിവ: കെ.വി. ഹസ്സൻ കോയ, കോഴിക്കോട്.*

**ഡോ. ശാഹ്സയ്ബ് അഹ്മദ് , ലണ്ടൻ**

1947 ഏപ്രിൽ മാസത്തിൽ കൊതുകുകൾ പരത്തുന്ന ചില വൈറസുകളെ കുറിച്ചുള്ള ഗവേഷണത്തിനായി വടക്കെ ഇന്ത്യയിൽ കാണപ്പെടുന്ന ഒരു തരം കുരങ്ങനെ (Rheus) കൂട്ടിലാക്കി ആഫ്രിക്കയിലെ ഉഗാണ്ടൻ വനത്തിൽ കൊണ്ടു വന്നു. ശരീര താപം മുതലായ ശാരീരിക മാറ്റങ്ങൾ നിത്യവും നിരീക്ഷിച്ചു വരികയായിരുന്നു. ഏപ്രിൽ 18 -ാംനു 766 എന്ന് പേരിട്ട കുരങ്ങിന് പനി ബാധിച്ചു. ഈ കുരങ്ങനെ വനത്തിൽ നിന്ന് പരീക്ഷണ ശാലയിലേക്ക് കൊണ്ട് വന്നു. ലളിതമായ പരീക്ഷണങ്ങൾ നടത്തി പനികൂടാതെ കുരങ്ങനിൽ അസാധാരണമായ യാതൊന്നും കണ്ടെത്താനായില്ല. ഏപ്രി ൽ 20 നു മൂന്നാം ദിവസം കുരങ്ങിന്റെ രക്തമെടുത്ത് ഒരു ചുണ്ടെലിയുടെ ആമാശയ ഭിത്തിയിലും തലച്ചോറിലും കുത്തിവെച്ചു. കൗതുകകരമെന്നു പറയട്ടെ ആമാശയ ഭിത്തിയിൽ കുത്തിവെക്കപ്പെട്ട ചുണ്ടെലിക്ക് കരൾ സംബന്ധമായി എന്തോ രോഗമുള്ളതായി കാണപ്പെട്ടു. സെറിബ്രത്തിൽ (തലച്ചോറിന്റെ ഭാഗം) കുത്തിവെക്കപ്പെട്ട ചുണ്ടെലിക്ക് അസുഖം ബാധിച്ചു. ഈ നിരീക്ഷണത്തിന്റെ പ്രാധാന്യം പിന്നീട് വ്യക്തമാക്കാം. ഇതിന് കാരണമായ മദ്ധ്യവർത്തിയെ ഈ ചുണ്ടെലികളുടെ തലച്ചോറിൽ നിന്ന് വേർപെടുത്തി. അതിന് ഈ പരീക്ഷണം നടത്തപ്പെട്ടുകൊണ്ടിരിക്കുന്ന ഉഗാണ്ടൻ വനത്തിന്റെ നാമം നൽകി. അതായത് സിക്കാ വൈറസ് (ZIKV). ഈ ഘട്ടത്തിൽ കുരങ്ങ് 766ന് ഉണ്ടായ പകർച്ചപനി എന്തിലേക്ക് നയിച്ചു എന്നത് ഇപ്പോഴും അജ്ഞാതമാണ്.

1948 ൽ ഇതേ സംഘം നടത്തിയ മറ്റൊരു പരീക്ഷണത്തിൽ മഞ്ഞ പനി പരത്തുന്ന വൈറസിനെ വേർപെടുത്താൻ സിക്കാവനത്തിൽ നിന്ന് കൊതുകുകളെ പിടിച്ചു. കൊതുകുകളിൽ നിന്ന് ലഭ്യമായ മഞ്ഞപനി വൈറസ് ചുണ്ടെലികളിൽ കുത്തിവെച്ചു. കൊതുകുകളിൽ നിന്ന് ലഭ്യമായ മഞ്ഞപ്പനി വൈറസ് ചുണ്ടെലികളിൽ കുത്തിവെക്കാമെന്നാണ് ശാസ്ത്രജ്ഞന്മാർ കരുതിയത്. എന്നിരിക്കിലും ചുണ്ടെലികൾ ചത്തുപോകുകയോ

ഒരു രോഗം വികസിക്കുകയോ ചെയ്തപ്പോൾ വേർതിരിച്ചെടുത്ത വൈറസ് യഥാർഥത്തിൽ അത് സിക്ക ആയിരുന്നു. അങ്ങനെ സുപ്രധാനമായ ഒരു പ്രശ്നം പരിഹരിക്കപ്പെട്ടു. അങ്ങനെ സിക്കാ വൈറസ് ഒരു നട്ടെല്ലുള്ള ജീവികളിൽ വളരുന്ന വൈറസ് എന്ന സൂക്ഷ്മ ജീവിയാണെന്ന് (Arthropd-born virus) മനസ്സിലായി. ഇങ്ങനെയുള്ള വൈറസ് ആർബോ വൈറസ് എന്നറിയപ്പെട്ടു. അത് പകരുന്നത് ആർത്രോപോഡുകൾ മുഖേനയാണ്. സിക്കാ വൈറസിന്റെ കാര്യത്തിൽ അത് പകരുന്നത് മുഖ്യമായും മഞ്ഞപനി പരത്തുന്ന കൊതുക് എന്നറിയപ്പെടുന്ന ആർത്തോപോഡായ അയ്ഡ്സ് അജിപ്തി (Aedes Aegypti) മുഖേന മാത്രമല്ല. സിക്കാ വൈറസ് മനുഷ്യനിൽ രോഗമുണ്ടാക്കുന്ന കാര്യം അജ്ഞാതമായി തുടർന്നു.

## സിക്കാവൈറസ് മനുഷ്യനിൽ

മനുഷ്യനിൽ സിക്കാ വൈറസ് ബാധിക്കുമോ എന്നറിയാൻ രക്തസാമ്പിളുകൾ എടുത്തുള്ള സിറോ സർവേകൾ നടത്തി. ഒരു പ്രത്യേക ജനതയിൽ ചില വൈറസുകൾ എത്രയുണ്ടെന്നറിയാൻ മനുഷ്യരക്തം പല ബാച്ചുകളിലായി നൽകി നടത്തുന്ന പഠനത്തിന്റെ പേരാണ് സിറോ സർവേ എന്നത്. ഈ പഠനങ്ങൾ മുഖേന സിക്കാ വൈറസുകൾ മനുഷ്യനെ ബാധിക്കുമെന്ന് കണ്ടെത്തിയെങ്കിലും അവയുടെ ഫലങ്ങൾ അതുമായി ബന്ധപ്പെട്ട മഞ്ഞപനിയിലും ഡെങ്കി പനിയുടെ വൈറസുകൾ തമ്മിലുള്ള പ്രതിപ്രവർത്തനം കാരണം തമ്മിൽ യോജിക്കാത്തവയും ആശ്രയിക്കാൻ കൊള്ളാത്തവയുമായിരുന്നു. 1952 ലും 1953 ലും ആണ് ആദ്യമായി സിക്കാ വൈറസ് ബാധിച്ച മനുഷ്യന് രോഗം വന്നതായി റിപ്പോർട്ട് ചെയ്തത്. മൂന്നു ആളുകളിലാണ് പനി, ചുമ, സന്ധി വേദന, മഞ്ഞപിത്തം കണ്ണിനു പിറകിൽ വേദന, തലവേദന എന്നിവ കാണപ്പെട്ടത്. ഇത് റിപ്പോർട്ട് ചെയ്ത് അരനൂറ്റാണ്ട് കഴിഞ്ഞാണ് സിക്കാ വൈറസ് ബാധിച്ച 13 പേരുടെ റിപ്പോർട്ട് ലഭിച്ചത്. ഈ വൈറസിനെ കുറിച്ച് കാര്യമായ ഗവേഷണമൊന്നും വന്നില്ല. ഫ്ളാവി വൈറസ് കുടുംബത്തിലെ മറ്റു വൈറസുകൾ അതായത് മഞ്ഞപ്പനി, ഡെങ്കിപ്പനി മുതലായവ വെച്ച് രോഗികൾക്ക് വളരെയധികം വിഷമതകൾ ഉണ്ടായി.

2007ൽ ഫെഡറേറ്റഡ് സ്റ്റേറ്റ്സ് ഓഫ് മൈക്രോനേഷ്യയിലെ, യാപ്പ് എന്ന സം സ്ഥാനത്ത് സിക്കാ വൈറസ് രോഗങ്ങൾ പൊട്ടി പുറപ്പെട്ടു. ജനതയിൽ 75% പേരിലും മേൽ കാണുന്ന ലക്ഷണങ്ങൾ കാണപ്പെട്ടു. അന്ന് മുതൽ കൂടുതലായി രോഗബാധ കാണുകയും ഫ്രഞ്ച് പോളിനേഷ്യയിലും (2013, 2014), കൂക്ക് ദ്വീപുകൾ, ഈസ്റ്റ് ദ്വീപുകൾ, ന്യൂ കാലിഡോണിയ, എന്നിവിടങ്ങളിൽ പകരുകയും ചെയ്തു. അവ കൂടാതെ സമോവ, അമേരിക്കൻ സമോവ എന്നിവിടങ്ങളിൽ രോഗബാധ കണ്ടെത്തുകയും ചെയ്തു. ഒറ്റപ്പെട്ട റിപ്പോർട്ടുകൾ തായ്‌ലന്റ് കംബോഡിയ, ഫിലിപ്പൈൻസ്, ഇസ്റ്റ് മലേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ നിന്ന് വന്നു. ഇതൊക്കെ സംഭവിച്ചിട്ടും ഈ വൈറസിനെ കുറിച്ച് കൂടുതൽ ശ്രദ്ധയുണ്ടായില്ല. ഈ ബാധയുണ്ടായ മിക്ക വ്യക്തികളിലും നല്ല നിലയിലുള്ള മുന്നറിയിപ്പ് ഉണ്ടായതിനാൽ വളരെ കുറച്ച് അസുഖമേ ഉണ്ടായിരുന്നുള്ളൂ. 2015 മാർച്ചിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്നാണ് ഈ രോഗം ബ്രസീലിൽ പൊട്ടിപുറപ്പെട്ടത്. അത് പിന്നീട് സിക്കാ ആണെന്ന് സ്ഥിരീകരിക്കപ്പെടുകയും ചെയ്തു. പത്ത് മാസത്തിനുള്ളിൽ അതായത് 2015 ഡിസംബറിൽ സിക്കാ ഏകദേശം 1.30 ദശലക്ഷം ജനങ്ങളെ ബാധിച്ചു. ബ്രസീലിലെ ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കാണിത്. 2016 മാർച്ച് ആവുമ്പോഴേക്കും അമേരിക്കയിലെ 33 പ്രദേശങ്ങളിൽ ഈ രോഗം ബാധിച്ചു. സിക്കാ മുഖാന്തിരമുള്ള രോഗത്തിന് സൂചനയില്ലാത്തതും മരണ കാരണമല്ലാത്തതും കാരണം ദശലക്ഷക്കണക്കിന് ആളുകളെ ബാധിച്ചിട്ടും അത് അവഗണിക്കപ്പെട്ടു പോന്നു.

## സിക്കാ: രോഗസൂചനയും മരണ സാദ്ധ്യതയും

രോഗം ഇപ്പോഴും നിലവിലുണ്ടെങ്കിലും മൈക്രോ സെഫാലി (Microcephaly) എന്ന അവസഥയിൽ ജനിക്കുന്ന ശിശുക്കളുടെ എണ്ണം കൂടി വരികയാണെന്ന് ഡോക്ടർമാർ പറയുന്നു. ഈ അവസ്ഥയിൽ ജനിക്കുന്ന ശിശുക്കളുടെ തലയുടെ വലിപ്പം സാധാരണ നാം കാണുന്ന ശിശുക്കളുടേതിനേക്കാൾ കുറവായിരിക്കും. ആൺ പെൺ ശിശുക്കളുടെ സാധാരണ വലിപ്പത്തേക്കാൾ കുറവായിരിക്കും. തലച്ചോറിന്റെ വികാസമനുസരിച്ചാണ് തലയുടെ വലിപ്പം കണക്കാക്കുന്നത്. ചെറിയ തലയിൽ തലച്ചോറിന്റെ വളർച്ച കുറഞ്ഞ തോതിലോ നിലച്ച നിലയിലോ ആയിരിക്കും. ഇത് പിന്നീടുള്ള ജീവിതത്തിൽ പഠന കാര്യത്തിലുള്ള കഴിവുകേട്, വളർച്ചയിലുള്ള മന്ദിപ്പ്, ഞരമ്പ് രോഗം മുഖേനയുള്ള പ്രശ്നങ്ങൾ, നടക്കാനും തിന്നാനുമുള്ള പ്രയാസം എന്നിവയുണ്ടാകുന്നു. ഈ പ്രശ്നങ്ങൾ ജീവിത കാലം മുഴുവൻ ഉണ്ടാകുന്നു. വളരെ കഠിനമാവുമ്പോൾ മരണവും സംഭവിച്ചേക്കാം.

2016 ഫെബ്രുവരിയിൽ മൈക്രോ സെഫാലി അവസ്ഥയിൽ ജനിച്ച ശിശുക്കളുടെ എണ്ണം 4700 ആയി. ഇതിന്റെ പ്രാധാന്യം പ്രകടമായി തീരുന്നതിന് മുമ്പ് ഇത്തരം ശിശുക്കളുടെ എണ്ണം വർഷത്തിൽ 200 എന്ന നിരക്കിലാണ് എന്ന് പരിഗണിക്കുമ്പോഴാണ്. ഇത് കൂടാതെ മൈക്രോസെഫാലി പ്രത്യക്ഷപ്പെടുന്നത് ഭൂമിശാസ്ത്ര പരമായി കൂട്ടമായിട്ടാണ്.

ഭൂമിശാസ്ത്രപരമായ പ്രദേശങ്ങളിലാണ് സിക്കാ പൊട്ടിപുറപ്പെടുന്നതിനെക്കുറിച്ച് കൂടുതൽ വിഷമത്തിന് കാരണമാവുന്നു. അതിന്റെ ഫലമായി 2016 ഫെബ്രുവരി 1-നു ലോകാരോഗ്യ സംഘടനയുടെ (WHO) അന്തർദേശീയ ആരോഗ്യ ക്രമീകരണ അടിയന്തിരാവസഥ കമ്മിറ്റി പ്രഖ്യാപിച്ചത്. പൊതു ജനാരോഗ്യ അടിയന്തരാവസ്ഥ ഇന്റർനാഷനൽ ആശങ്കയായിട്ടാണ്. (PHEIC) പിന്നെ ശാസ്ത്രജ്ഞന്മാർ ഫ്രഞ്ച് പോളിനേഷ്യയിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ മൈക്രോസെഫാലി എണ്ണം കൂടി വരുന്നതായി കണ്ടെത്തി.

പക്ഷേ സിക്കായും മൈക്രോസെഫാലിയും തമ്മിലുള്ള ബന്ധം വെറും പാരസ്പരികമായിരിക്കാനല്ലാതെ കാരണ ഭൂതമായിരിക്കാനല്ലേ സാദ്ധ്യത?. സിക്കാ ബാധിക്കാൻ കാരണമായ മൈക്രോ സെഫാലിയുമായുള്ള ശരിയായ മെക്കാനിസം അറിയപ്പെട്ടിട്ടില്ലെങ്കിലും അതിന് കാരണ ഭൂതമായ ബന്ധമാണ് സിക്കാ മൈക്രോസെഫാലിയും സിക്കായും തമ്മിലുള്ളതെന്നതിന് അനുകൂലമായ പ്രധാനപ്പെട്ട തെളിവുകളുണ്ട്. ഒന്നാമത്തേത് ജന്തുശാസ്ത്രപരമായ വിശ്വാസ്യതയാണ്. ചുണ്ടെലികളിൽ ഉദരപേശികളുടെ ചർമങ്ങളിൽ സിക്കാ കുത്തിവെച്ചപ്പോൾ രോഗത്തിന്റെ ലക്ഷണങ്ങളൊന്നും കണ്ടില്ല. എന്നാൽ ചുണ്ടെലികളുടെ മസ്തിഷ്ക്കത്തിന്റെ ഒരു ഭാഗം സെറിബ്രത്തിൽ കുത്തിവെച്ചപ്പോൾ മുമ്പ് വിവരിച്ച പ്രകാരമുള്ള രോഗം അവയിൽ കണ്ടെത്തി. ഇത് നമ്മോട് നിർദേശിക്കുന്നതെന്തെന്നാൽ സിക്കാ വൈറസിന് തലച്ചോറിലെ കോശങ്ങളുമായി ബന്ധമുണ്ടെന്നും മൈക്രോസെഫാലി എന്ന അവസഥക്ക് കാരണമാവാമെന്നുമാണ്. അതിലുപരി സിക്കാ രേഖാമൂലം തെളിയിക്കപ്പെട്ട അമ്മമാരിൽ ജനിക്കുന്ന ശിശുക്കളിൽ മൈക്രോസെഫാലി എന്ന അവസ്ഥയുണ്ടെന്നുമാണ്. അതുകൂടാതെ സിക്കാ രോഗം ബാധിച്ച ഗർഭിണികളായ മാതാക്കളുടെ ഗർഭപാത്ര ഭിത്തിയിൽ നിന്നുള്ള ദ്രാവകം വേർപെടുത്തിയപ്പോഴും മൈക്രോസെഫാലി ബാധിച്ച ശിശുക്കളുടെ തലച്ചോറിൽ നിന്നും സിക്കാ വൈറസ് വേർതിരിച്ചെടുക്കപ്പെട്ടിട്ടുണ്ട്. ജന്മസിദ്ധമായ സിക്കാ ബാധ മൈക്രോസെഫാലി അവസ്ഥക്ക് കാരണമാവുക മാത്രമല്ല കണ്ണിന്റെ സ്പെക്ട്രത്തിൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

അന്തിമമായി സിക്കാ ബാധയും ഞരമ്പുരോഗപരമായ അവസ്ഥയുടെ വികസനവും തമ്മിൽ ഒരു ബന്ധവുമുണ്ട്. ഗ്യുല്ലൻ ബറോം സിൻഡ്രോം (GBS) എന്നാണ് ഇത് അറിയപ്പെടുന്നത്. അതിന്റെ ഫലമായുണ്ടാകുന്ന പക്ഷാഘാതം കാലിന്റെ ഞരമ്പുകളിൽ നിന്നാരംഭിച്ച്. ശ്വാസോച്ഛ്വാസ പേശിവരെ എത്തുന്നു. ഇതിന് വെന്റിലേറ്ററിന്റെ സഹായമില്ലെങ്കിൽ മരണത്തിനിടയാകുന്നു. ഫ്രഞ്ച് പോളിനേഷ്യയിൽ സിക്കാ പൊട്ടിപുറപ്പെട്ടപ്പോൾ 2800 ജനങ്ങൾക്കിടയിൽ 28 പേർക്ക് GBS ബാധിച്ചതായി കണ്ടെത്തി. അതായത് 10000 ആളുകളിൽ ഒരാൾക്ക്. അമേരിക്ക യിൽ ഉണ്ടായ രോഗബാധയുടെ നിരക്ക് വർഷത്തിൽ ഏകദേശം 1 ലക്ഷത്തിൽ 1 ആയിരുന്നു എന്നാണ് ഒരു പഠനം വ്യക്തമാക്കുന്നത്. സിക്കാ ബാധയും GBS ഉം വികസനവും തമ്മിൽ വളരെ ശക്തമായ ബന്ധമുണ്ടെന്നാണ്. ജനതയും GBS ബ്രസീലിലും ആളുകളും തമ്മിൽ കൊകോ 34 ഇരട്ടി കൂടുതലാവാൻ സാദ്ധ്യതയുണ്ട്. ആകസ്മികമായി ബ്രസീലിലും രോഗ നിരക്ക് വളരെ വർധിച്ചിട്ടുണ്ട്. ഈ വർധനവ് ഇപ്പോൾ നിലവിലുള്ള രോഗബാധയുമായി നേരിട്ട് ബന്ധമുണ്ട്.

### രോഗപകർച്ച

സുപ്രധാനമായ ഒരു കാര്യമെന്താണെന്നാൽ കൊതുകു കടി മുഖേന മാത്രമല്ല സിക്കാ പരക്കാനുള്ള വഴി എന്നതാണ്. ഗർഭിണിയായ മാതാവിൽനിന്ന് അവരുടെ ഗർഭസ്ഥ ശിശുവിലേക്ക് സിക്കാ പരക്കുന്നതിന്നാവശ്യമായ വളരെ സുപ്രധാനമായ തെളിവുകൾ ഉണ്ട്. ഇത് ശിശുക്കളിൽ ആന്റിപാർട്ട് മാറ്റങ്ങൾ അർട്രാ സൗണ്ട് പരിശോധന മുഖേന കണ്ടെത്താൻ കഴിയും. അതിലുപരിയായി സിക്കാ രോഗപകർച്ച ശിശു ജനന പ്രക്രിയകളിലും ലൈംഗിക സംഭോഗ വേളകളിലും ശാസ്ത്രീയമായി

സുപ്രധാനമായ ഒരു കാര്യ മെന്താണെന്നാൽ കൊതുകു കടി മുഖേന മാത്രമല്ല സിക്കാ പരക്കാനുള്ള വഴി എന്നതാണ്. ഗർഭിണിയായ മാതാവിൽനിന്ന് അവരുടെ ഗർഭസ്ഥ ശിശുവിലേക്ക് സിക്കാ പരക്കുന്നതിന്നാവശ്യമായ വളരെ സുപ്രധാനമായ തെളിവുകൾ ഉണ്ട്. ഇത് ശിശുക്കളിൽ ആന്റിപാർട്ട് മാറ്റങ്ങൾ അർട്രാ സൗണ്ട് പരിശോധന മുഖേന കണ്ടെത്താൻ കഴിയും. അതിലുപരിയായി സിക്കാ രോഗപകർച്ച ശിശു ജനന പ്രക്രിയകളിലും ലൈംഗിക സംഭോഗ വേളകളിലും ശാസ്ത്രീയമായി തെളിയിക്കാൻ സാധിക്കും.

എന്തുകൊണ്ടാണ് സിക്കാ ബാധിച്ചവരുടെ എണ്ണം കഴിഞ്ഞ പതിറ്റാണ്ടിൽ വർധിച്ചിരിക്കുന്നത് എന്ന് ചോദിച്ചാൽ ഉത്തരം അജ്ഞാതമാണ്. എന്നാൽ അതിന്റെ പാറ്റേൺ ഡെങ്കി പനി, ചിക്കുൻ ഗുനിയ തുടങ്ങിയ ആർബോ വൈറസുകളെ പ്പോലെ തന്നെയാണ്. അവ ബാധിച്ചവരുടെ എണ്ണം തെക്കെ അമേരിക്കയിൽ ഇയ്യിടെയായി വർധിച്ചിട്ടുണ്ട്. ഒരു സിദ്ധാ ന്തം ഇതാണ്. അതായത് എല്ലാ ജീവികളിലും പൊതുവിൽ വരുന്ന ജനിതക മാറ്റങ്ങൾ ഒരു തരത്തി ലുള്ള സിക്കാ ബാധയിലേക്ക് നയിക്കുന്നു. അത് പ്രത്യേകിച്ചും ഈ രോഗം പകരാൻ കാരണമാവു ന്നു.

തെളിയിക്കാൻ സാധിക്കും. ദൗർ ഭാഗ്യകരമെന്ന് പറയട്ടെ രോഗലക്ഷ ണങ്ങളുടെ വികസനത്തിന് ശേഷ മുള്ള സമയത്ത് ലൈംഗിക സംയോഗം വളരെ സുരക്ഷിതമാ ണെന്ന് പറയുന്നതെന്താണെന്ന് ഇപ്പോഴും അറിവായിട്ടില്ല. രോഗ ബാധക്ക് ശേഷം 6 ദിവസം കഴിഞ്ഞിട്ടും ശുക്ലത്തിൽ സിക്കാ കണ്ടെത്തിയിട്ടുണ്ട്. ഒരാളുടെ രക്തം മറ്റൊരാളിൽ നിവേശിപ്പി ക്കുന്നതോടെ രോഗ പകർച്ച നടക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടി ല്ലെങ്കിലും അതിനെ തടയാനുള്ള മുൻ കരുതൽ എടുത്തില്ലെങ്കിൽ അങ്ങനെ സംഭവിക്കാനിടയുണ്ട്. സിക്കാ മറ്റിനം ഫ്ളവി വൈറസു കളെ പ്പോലെ തന്നെ ദാനം ചെയ്യപ്പെട്ട രക്തത്തിൽ ഉയർന്ന തോതിൽ കണ്ടെത്തിയിട്ടുണ്ട്.

## ചികിത്സയും മുൻകരുതലുകളും

മിക്കവാറും എല്ലാ ഫ്ളാവി വൈറസ് ബാധകൾക്കുള്ള അതേ ചികിത്സ തന്നെയാണ് സിക്കാ രോഗത്തിനും നൽകേണ്ടത്. പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി യിരുന്നത് അനുകൂലമായ മാർഗ ങ്ങൾ അവലംബിക്കേണ്ടതിലായിരു ന്നു. എന്തായാലും ഈ രോഗം ചില പ്രത്യേക സാഹചര്യങ്ങളിലൊഴികെ രോഗബാധയിലും മരണത്തിലും പരിമിതമായിരുന്നു. സിക്കാ ബാധയെ തടുക്കാൻ കുത്തിവെപ്പ് നിലവിലില്ല. പെരുമാറ്റങ്ങളിൽ മാറ്റുക എന്നത് മാത്രമാണ് സിക്കാ ബാധക്ക് മുൻകരുതലുള്ള ഏക രോഗപ്രതിരോധ തന്ത്രം. മേൽ പറഞ്ഞ രീതിയിൽ രോഗപകർച്ച തടയുന്നതിന് മാർഗരേഖ പ്രകാരം ലൈംഗിക ബന്ധങ്ങളിൽ നിന്ന് മാറിനിൽക്കുക. വ്യക്തികളുടെ ശുക്ലവും രക്തദാനവും പരിശോധ നക്ക് വിധേയമാക്കുക. കൊതുകു നിവാരണ രീതികളും മറ്റു അർബോ വൈറസുകളെപ്പോലെത്തന്നെയാണ്. ഇവയാണ് സിക്കാ ബാധക്കുള്ള മുഖ്യമായ മുൻ കരുതലുകൾ. പക്ഷേ അവയൊന്നും തികച്ചും ഫലപ്രദമല്ല. അതിന് കാരണം ഫലപ്രദമല്ലാത്ത രീതികൾ അവ ലംബിക്കുന്നതാണ്. ഏറ്റവും നല്ല സമീപനം എല്ലാ വിധത്തിലുള്ള രോഗ പകർച്ചയേയും തടയുക എന്നതാണ്. ചെറിയ നേട്ടങ്ങൾ വരെ ഇക്കാര്യത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കും.

## സിക്കായുടെ ഭാവി

എന്തുകൊണ്ടാണ് സിക്കാ ബാധിച്ചവരുടെ എണ്ണം കഴിഞ്ഞ പതിറ്റാണ്ടിൽ വർധിച്ചിരിക്കുന്നത് എന്ന് ചോദിച്ചാൽ ഉത്തരം അജ്ഞാതമാണ്. എന്നാൽ അതിന്റെ പാറ്റേൺ ഡെങ്കി പനി, ചിക്കുൻ ഗുനിയ തുടങ്ങിയ ആർബോ വൈറസുകളെപ്പോലെ തന്നെയാണ്. അവ ബാധിച്ചവരുടെ എണ്ണം തെക്കെ അമേരിക്കയിൽ ഇയ്യിടെ യായി വർധിച്ചിട്ടുണ്ട്. ഒരു സിദ്ധാ ന്തം ഇതാണ്. അതായത് എല്ലാ ജീവികളിലും പൊതുവിൽ വരുന്ന ജനിതക മാറ്റങ്ങൾ ഒരു തരത്തി ലുള്ള സിക്കാ ബാധയിലേക്ക് നയിക്കുന്നു. അത് പ്രത്യേകിച്ചും ഈ രോഗം പകരാൻ കാരണമാവു ന്നു. ഇതിന്റെ അർഥം നമുക്ക് അതിന്റെ എണ്ണത്തിന്റെ വർധനവ് (മൈക്രോസെഫാലി) പ്രതീക്ഷിക്കാ മെന്നാണ്. അതുപോലെ തന്നെയാ ണ് GBS വൈറസുകളും. അതിനാൽ ഇപ്പോൾ നാം കേന്ദ്രീകരിക്കേണ്ടത് ഗവേഷണത്തിനുള്ള വിടവ് നികത്തുകയെന്നതാണ്. അടക്കേണ്ട ഒരു വിടവ് ഇപ്പോൾ മഞ്ഞ പനിക്ക് നാം കണ്ടെത്തിയത് പോലെ ഒരു വാക്സിൻ ഉടൻ വികസിപ്പിച്ചെടു ക്കുക എന്നതാണ്. സിക്കാ നമ്മുടെ സജീവ നിരീക്ഷണത്തിലാണ് എന്ന കാര്യം തീർച്ചയാണ്. Review of Religion, June 2017



# രാഷ്ട്രപതി രാംനാഥ് കോവിന്ദ്

## മുസാഫിർ




രാഷ്ട്രപതി പദം ഏൽക്കുന്ന ശ്രീ. രാംനാഥ് കോവിന്ദിന്ന് ബഹു: സുപ്രിം കോടതി ചീഫ് ജസ്റ്റീസ് സത്യ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

ഭാരതത്തിന്റെ പതിനാലാമത് രാഷ്ട്രപതിയായി അധികാരമേറ്റ രാംനാഥ് കോവിന്ദിന് എല്ലാ ആയുരാരോഗ്യങ്ങളും ആശംസിക്കുകയും ഭാരത ജനത അദ്ദേഹത്തിൽ അർപ്പിച്ച വിശ്വാസം പൂർണതോതിൽ നിറവേറ്റപ്പെടാൻ ദൈവം തുണക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു. ഉത്തർ പ്രദേശിലെ കാൺപൂർ ജില്ലയിലെ ഒരു കുഗ്രാമത്തിൽ ദലിത് വിഭാഗത്തിൽ ജനിച്ച രാംനാഥ് കോവിന്ദ് ഇന്ത്യാ റിപ്പബ്ലിക്കിന്റെ പരമോന്നത പദവിയായ രാഷ്ട്രപതി പദത്തിലെത്തുന്നത് നമ്മുടെ ജനാധിപത്യ സംവിധാനത്തിലെ അവസര സമത്വത്തിന്റെ കൂടി ഉദാഹരണമായി കാണാം. ആ പദവിയിലെത്തുന്ന രണ്ടാമത്തെയാളാണ് കോവിന്ദ്. ആദ്യത്തെയാൾ കേരളത്തിൽ നിന്നുള്ള ബഹു: കെ. ആർ നാരായണനായിരുന്നു. *'ഞാൻ ഒരിക്കലും ഈ പദവി സ്വപ്നം കണ്ടിരുന്നില്ല. അത് എന്റെ ലക്ഷ്യവുമായിരുന്നില്ല. സത്യസന്ധതയോടെയും ആത്മാർഥതയോടെയും തങ്ങളുടെ കടമ നിർവഹിക്കുന്ന എല്ലാവർക്കുമുള്ള സന്ദേശമാണ് എന്റെ തിരഞ്ഞെടുപ്പ്'* എന്നാണ് തിരഞ്ഞെടുപ്പ് കഴിഞ്ഞതിന് ശേഷം രാഷ്ട്രപതി എന്ന നിലയിൽ രാംനാഥ് കോവിന്ദ് ജനങ്ങൾക്ക് നൽകിയ ആദ്യ സന്ദേശത്തിൽ പറഞ്ഞത്.

രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ സർവസമ്മതനായ ഒരു പൊതുസ്ഥാനാർഥിയെ കണ്ടെത്തി ആ മഹനീയ സ്ഥാനത്ത് അവരോധിക്കുകയായിരുന്നു ജനാധിപത്യത്തിന്റെ ഉത്തമ താൽപര്യത്തിന് കരണീയമായിട്ടുള്ളത്. ആ വഴിക്ക് ശ്രമങ്ങളുണ്ടായിട്ടും ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ സമവായം ഉണ്ടായില്ലെന്നു മാത്രമല്ല, ഭരണഘടനാ പരമായി ഏറ്റവും സമുന്നത പദവിയായ രാഷ്ട്രപതി സ്ഥാനത്തേക്കുള്ള ഈ മത്സരം ഒരു ജാതിപ്പോരായി മാറുകയും ചെയ്തു. കോൺഗ്രസ്സിന്റെ സ്ഥാനാർഥിയായി മത്സരിച്ചത് പ്രഗല്ഭനായ കോൺഗ്രസ്സ് നേതാവും ദലിതനുമായ ജഗ്ജീവൻ റാമിന്റെ പുത്രിയും മുൻ ലോക് സഭാ സ്പീക്കറുമായിരുന്ന ബഹു: ശ്രീമതി മീരാകുമാർ ആയിരുന്നു. പാർലമെന്റിൽ വൻ ഭൂരിപക്ഷവും സംസ്ഥാന നിയമസഭകളിൽ ആധിപത്യവുമുള്ള ബി ജെ പി നോമിനിക്ക് തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും ഒഡിഷ്യയിൽ നിന്നുമുള്ള ബിജെപി ഇതര കക്ഷികളുടെ പിന്തുണയും ലഭിച്ചിരുന്നു. മാത്രമല്ല ബി ജെ പി

ക്കെതിരെ നിന്നിരുന്ന പ്രതിപക്ഷ നിരയുടെ സഖ്യമായ മഹാഘട്ബന്ധന്റെ മുഖ്യ സംഘാടകനും ബീഹാർ മുഖ്യമന്ത്രിയുമായിരുന്ന നിതീഷ്കുമാർ അവസാനം കളം മാറിച്ചവിട്ടി ബി ജെ പി ക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതോടെ കോവിന്ദിന്റെ വിജയം ഉറപ്പായിരുന്നു. ആകെ പോൾ ചെയ്ത വോട്ടിന്റെ 65.6 ശതമാനം കോവിന്ദിനും 34 ശതമാനം എതിർ സ്ഥാനാർഥിയായ മീരാകുമാറിനും ലഭിച്ചു. എം പിമാരും എം എൽ എ മാരും അടക്കം മൊത്തം 4851 വോട്ടുകളാണുള്ളത്. അതിന്റെ വോട്ട് മൂല്യം 1090300 ആണ്. എം പിമാരും എം എൽ എ മാരും വോട്ട് ചെയ്തപ്പോൾ 77 വോട്ടുകൾ അസാധുവായി. അതിൽ 21 വോട്ട് പാർലമെന്റംഗങ്ങളുടേതാണ്. ഇതിൽ നിന്ന് നമ്മുടെ എം പി മാരുടെയും എം എൽ എ മാരുടെയും നിലവാരം എത്രയുണ്ടെന്ന് ഊഹിക്കാമല്ലോ. സാധുവായ 4774 വോട്ടിൽ കോവിന്ദിന് 2930ഉം (വോട്ട് മൂല്യം 702044) ശ്രീമതി മീരാകുമാറിന് 1844ഉം (വോട്ട് മൂല്യം 367314) ലഭിച്ചു. ബി ജെ പി ക്കെതിരെ മതേതര സഖ്യത്തിന്റെ ഐക്യമില്ലായ്മയും തന്ത്രങ്ങൾ പയറ്റുന്നതിൽ ഉണ്ടായ ദയനീയ പരാജയവും വളരെ പ്രകടമാണ്. പ്രതിപക്ഷത്തി ന്റെ മതേതര രംഗത്തുള്ള സ്വാർഥതൽപരരായ നേതാക്കന്മാരുടെ അധികാര മോഹവും ആദർശബോധമില്ലായ്മയും ധനമോഹവും ഈ രാജ്യത്തിന്റെ സെക്കുലർ ജനാധിപത്യത്തിന്റെ ഭാവിയെയാണ് അപകടപ്പെടുത്തുന്നത്.

ദലിതനായിട്ടും സംഘ്പരിവാർ പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച് വിശ്വസിക്കുന്നയാളാണ് കോവിന്ദ്. പാർലമെന്റ് പാസ്സാക്കുന്ന ബില്ലുകൾ ഒപ്പിടാനായി രാഷ്ട്രപതി ഭവനിലേക്കയച്ചാൽ യാതൊരു ചോദ്യം ചെയ്യലുമില്ലാതെ അതിൽ രാഷ്ട്രപതി തുല്യം ചാർത്തുമെന്ന് ബി ജെ പിക്ക് ഉറപ്പിക്കാം. പല പുതിയ നയങ്ങളും നിയമങ്ങളും ഹിന്ദുത്വ അജണ്ടയും നടപ്പാക്കാഗ്രഹിക്കുന്ന ബി ജെ പിക്ക് രാഷ്ട്രപതി സ്ഥാനത്ത് നിന്ന് ഇനി യാതൊരു തടസ്സവുമുണ്ടാകില്ല എന്നത് ഏറ്റവും അനുകൂലമായ ഘടകമാണ്. നാലു വർഷക്കാലം ബി ജെ പി ദലിത് മോർച്ചയുടെ അദ്ധ്യക്ഷനായിരുന്ന കോവിന്ദ് രണ്ട് തവണ ബി ജെ പി രാജ്യസഭാംഗവും രണ്ട് വർഷമായി ബീഹാർ ഗവർണറുമായിരുന്നു. 2002 ഒക്ടോബറിൽ ഐക്യ രാഷ്ട്ര സഭയിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത് ഇദ്ദേഹമായിരുന്നു. രാജ്യസഭാ കാലഘട്ടത്തിൽ ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് വളരെയേറെ ഊന്നൽ നൽകിയ പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ച്ച വെച്ചത്. അത് പോലെ പട്ടിക ജാതി പട്ടിക വർഗ വികസനത്തിന് വേണ്ടി ഒരുപാട് പാർലമെന്ററി കമ്മിറ്റികളിൽ അദ്ദേഹം സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. ഇതിന് മുമ്പ് നമ്മുടെ ഭരണഘടനയുടെ ഔചിത്യത്തിന് ചേരാത്ത ചില പ്രസ്താവനകൾ നടത്തിയതിന് മാധ്യമങ്ങൾ അദ്ദേഹത്തെ വിമർശിച്ചിട്ടുണ്ട്. ഇസ്‌ലാമും ക്രിസ്തുമതവും ദേശത്തിന് അന്യമായ മതങ്ങളാണ് എന്നതായിരുന്നു അദ്ദേഹത്തിന്റെ അന്നത്തെ പരാമർശം. രാഷ്ട്രപതിയായതിന് ശേഷം രാജ്യത്തെ ഭരണ ഘടനയുടെ പരമോന്നത കാവൽക്കാരനാണ് അദ്ദേഹം. ഭരണഘടനയുടെ സെക്കുലർ സ്പിരിറ്റിനേയും ബഹുസ്വരതയേയും ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ അദ്ദേഹത്തിൽ നിന്ന് ഉണ്ടാവട്ടെ എന്ന് തീർച്ചയായും നമുക്ക് പ്രത്യാശിക്കാം.

വളരെ ദരിദ്ര സാഹചര്യത്തിൽ ജനിച്ച രാംനാഥ് കോവിന്ദ് ഇന്ത്യയിലെ ദരിദ്ര കോടികളുടെ പ്രതിനിധിയാണ് എന്ന കാര്യത്തിൽ സംശയമില്ല. കോവിന്ദിന് അഞ്ച് വയസ്സുള്ളപ്പോൾ അടുപ്പിൽ നിന്ന് തീപ്പിടിച്ചാണ് അമ്മ മരിച്ചത്. പിന്നീട് അച്ഛന്റെ തുച്ഛമായ വരുമാനത്തിൽ ഒമ്പത് മക്കളിൽ അവസാനത്തെ ആളായിട്ടായിരുന്നു അദ്ദേഹം വളർന്നത്. മൂന്ന് തവണ സിവിൽ സർവീസ് പരീക്ഷ എഴുതിയാണ് അദ്ദേഹം ജയിച്ചത്. പക്ഷേ അദ്ദേഹം സർവീസിൽ പ്രവേശിച്ചില്ല. നിയമ ബിരുദം നേടിയ കോവിന്ദ് ഡൽഹി ഹൈക്കോടതിയിലും സുപ്രീം കോടതിയിലും അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുകയും 1977 ൽ പ്രധാനമന്ത്രി മൊറാർജി ദേശായിയുടെ പേഴ്സണൽ അസിസ്റ്റന്റായി ജോലിചെയ്യുകയും ചെയ്തു. 1991ൽ ബി ജെ പിയിൽ അംഗമായി ചേർന്ന കോവിന്ദ് രണ്ട് തവണ യുപിയിൽ നിന്ന് മത്സരിച്ച് പരാജയപ്പെട്ടിട്ടുണ്ട്. രാഷ്ട്രപതിയായി തിരഞ്ഞെടുത്തതിന് ശേഷം മഴ പെയ്തുകൊണ്ടിരിക്കുന്ന സമയത്ത്, അദ്ദേഹം നടത്തിയ ആദ്യ പ്രതികരണത്തിൽ വൈക്കോലും ചളിയും കൊണ്ട് നിർമിച്ച തന്റെ ബാല്യകാലത്തെ കുടിലിനെ ഓർത്തുകൊണ്ട് പറഞ്ഞു. *'രാജ്യത്തെമ്പാടും ഇപ്പോൾ ഒരു പാട് കോവിന്ദന്മാരുണ്ടാകും. അന്തിപ്പട്ടിണിമാറ്റാൻ മഴയത്ത് നനഞ്ഞ് കുതിർന്നുകൊണ്ട് അവർ പാടത്തും മറ്റിടങ്ങളിലും വിവിധ ജോലികളിൽ ഏർപ്പെട്ട് വിയർപ്പൊഴുക്കുന്നുണ്ടാവും. അവരോടെനിക്ക് പറയാനുള്ളത് പരോങ്ക് ഗ്രാമത്തിലെ ഈ രാംനാഥ് കോവിന്ദ് അവരുടെ പ്രതിനിധി ആയിക്കൊണ്ടാണ് ഇന്ന് രാഷ്ട്രപതി ഭവനിലേക്ക് പോകുന്നത് എന്നാണ്.'* ദരിദ്രകോടികൾ വസിക്കുന്ന ഈ രാജ്യത്തിന്റെ പരമോന്നത അധികാര പീഠത്തിലിരിക്കുന്ന ആദ്യദിവസങ്ങളിൽ അന്തിപ്പട്ടിണിക്കാരായ തന്റെ സഹജീവികളെ അലങ്കാര വാക്കുകളൊന്നുമില്ലാതെ ഓർത്ത നമ്മുടെ രാഷ്ട്രപതിയെ, ഈ മഹത്തായ രാജ്യം സഹസ്രാബ്ദങ്ങളായി സൂക്ഷിക്കുന്ന ജനാധിപത്യ സാമൂഹിക മൂല്യങ്ങളും സൗഹൃദങ്ങളും പരിരക്ഷിക്കാൻ ദൈവം തുണക്കുമാറാകട്ടെ.

# ഡോ. ബി അബ്ദുല്ലാ സാഹിബ്



കണ്ണൂർ ടൗൺ ജമാഅത്ത് അംഗം ഡോ. ബി അബ്ദുല്ലാ സാഹിബ് (86) നിര്യാതനായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പഴങ്ങാടി ബായന്റകത്ത് കുടുബാംഗമാണ്. ബി അബ്ദുർ റഹീം സാഹിബാണ് (പഴയങ്ങാടി) പിതാവ്. മൗലാനാ ബി. അബ്ദുല്ലാ സാഹിബിന്റെ (വലിയ മൗലവി സാഹിബ്) പുത്രി കെ. പി. റശീദാ സാഹിബയാണ് ഭാര്യ. പരേതൻ മൗലാനാ ബി. അബ്ദുല്ലാ സാഹിബിന്റെ സഹോദര പുത്രൻ കൂടിയാണ്. 1950കളിൽ വൈദ്യ ബിരുദം പൂർത്തിയാക്കിയ ഡോ.അബ്ദുല്ലാ സാഹിബ് കേരളത്തിലെ ആദ്യ അഹ്മദി ഡോക്ടർ കൂടിയാണ്. 1960 കളുടെ തുടക്കത്തിൽ സഊദി അറേബ്യയിലേക്ക് പോയ ഡോക്ടർ സാഹിബ് മൂന്ന് പതിറ്റാണ്ട് കാലം ഗൾഫ് പ്രവാസിയായിരുന്നു. ഇംഗ്ലണ്ടിൽ നിന്ന് ഉപരിപഠനം പൂർത്തിയാക്കിയ അദ്ദേഹം മലബാറിലെ ആദ്യത്തെ ഗൈനക്കോളജിസ്റ്റുകളിൽ ഒരാളാണ്. കണ്ണൂർ ടൗൺ ജമാഅത്തിന്റെ രൂപീകരണത്തിന് ശേഷം വൈസ് പ്രസിഡന്റും കമ്മിറ്റിയംഗവുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**മക്കൾ:**– സാജിത ശരീഫ് സാഹിബ (കരുനാഗപ്പള്ളി), ഡോ. നസീം അഹ്മദ് സാഹിബ് (ദുബായ്), സാബിറാ സഫർ സാഹിബ (കണ്ണൂർ).

**ജാമാതാക്കൾ:**– ഡോ. ശരീഫ് അഹ്മദ് സാഹിബ്, റഹ്ന നസീം സാഹിബ, സഫർ അഹ്മദ് സാഹിബ് (ഒമാൻ). **സഹോദരന്മാർ:**– ബി. ഹമീദ് സാഹിബ് (കണ്ണൂർ), കരുനാഗപ്പള്ളി മുൻ അമീർ ബി. അബ്ദുൾ ജലീൽ സാഹിബ്, ഡോ. മുബാറക്കാ ബീവി സാഹിബ (പഴയങ്ങാടി), മുനീറ സലാം സാഹിബ (കണ്ണൂർ), ഡോ. അബ്ദുൽ ലത്തീഫ് സാഹിബ് (ദുബായി), മർഹൂം ബി. അഹ്മദ് സാഹിബ്.

പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**–ഡോ. ഫുആദ് കരുനാഗപ്പള്ളി**

# നൂറുൽ അമീൻ സാഹിബ്



അഹ്മദിയ്യാ ജമാഅത്ത് കോയമ്പത്തൂർ അമീർ ജനാബ് നുറുൽ അമീൻ സാഹിബ് (66) 19–6 2017ന് നിര്യാതനായി. ഇന്നാലില്ലാ....

1978 ലാണ് കേരളത്തിൽ നിന്ന് ജമാഅത്തിനെക്കുറിച്ചറിഞ്ഞ അദ്ദേഹം ബൈഅത്ത് ചെയ്തത്. അത്കൊണ്ട് കേരളവുമായി ഒരു ആത്മ ബന്ധം അദ്ദേഹം എപ്പോഴും സൂക്ഷിച്ചിരുന്നു. 1982 മുതൽ 2017 വരെ 32 വർഷം കോയമ്പത്തുർ ജമാഅത്തിന്റെ പ്രസിഡന്റായിരുന്നു അദ്ദേഹം. 1982 വരെ അദ്ദേഹത്തിന്റെ ഭവനത്തിലായിരുന്നു ജുമുഅ നമസ്ക്കാരവും മറ്റു പരിപാടികളും നടത്തിയിരുന്നത്. അങ്ങേയറ്റം ഉദാരമതിയും സൗമ്യ പ്രകൃതക്കാരനുമായ നൂറുൽ അമീൻ സാഹിബ് ഹൃദ്യനായ അതിഥി സൽക്കാര പ്രിയനുമായിരുന്നു. പ്രതിയോഗികളുമായി 72 മണിക്കൂർ നേരംനടന്ന 1994 ലെ മുനാസറ (സംവാദം)ക്ക് നേതൃത്വം നൽകിയത് നൂറുൽ അമീൻ സാഹിബ് ആയിരുന്നു. കോയമ്പത്തൂരിനടുത്തുള്ള തിരുപ്പൂർ സുലോർ ജമാഅത്ത് രൂപീകരണത്തിനും ജമാഅത്തിന്റെ വൻ പുരോഗതിക്കും ഈ സംവാദം കാരണമായി.

അദ്ദേഹത്തിന് ഭാര്യയും മൂന്ന് ആൺ മക്കളുമാണുള്ളത്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ അദ്ദേഹത്തിന്റെ വിയോഗം മൂലം കുടുംബത്തിനും ജമാഅത്തിനുമുണ്ടായ നഷ്ടം അല്ലാഹു നികത്തിത്തരട്ടെ.

***– മുഹമ്മദ് ഉമർ, കോഴിക്കോട്***


# സി. ബർക്കത്തുല്ലാഹ് സാഹിബ്



കൂടാളി ജമാഅത്തിലെ ജനാബ് സി. ബർക്കത്തുല്ലാഹ് സാഹിബ് (85) ജൂലൈ 1 ന് വഫാത്തായിരിക്കുന്നു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 33 വർഷക്കാലം ജ മാഅത്തിന്റെ മാൽ സെക്രട്ടറിയായിരുന്നു. വളരെ സാത്വികമായ ജീവിതം നയിച്ച ബർക്കത്തുല്ലാഹ് സാഹിബ് വിശുദ്ധ ഖുർആനെ അഗാധമായി സ്നേഹിച്ച ഒരു വ്യക്തിയായിരുന്നു. ഹജ്ജ് കർമം നിർവഹിച്ച അദ്ദേഹം കൂടാളി ഹൈസ്കൂൾ പിടിഐ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിരുന്നു.

ജനാബ് യു. മൻസൂർ സാഹിബ് (നായിബ് സദർ അൻസാറുല്ലാഹ് ഭാരത്)ന്റെ സഹോദരി ത്വാഹിറാ സാഹിബയാണു ഭാര്യ. **മക്കൾ:**– യു. ഹഫിസ, യു. ഇനാമുല്ല (സദർ മജ്‌ലിസ് അൻസാറുല്ലാഹ്, ദമാം), സഹീറാ. **മരുമക്കൾ:** എ.പി അൻവർ അഹ്മദ്, ടി അബ്ദുശ്ശുക്കൂർ, റിഹാനാ ഇനാമുല്ല. ***–അമീർ, ജമാഅത്ത് അഹ്മദിയ്യാ, കൂടാളി.***

# ആസിഫ് അലി: കൊച്ചു ശാസ്ത്ര പ്രതിഭ



വാണിയമ്പലം ജമാഅത്തിലെ പി. അലവി ഹാജിയുടെയും ആയിശാ സാഹിബയുടെയും മകൻ പതിനാലുകാരനായ **ആസിഫ് അലി** സ്വന്തമായി ഒരു മൈക്രോസ്കോപ് വികസിപ്പിച്ചെടുത്ത് കൊണ്ട് തന്റെ ശാസ്ത്ര പ്രതിഭ തെളിയിച്ചിരിക്കുകയാണ്. അടക്കാകുണ്ട് ക്രസന്റ് ഹയർ സെക്കന്ററി സ്കൂളിൽ 9-ാം ക്ലാസ് വിദ്യാർഥി യാണ് ആസിഫലി. മൊബൈൽ ഫോൺ ക്യാമറയുടെ ലെൻസ്, എൽ ഇ ഡി ബൾബ് എന്നീ വസ്തുക്കൾ കൊണ്ട് ബുദ്ധിവൈഭവും ഭാവനാശേഷിയും കരവിരുതും ഉപയോഗിച്ചാണ് ആസിഫലി മൈക്രോസ്കോപ് നിർമിച്ചിരിക്കുന്നത്. തകിടുകൾ ചേർത്തു വെച്ചുണ്ടാക്കിയ ചെറിയ ഉപകരണത്തിന്റെ താഴെ ഗ്ലാസ് ഘടിപ്പിച്ചായിരുന്നു ആദ്യനിർമാണം. ഗ്ലാസിൽ നിന്ന് പ്രകാശം വേണ്ടവിധം പ്രതിഫലിച്ച് കാഴ്ച വസ്തു വ്യക്തമല്ലാത്തതിനാൽ ഗ്ലാസിന് പകരം എൽ ഇ ഡി ബൾബ് സ്ഥാപിക്കുകയായിരുന്നു. ഇതോടെ വസ്തുക്കൾ വ്യക്തമായി കാണാനായി. ഇലകളുടെ കോശങ്ങൾ വളരെ വലുതായി സഹപാഠികൾക്ക് കൂടി കാണുവാൻ ആസിഫലിയുടെ കണ്ടു പിടുത്തം സഹായകമായി. സഹപാഠികൾ ആസിഫലിയുടെ കണ്ടു പിടുത്തം പ്രയോജനപ്പെടുത്തുന്നുണ്ട്. സ്കൂളിലെ അദ്ധ്യാപകർ ആസിഫലിക്ക് സർവവിധ പ്രോത്സാഹനവും നൽകുന്നു. മൈക്രോസ്കോപ് മാത്രമല്ല റോബോട്ട്, കാടുവെട്ട് യന്ത്രം എന്നീ ഉപകരണങ്ങളും ആസിഫലി വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രതിഭാശാലിയായ ഈ കൊച്ചു ശാസ്ത്ര പ്രതിഭക്ക് നോബൽ സമ്മാന ജേതാവ് പ്രൊഫസർ അബ്ദുസ്സലാമിനെ പ്പോലെ ശാസ്ത്രത്തിന്റെ പുതിയ ചക്രവാളങ്ങൾ കീഴടക്കുവാൻ സാധിക്കുമാറാകട്ടെ.



കോഴിക്കോട് കോർപറേഷന്റെ ക്ലീൻസിറ്റി പ്രോഗ്രാമിൽ പങ്കെടുത്ത കോഴിക്കോട്, മാത്തോട്ടം ജമാഅത്തംഗങ്ങൾ.



മജ്‌ലിസ് അൻസാറുല്ലാ എറണാകുളം ജില്ലയുടെ നേതൃത്വത്തിൽ കാക്കനാട് ആശാഭവനിലെ അന്തേവാസികൾക്ക് വസ്ത്രങ്ങൾ വിതരണം ചെയ്യുന്നു. ജില്ലാ നാസിം ടി.കെ. അബൂബക്കർ സാഹിബ് സമീപം. എറണാകുളം മജ്‌ലിസിന്റെ നേതൃത്വത്തിൽ ഉച്ച ഭക്ഷണവും നൽകുകയുണ്ടായി.

www.alislam.org

Published on 7.08. 2017
Pages 44
Vol: 89 Issue. 8
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly



INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

1800 425 2020 Toll Free (9 am to 9 pm)